2009 ജനുവരി– ഫെബ്രുവരി
1184 മകരം–കുംഭം
1430 മുഹററം–സഫർ
1387 സുൽഹ് – തബ്‌ലീഗ്
പുസ്തകം 9 ലക്കം 1

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വി ഷ യ വി വ രം

ആമുഖം
അതിക്രമം അല്ലാഹു പൊറുക്കുകയില്ല 4

**യുഗനാദം**



അല്ലയോ ജയശാലീ, നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്കു മരണത്തിന്റെ പിടിയിൽനിന്നു രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്കു വെളിപ്പെടുത്തുന്നതിന്നും...... ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിന്നും കുററവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിന്നും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്.
വാഗ്ദത്ത പരിവർത്തനകാരി.................... 5

**വിശുദ്ധഖുർആൻ**

സൂറത്തുൽ ബഖറ. അർത്ഥം, വ്യാഖ്യാനം.................... 6

**ഖുത്ബ**

മുസ്‌ലിഹ് മൗഊദ്(റ) അല്ലാഹുവിന്റെ ഫയൽവാന്റെ പോരാളിയായ മകൻ..............
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്) 10

**ലേഖനം**

നമസ്കാരം .................... 15
എൻ.ഇ. ഹഖ്

അൽവസിയ്യത്ത്- നവലോക സാമ്പത്തികപദ്ധതി
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്. 22

മുസ്‌ലിഹ് മൗഊദ്(റ)ഉം തഹ്‌രീകെ ജദീദ് പദ്ധതിയും........................................ 24
എസ്.എം. ബശീറുദ്ദീൻ

മുസ്‌ലിഹ് മൗഊദ്(റ)- ഖുർആനിക മഹത്ത്വം സ്ഥാപിച്ച നേതാവ്.................... 26
ഇബ്നു മുഹമ്മദ്

ഖിലാഫത്തും അല്ലാഹുവിന്റെ വാഗ്ദാനങ്ങളും
കെ. അബ്ദുൽ അസീസ് 30

ധാർമ്മികതയും നീതിയും ഇസ്‌ലാമിന്റെ മുഖമുദ്ര
ഡോ. മുസഫ്ഫർ അഹ്മദ് 33

ഖിലാഫത്തെ റാശിദയുടെ ഉദയവും പുനരുദയവും.................... 36
യു. അബ്ദുൽ ഗഫൂർ

സീറത്തുന്നബിയോഗം- ചരിത്ര പശ്ചാത്തലം 39
നജ്മുദ്ദീൻ പള്ളുരുത്തി

*എഡിറ്റർ*
ശംസുദ്ദീൻ
*മാനേജർ:*
എം. മുഹമ്മദ് സലിം
For Private Circulation only

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by P.P. Nasirudheen for
Majlis Ansarullah at BRB Offset Printers & Publishers, Thavakkara, Kannur- 17.
Ph: 0497- 2761010, 2761020

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# അതിക്രമം അല്ലാഹു പൊറുക്കുകയില്ല

**ലോ**കവ്യാപകമായി മുസ്‌ലിം എന്ന വാക്ക് ഏറെ ചർച്ച ചെയ്യപ്പെടുകയാണിന്ന്. ഭൗതിക ശക്തികൾ ഇസ്‌ലാം എന്ന വാക്ക് ഓരോ ദിവസവും പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ അത് വിശുദ്ധഖുർആനും നബി (സ) തിരുമേനിയും വിഭാവനം ചെയ്ത രീതിയിലല്ലാ എന്നുമാത്രം. സമാധാനവും ശാന്തിയും പ്രദാനം ചെയ്ത് ലോക ജനതയുടെ മനസ്സുകളിൽ ഇടം കണ്ടെത്തുകയും അതുവഴി ചർച്ച ചെയ്യപ്പെടുകയും ചെയ്ത രീതിയിലല്ല ലോകം ഇന്ന് ഇസ്‌ലാമിനെ നോക്കിക്കാണുന്നത്. ദൗർഭാഗ്യവശാൽ അക്രമങ്ങളുടെയും ഭീതിയുടെയും പര്യായമായാണ് അല്ലാഹു തൃപ്തിപ്പെട്ട ഈ മതം വാർത്തകളിൽ ഇടം പിടിക്കുന്നത്. ഭീകരാക്രമങ്ങളും ചാവേറാക്രമങ്ങളും ഇന്ന് ഏറെയും അറിയപ്പെടുന്നത് ഇസ്‌ലാമിന്റെ പേരിലാണ്. ഇതൊക്കെ പാശ്ചാത്യ ശക്തികളുടെ സൃഷ്ടിയാണെന്ന് വാദിക്കുന്നെണ്ടെങ്കിലും, ഇസ്‌ലാമികം എന്നവകാശപ്പെടുന്ന പ്രസ്ഥാനങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇതിൽ പങ്കുണ്ട് എന്നതാണ് വസ്തുത.

ഇസ്‌ലാമിന്റെ പേരിൽ സ്ഥാപിക്കപ്പെട്ട, 'പരിശുദ്ധ നാട്' എന്നർത്ഥം വരുന്ന പാക്കിസ്ഥാന്റെ നിലപാടാണ് ഇന്ന് ഏറെ ചർച്ചക്ക് വിഷയമാകുന്നത്. തീവ്രവാദവും ഭീകരവാദവും ഏറെ തഴച്ചുവളരുന്ന, അല്ലെങ്കിൽ വളർത്തുന്ന ഒരു പ്രദേശമായി അതിന്ന് മാറിയിരിക്കുകയാണ്. ആ രാജ്യത്തിന്റെ അതിർത്തി മേഖലകൾ ഇത്തരത്തിലുള്ള തീവ്രവാദികളുടെ പിടിയിലാണിന്ന്. അവിടങ്ങളിൽ ആ രാജ്യത്തിന്റെ ഭരണഘടനപോലും പാലിക്കപ്പെടുന്നില്ല. തീവ്രവാദം വളർത്തുന്നവർ അവരുടെ സ്വന്തം ഭരണഘടനയാണ് അവിടെ നടപ്പാക്കുന്നത്. ഇസ്‌ലാമിക ഭരണമാണ് തങ്ങൾ നടപ്പാക്കുന്നതെന്നാണ് ഇവർ അവകാശപ്പെടുന്നത്. പക്ഷേ, ഇസ്‌ലാം മുന്നോട്ട് വെക്കാത്ത ശിക്ഷാരീതികളും നീതിയുമാണ് ഇവർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മറ്റുള്ളവരുടെയിടയിൽ ഇസ്‌ലാമിനെ ഇകഴ്ത്തിക്കാണിക്കാനേ ഇത് ഇടയാക്കുകയുള്ളൂ. ഇത്തരത്തിലുള്ളവരെ നിയന്ത്രിക്കുന്നതിനുപകരം അവിടുത്തെ ഭരണകൂടം വൃത്തികെട്ട കളികളാണ് അവിടെ കാഴ്ചവെക്കുന്നത്. അധികാരം എന്ന ചക്കരക്കുടത്തിൽ കയ്യിട്ടുവാരാനായി മത്സരിക്കുകയാണവർ. അധികാരത്തിലെത്താൻ അവർ ഈ ഇസ്‌ലാം വിരുദ്ധ ശക്തികളെ കൂട്ടുപിടിക്കുകയാണ്. ആ രാജ്യത്തെ നീതിപീഠവും ഈ തരംതാണ രാഷ്ട്രീയം തന്നെയാണ് കളിക്കുന്നത്. തന്റെ അധികാരം തിരികെ ലഭിക്കുന്നതിനുള്ള കളികൾ തന്നെയാണ് മുഖ്യ ന്യായാധിപനും കൂട്ടരും പയറ്റുന്നത്. നീതി നടപ്പാക്കാൻ അവർക്കും തീരെ താൽപര്യമില്ല. അതുകൊണ്ടാണല്ലോ അഹ്മദികളെ യാതൊരു നീതീകരണവുമില്ലാതെ പീഢിപ്പിക്കുമ്പോൾ അവരും പ്രതികരിക്കാത്തത്. നിരപരാധികളായ കുട്ടികളെ അറസ്റ്റ് ചെയ്ത് ജയിലിലടക്കുന്നതും, വിദ്യാർത്ഥികളെ യാതൊരു കാരണവുമില്ലാതെ സർവ്വകലാശാലകളിൽ നിന്ന് പുറത്താ

പേജ് 9-ൽ



# വാഗ്ദത്ത പരിവർത്തനകാരി

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)

**അ**ല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്കു സ്വീകാര്യം നൽകുകയും നിന്റെ യാത്ര നിനക്കു അനുഗ്രഹകരമാക്കുകയും ചെയതിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്കു നൽകുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുകയാണ്. അല്ലയോ ജയശാലീ, നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്കു മരണത്തിന്റെ പിടിയിൽനിന്നു രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്കു വെളിപ്പെടുത്തുന്നതിന്നും, ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്നു ലോകത്തിനു മനസ്സിലാകുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്കു ദൃഢബോദ്ധ്യം വരുന്നതിനും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിന്നും കുററവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിന്നും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ, നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേർ ഇമ്മാനുവേൽ എന്നും ബശീർ എന്നുമാണ്. അവന്നു പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്നു തന്റെ മസീഹിഗുണവും റൂഹുൽ ഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൌകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച: അനുഗ്രഹപൂർണ്ണമായ തിന്കളാഴ്ച: വാൽസല്യപുത്രൻ, മഹാഭാഗ്യമായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ; അല്ലാഹു ആകാശത്തിൽനിന്നു ഇറങ്ങിയപോലെ.അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന്നു കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കു മീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തിപ്രാപിക്കും. ജാതികൾ അവങ്കൽനിന്നു അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്കു കരേറ്റപ്പെടും. ഇതു വിധിച്ചുപോയ കാര്യമാകുന്നു.

**വിശുദ്ധ ഖുർആൻ**

# സൂറത്തുൽ ബഖറ

***(മദീനയിൽ അവതരിച്ച അദ്ധ്യായം)***

## അർത്ഥം, വ്യാഖ്യാനം

وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَٰذَا بَلَدًا آمِنًا
وَارْزُقْ أَهْلَهُ مِنَ الثَّمَرَاتِ مَنْ آمَنَ مِنْهُم بِاللَّهِ
وَالْيَوْمِ الْآخِرِ قَالَ وَمَن كَفَرَ فَأُمَتِّعُهُ قَلِيلًا
ثُمَّ أَضْطَرُّهُ إِلَىٰ عَذَابِ النَّارِ وَبِئْسَ الْمَصِيرُ

**127. ''ഇബ്റാഹിം പറഞ്ഞ സന്ദർഭം (ഓർക്കുക). എന്റെ നാഥാ! നീ ഇതിനെ ഒരു നിർഭയ നഗരമാക്കുകയും ഇവിടുത്തെ നിവാസികൾക്ക്- അവരിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർക്ക്- ഫലവർഗ്ഗങ്ങളിൽനിന്ന് ആഹാരം നൽകുകയും ചെയ്യേണമേ! അവൻ (അല്ലാഹു) പറഞ്ഞു: വിശ്വസിക്കാത്തവനും (ഞാൻ നൽകും). അവനെ അല്പകാലം സുഖം അനുഭവിപ്പിക്കുകയും പിന്നെ അവനെ നരകശിക്ഷയിലേക്ക് തള്ളിവിടുകയും ചെയ്യുന്നതാണ്. ചെന്നെത്തുന്ന ആ സ്ഥലം വളരെ ദുഷിച്ചതുതന്നെ."**

---

**പദാർത്ഥം**

وَإِذْ قَالَ അദ്ദേഹം പറഞ്ഞ സന്ദർഭം إِبْرَاهِيمُ ഇബ്റാഹീം رَبِّ എന്റെ നാഥാ. اجْعَلْ നീ ആക്കേണമേ آمِنًا ഇത് بَلَدًا പട്ടണം آمِنًا നിർഭയമായ وَارْزُقْ നീ നൽകേണമേ أَهْلَهُ അതിന്റെ നിവാസികൾക്ക് مِنَ الثَّمَرَاتِ ഫലവർഗ്ഗങ്ങളിൽനിന്ന് مَنْ آمَنَ ആര് വിശ്വസിക്കുന്നുണ്ടോ مِنْهُمْ അവരിൽനിന്ന് بِاللَّهِ അല്ലാഹുവിൽ وَالْيَوْمِ الْآخِرِ അന്ത്യദിനത്തിലും قَالَ പറഞ്ഞു وَمَن كَفَرَ ആര് നിഷേധിക്കുന്നുവോ فَأُمَتِّعُهُ സുഖം അനുഭവിപ്പിക്കുന്നതാണ് قَلِيلًا കുറച്ച് ثُمَّ പിന്നീട് أَضْطَرُّهُ തള്ളിവിടുന്നതാണ്. إِلَىٰ عَذَابِ النَّارِ നരകശിക്ഷയിലേക്ക് وَبِئْسَ വളരെ മോശം الْمَصِيرُ മടക്കം

---

**വ്യാഖ്യാനം**

മക്കയെ കേന്ദ്രമാക്കി മാറ്റുന്നതാണെന്ന അല്ലാഹുവിന്റെ സുവാർത്ത ലഭിച്ചപ്പോൾ ഹദ്റത്ത് ഇബ്റാഹീം (അ) അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. ***റബ്ബിജ്അൽ ഹാദാ ബലദൻ ആമിനൻ***. അല്ലാഹുവേ നീ നൽകിയ സുവാർത്തയിൽനിന്നും മനസ്സിലാകുന്നത് ഇത് ജനവാസമുള്ള ഒരു പ്രദേശമായിത്തീരുന്നതാണെന്നാണ്. അതിനാൽ ഇതിനെ നിർഭയമായ ഒരു പട്ടണമാക്കേണമേ. ഇവിടെ അക്രമവും കുഴപ്പവും ഒന്നും ഇല്ലാതിരിക്കട്ടെ. ഇബ്റാഹീം(അ) ദുആ ചെയ്യുന്ന അവസരത്തിൽ മക്ക ഒരു പട്ടണമായിരുന്നില്ല. അവിടെ അൽപം കുടിലുകൾ മാത്രമാണുണ്ടായിരുന്നത്. ആ സമയത്ത് അദ്ദേഹം ദുആ ചെയ്തത് ശൂന്യമായിക്കിടക്കുന്ന ഈ പ്രദേശത്തെ അല്ലാഹുവേ നീ ജനസാന്ദ്രമായ പ്രദേശമാക്കി മാറ്റേണമേ എന്നാണ്. അറബിഭാഷാ പരിജ്ഞാനമില്ലാത്തവർ പൊതുവിൽ ഇതിനു നൽകുന്ന അർത്ഥം ഈ പട്ടണത്തെ നീ നിർഭയമായ

താക്കി മാറ്റേണമേ എന്നാണ്. ഹദ്റത്ത് ഇബ്റാഹിം (അ)ന്റെ ഉദ്ദേശ്യം ഇതായിരുന്നുവെങ്കിൽ 'ഹാദാ ബല ദൻ' എന്നതിനു പകരം 'ഹാദൽ ബലദ' എന്നാണ് പറ യേണ്ടിയിരുന്നത്. ഇതിൽനിന്നും മനസ്സിലാകുന്നത് ഇവിടെ ഒരു പട്ടണത്തിന്റെ നിർമ്മാണത്തിനായിട്ടാണ് അദ്ദേഹം ദുആ ചെയ്തിരുന്നതെന്നാണ്. അദ്ദേഹ ത്തിന്റെ ദുആ അല്ലാഹുവേ ഈ ജനശൂന്യമായിക്കിട ക്കുന്ന സ്ഥലത്തെ 'ബലദൻ' ഒരു പട്ടണമാക്കി മാറ്റേ ണമേ എന്നാണ്. അതോടൊപ്പം ഫിത്നയും കുഴപ്പവും ഉണ്ടാകാത്ത 'ആമിനൻ' സമാധാനാന്തരീക്ഷം പ്രദാനം ചെയ്യുന്നതുമാക്കേണമേ. ഇതിനെ ആരും ആക്രമിക്കാതിരിക്കട്ടെ. അതോടൊപ്പം ഇത് ആരേയും അക്രമിക്കാത്തതുമാകട്ടെ.

ഇതിൽനിന്ന് മനസ്സിലാകുന്ന മറ്റൊരു കാര്യം അല്ലാ ഹുവിന്റെ ഇംഗിതമനുസരിച്ച് നാം നമ്മെ ക്രമപ്പെടു ത്തേണ്ടതാണെന്നാണ്. ഹദ്റത്ത് ഇബ്റാഹിം നബി(അ) യോട് '***ലായനാലു അഹ്ദിള്ളാലിമീൻ***' നിന്റെ സന്താ നങ്ങളിൽ അക്രമികൾക്ക് എന്റെ ഒരു വാഗ്ദാനവും ലഭിക്കുന്നതല്ല എന്ന് അല്ലാഹു പറഞ്ഞിരുന്നു. അതു കൊണ്ട് അക്രമികൾക്ക് അല്ലാഹുവിന്റെ അനുഗ്രഹ ങ്ങൾ ലഭിക്കില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം തന്റെ ദുആ ഇപ്രകാരമാക്കി മാറ്റി. "***വർസുഖ് അഹ്ലഹൂ മിനഥമ റാത്തി മൻ ആമന മിൻഹും ബില്ലാഹി വൽയൗമിൽ ആഖിറ.***" അല്ലാഹുവേ അവരിൽനിന്ന് ആർ അല്ലാഹു വിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവർക്ക് നീ നിന്റെ അനുഗ്രഹങ്ങൾ നൽകേണമേ. അക്രമി കൾക്ക് എന്റെ അനുഗ്രഹങ്ങൾ ലഭിക്കില്ല എന്ന് കേട്ടയുടനെതന്നെ അദ്ദേഹം തന്റെ പ്രാർത്ഥനയിൽ നിന്നും തൗഹീദ് നിഷേധികളെ ഒഴിവാക്കുകയുണ്ടായി.

ഇവിടെ 'മിനഥ്ഥമറാത്തീ' എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത് പുല്ലുപോലും മുളക്കാത്ത ഈ മരുപ്രദേ ശത്തെ അല്ലാഹുവേ എല്ലാ പഴവർഗ്ഗങ്ങളും ലഭിക്കുന്ന സ്ഥലമാക്കിമാറ്റേണമേ എന്നാണ്. ഈ ദുആ അല്ലാഹു സ്വീകരിക്കുകയും ലോകത്തുള്ള എല്ലാ പഴവർഗ്ഗ ങ്ങളും മക്കയിൽ ലഭിക്കുന്ന അവസ്ഥ സംജാതമാകു കയും ചെയ്തു. ഇവിടെ ഇബ്റാഹീം(അ) പഴങ്ങൾക്കു വേണ്ടി എന്തിനാണ് ദുആ ചെയ്തത്. മറ്റു ധാന്യ ങ്ങൾക്ക് വേണ്ടിയൊന്നും ദുആ ചെയ്തിട്ടില്ല എന്നൊരു സംശയം ഉണ്ടായേക്കാം. ഇങ്ങനെ പ്രാർത്ഥിക്കാനുള്ള ഒരു കാരണം മക്കയിൽ പഴങ്ങൾ ലഭിക്കാനാണ് ഏറ്റവും പ്രയാസമുണ്ടായിരുന്നത്. അവിടെ കൃഷിയൊ ന്നും ഇല്ലായിരുന്നു. അതുകൊണ്ട് ധാന്യങ്ങൾ ദൂര സ്ഥലങ്ങളിൽനിന്ന് ദിവസങ്ങളോളമുള്ള യാത്രക്ക് ശേഷം എത്തിക്കാവുന്നതാണ്. കാരണം അത് പെട്ടെന്ന് കേടുവരില്ല. എന്നാൽ പഴവർഗ്ഗങ്ങൾ പഴ കിയതാണെങ്കിൽ അത് ചീത്തയായിപ്പോകും. അതു കൊണ്ട് ഇബ്റാഹീം നബി(അ) മക്കക്കാർക്ക് പഴവർഗ്ഗ ങ്ങൾ ലഭിക്കുന്നതിന്നായി പ്രത്യേകമായി പ്രാർത്ഥിക്കു കയും അല്ലാഹുവിന്റെ പ്രത്യേക ശക്തിപ്രഭാവത്തി ലൂടെ അവിടെ എല്ലാതരം ഫലങ്ങളും ലഭിക്കുന്ന സംവി ധാനം ഉണ്ടാക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു. "***വമൻ കഫറ ഫഉമത്തി ഉഹൂ ഖലീലൻ***", ആരാണോ നിഷേധിക്കുന്നത് അവർക്ക് ഭൗതികവിഭവങ്ങൾ നൽകുന്നതാണ്. നുബുവ്വത്ത്, ഇമാമത്ത് എന്നിവ സജ്ജനങ്ങൾക്കാണ് ലഭിക്കുക. എന്നാൽ, ഭൗതിക വിഭവങ്ങൾ എല്ലാവർക്കും നൽകു ന്നു. നൂറ്റാണ്ടുകളായി മക്കക്കാർ ബഹുദൈവാരാധ നയിൽ മുഴുകിയിട്ടും അല്ലാഹു അവർക്ക് ഭൗതിക വിഭവങ്ങൾ നൽകിക്കൊണ്ടിരുന്നു.

ഇവിടെ മറ്റൊരു കാര്യം നാം ഓർമ്മവയ്ക്കേണ്ടത് '***ഉമത്തിഉഹു ഖലീലൻ***' കുറച്ചു വിഭവങ്ങൾ നൽകും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കുറച്ച് ദിവസം മാത്രം രിസ്ഖ് നൽകും എന്നല്ല. ഇത് '***മതാഉദ്ദുൻയാ ഖലീലുൻ***' എന്നതു പോലുള്ള പ്രയോഗമാണ്. ഭൗതി കവിഭവങ്ങൾ എല്ലാം അല്പമാണ്, കുറഞ്ഞതാണ്. ഇവിടെ ഉദ്ദേശിക്കുന്നതും ഭൗതികവിഭവങ്ങൾ നൽകും എന്നു മാത്രമാണ്. എന്നാൽ, പ്രവാചകരെ പിൻപറ്റാ ത്തിടത്തോളം ആത്മീയവിഭവങ്ങൾ ലഭ്യമാകുന്നതല്ല. ഈ പ്രാർത്ഥനകളെ കുറിച്ച് തൗറാത്ത് പരാമർശിക്കു ന്നില്ല. ഇസ്മാഈൽ സന്തതികളോടുള്ള വിരോധം കാരണം മക്കയെക്കുറിച്ചുള്ള പരാമർശങ്ങൾതന്നെ യഹൂദികൾ ഉപേക്ഷിച്ചിരിക്കുകയാണ്.

ഇതിൽനിന്നും മറ്റൊരു കാര്യം മനസ്സിലാകുന്നത് പ്രവാചകന്മാരെ നിഷേധിച്ചു എന്ന ഒരൊറ്റ കാരണം കൊണ്ട് ലോകത്ത് ശിക്ഷ വരാറില്ല എന്നാണ്. മറിച്ച് അക്രമവും തെമ്മാടിത്തരങ്ങളും കാരണമായാണ് ശിക്ഷ വരാറുള്ളത്. ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊ ദ്(അ) വളരെ ശക്തമായി വാദിക്കാറുള്ളതാണ്. തഖ്വ യോടുകൂടി ജീവിക്കുകയാണെങ്കിൽ പ്രവാചകന്മാരെ നിഷേധിച്ചു എന്നതുകൊണ്ട് മാത്രം ശിക്ഷ ഇറങ്ങു ന്നതല്ല. മനുഷ്യൻ ശരീരവും ആത്മാവും രണ്ടും കൂടി യതാണ്. ഭൗതിക നിയമങ്ങൾ അനുസരിക്കുമ്പോൾ ഭൗതികമായ സുഖം അവൻ അനുഭവിക്കുന്നു. എന്നാൽ ആത്മീയമായ ലോകത്തേക്ക് ഒന്നും സമ്പാ ദിക്കാത്തതു കാരണം അവിടെ അവൻ ദുഃഖം അനു ഭവിക്കുകയും ചെയ്യും.

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ
رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ

**128. ''ഓർമ്മിക്കുക! ഇബ്റാഹീമും ഇസ്മാഈലും (മക്കയിലെ) ആ മന്ദിരത്തിന്റെ അസ്തിവാരം പടുത്തുയർത്തുകയായിരുന്നുപ്പോൾ, (അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ നാഥാ! ഞങ്ങളിൽനിന്നു സ്വീകരിക്കേണമേ! നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ."**

## പദാർത്ഥം

وَإِذْ يَرْفَعُ ഉയർത്തുന്ന സന്ദർഭം إِبْرَاهِيمُ ഇബ്റാഹീം الْقَوَاعِدَ അസ്തിവാരം مِنَ الْبَيْتِ മന്ദിരത്തിന്റെ (വീടിന്റെ) وَإِسْمَاعِيلُ ഇസ്മാഈലും رَبَّنَا ഞങ്ങളുടെ നാഥാ, تَقَبَّلْ നീ സ്വീകരിക്കേണമേ مِنَّا ഞങ്ങളിൽനിന്ന് إِنَّكَ أَنتَ നിശ്ചയമായും നീ السَّمِيعُ എല്ലാം കേൾക്കുന്നവനാണ് الْعَلِيمُ എല്ലാം അറിയുന്നവനാണ്.

## വ്യാഖ്യാനം

ഇവിടെ ഹദ്റത്ത് ഇബ്റാഹീം(അ) കഅ്ബയെ പുനർനിർമ്മിച്ചതിനെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. ഇബ്റാഹീം(അ) ആണ് കഅ്ബത്തുല്ലാഹ് നിർമ്മിച്ചത് എന്ന് ചിലർ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ തെറ്റുധരിക്കാറുണ്ട്. ഇത് ശരിയല്ല. കാരണം ഇവിടെ അല്ലാഹു അടിത്തറയിട്ടു എന്നു പറയാതെ (***യളഉൽഖവാഇദ***) അടിത്തറയിൽനിന്ന് പടുത്തുയർത്തിയെന്നാണ് ***(യർഫഉൽ ഖവാഇദ)*** പറഞ്ഞിരിക്കുന്നത്. അടിത്തറ ഇടുക എന്നായിരുന്നെങ്കിൽ (വളഅ) എന്ന വാക്കാണ് ഉപയോഗിക്കേണ്ടിയിരുന്നത്. ഇതിൽനിന്നും മനസ്സിലാകുന്നത് നേരത്തേതന്നെ ബയ്ത്തുല്ലാഹ് ഉണ്ടായിരുന്നു എന്നും എന്നാൽ അത് ഇടിഞ്ഞുപൊളിഞ്ഞുപോയിരുന്നെന്നും അല്ലാഹുവിന്റെ കല്പനപ്രകാരം ഹദ്റത്ത് ഇബ്റാഹീം(അ) അതിനെ പുതുക്കി പണിയുകയാണ് ചെയ്തതെന്നും വ്യക്തമാണ്. വിശുദ്ധഖുർആന്റെ മറ്റു വചനങ്ങളിൽനിന്നും ഈ കാര്യം നമുക്ക് വ്യക്തമാകുന്നുണ്ട്. ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു.

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِّلْعَالَمِينَ

"ജനങ്ങൾക്കായി ആദ്യമായി നിർമ്മിച്ചിരിക്കുന്ന വീട് അത് മക്കയിലുള്ള വീടാണ്. അത് മാനവകുലത്തിന് അനുഗ്രഹം നൽകുന്നതും നേർമാർഗ്ഗം നൽകുന്നതുമാണ്. (3:97)

കഅ്ബത്തുല്ലായുടെ പുനർനിർമ്മാണവേളയിൽ ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത പ്രാർത്ഥനയുടെ വചനങ്ങൾ ഇപ്രകാരമാണ്.

رَّبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ
غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ

"ഞങ്ങളുടെ നാഥാ! ഞാൻ എന്റെ സന്താനങ്ങളിൽനിന്ന് ചിലരെ നിന്റെ ആദരണീയമായ ഗൃഹത്തിനടുത്ത് ഒരു കൃഷിയുമില്ലാത്ത താഴ്വരയിൽ പാർപ്പിച്ചിരിക്കുന്നു.''(14:38) ഈ പ്രാർത്ഥനാ വചനത്തിൽനിന്നും മനസ്സിലാകുന്നത് ബയ്ത്തുല്ലാഹ് അവിടെ നേരത്തേതന്നെ ഉണ്ടായിരുന്നു എന്നാണ്. ഹദ്റത്ത് ഇസ്മാഈൽ(അ) കുട്ടിയായിരുന്നപ്പോൾ ഹദ്റത്ത് ഹാജറായേയും ഇസ്മാഈലിനേയും അവിടെ കൊണ്ടുവന്നു പാർപ്പിച്ചപ്പോഴാണ് ഈ പ്രാർത്ഥന അദ്ദേഹം ചെയ്യുന്നത്.

വിശുദ്ധഖുർആനിൽ കഅ്ബയെ 'ബയ്ത്തുൽ അതീക്' എന്നും പറഞ്ഞിട്ടുണ്ട്. പുരാതനഗൃഹം എന്നാണ് ഇതിന്റെ അർത്ഥം. ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് ഹദ്റത്ത് ഇബ്റാഹീം(അ) അല്ല കഅ്ബത്തുല്ലായുടെ സ്ഥാപകൻ എന്നാണ്. ഹദ്റത്ത് ഇബ്റാഹീം(അ)ന് മുമ്പേതന്നെ കഅ്ബ അവിടെ ഉണ്ടായിരുന്നു എന്ന് ഹദീസുകളിൽനിന്നും വ്യക്തമാകുന്നുണ്ട്. ബുഖാരിയിൽ വന്നിരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. ഹദ്റത്ത് ഇബ്റാഹീം (അ) ഹദ്റത്ത് ഹാജറയേയും ഹദ്റത്ത് ഇസ്മാഈലിനേയും അവിടെ ഉപേക്ഷിച്ചുകൊണ്ട് പോകുമ്പോൾ ഹദ്റത്ത് ഹാജറ(റ.അ) ചോദിക്കുന്നു: ഇബ്റാഹീം, നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? ഒരു മനുഷ്യനും ഒരു വസ്തുവും ഇല്ലാത്ത ശൂന്യമായ ഒരു സ്ഥലത്ത് ഞങ്ങളെ ഉപേക്ഷിച്ചിട്ടാണോ നിങ്ങൾ പോകുന്നത്? ഈ ചോദ്യം അവർ പലവുരു ആവർത്തിച്ചെങ്കിലും ദുഃഖഭാരത്താൽ അദ്ദേഹത്തിന് മറുപടിയൊന്നും പറയാൻ കഴിഞ്ഞിരുന്നില്ല. മാത്രമല്ല, അവരെ അദ്ദേഹം തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. വീണ്ടും ഹദ്റത്ത് ഹാജറ(റ.അ) ചോദിച്ചു. അല്ലാഹുവാണോ നിങ്ങളോട് ഇങ്ങനെ ചെയ്യാൻ കല്പിച്ചിരിക്കുന്നത്? അപ്പോൾ അദ്ദേഹം പറഞ്ഞു: അതെ! അപ്പോൾ ഹദ്റത്ത് ഹാജറ(റ.അ) പറഞ്ഞു, അങ്ങനെയാണെങ്കിൽ ഞങ്ങൾക്ക് ഒരു ഭയവുമില്ല. അല്ലാഹു ഞങ്ങളെ

ഒരിക്കലും പാഴാക്കുകയില്ല. അതും പറഞ്ഞ് അവർ തിരിച്ചുവന്നു. ഹദ്റത്ത് ഇബ്റാഹീം(അ) അവരിൽ നിന്നും അകന്ന് ഹദ്റത്ത് ഹാജറയും ഇസ്മാഈലും തന്റെ കണ്ണിൽനിന്നും മറഞ്ഞപ്പോൾ കഅബക്ക് നേരെ തിരിഞ്ഞുകൊണ്ട് ഇരുകൈകളും ഉയർത്തി അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി.

رَبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ
غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ

ഈ ഹദീസിൽനിന്നും മനസ്സിലാകുന്നത് കഅ്ബത്തുല്ലായുടെ അടയാളങ്ങൾ അന്നും അവിടെ ഉണ്ടായിരുന്നു എന്നതാണ്. അത് നിർമ്മിച്ചത് ഇബ്റാഹീം (അ)നു മുമ്പേയാണ്. എന്നാണ് അത് നിർമ്മിക്കപ്പെട്ടത്? ആരുമുഖേനയാണ് എന്നതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന് മാത്രമായിരിക്കും ഉണ്ടാകുക. ചരിത്രം അത് വിവരിക്കുന്നില്ല.

ഈ ആയത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു. '***റബ്ബനാ തഖബ്ബൽ മിന്നാ ഇന്നക്ക അൻത്തസ്സമീഉൽ അലീം***'. പ്രവാചകന്മാർ പ്രവർത്തനത്തോടൊപ്പം പ്രാർത്ഥനയും തുടർന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾ ചെറിയ ചെറിയ കാര്യങ്ങൾ ചെയ്താൽ തന്നെ അഹങ്കരിക്കുകയും ഞങ്ങൾ ഇന്നതൊക്കെ ചെയ്തെന്നും പറഞ്ഞ് ഊറ്റം നടിക്കുകയും ചെയ്യുന്നു. എന്നാൽ, ഹദ്റത്ത് ഇബ്റാഹീം(അ)നെ നോക്കൂ. അദ്ദേഹം തന്റെ ഏകമകനെ അറുക്കാൻ തയ്യാറാകുന്നു. ആ കുട്ടിയെ ആരോരുമില്ലാത്ത ഒരു സ്ഥലത്ത് ഉപേക്ഷിക്കുന്നു. പിന്നീട് അദ്ദേഹം മകനോടൊപ്പം കഅ്ബയുടെ പുനർനിർമ്മാണം നടത്തുന്നു. കഅ്ബയുടെ പുനർനിർമ്മാണം യഥാർത്ഥത്തിൽ ഹദ്റത്ത് ഇസ്മാഈൽ(അ) ഇനി എന്നെന്നും മക്കയിൽ തന്നെയായിരിക്കും താമസിക്കുക എന്നതിന്റെ സൂചന കൂടി നൽകുന്നുണ്ട്. ആ മകൻ ഇനി മരണംവരെ ഈ താഴ്‌വരയിൽതന്നെ കഴിച്ചുകൂട്ടുന്നതാണ്. ഇതെല്ലാം ചെയ്തതിനുശേഷം അദ്ദേഹം അല്ലാഹുവിന്റെ മുമ്പിൽ വിനയാന്വിതനായി കുമ്പിടുന്നു. എന്നിട്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു. '***റബ്ബനാ തഖബ്ബൽ മിന്നാ***' ഞങ്ങളുടെ നാഥാ! നിന്റെ സവിധത്തിൽ ഞങ്ങളിതാ ഒരു ചെറിയ ത്യാഗം സമർപ്പിക്കുന്നു. ഞങ്ങളുടെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് നാഥാ നീ ഇത് സ്വീകരിക്കേണമേ. നീ ഞങ്ങളോട് കാരുണ്യം ചെയ്തുകൊണ്ട് ഇത് സ്വീകരിക്കേണമേ." ഇതാണ് യഥാർത്ഥ മാതൃക. അതല്ലാതെ വല്ല സേവനവും ചെയ്തതിനുശേഷം ഞങ്ങളെ പരിഗണിക്കുന്നില്ലെന്നും പറഞ്ഞ് നടക്കുകയല്ല വേണ്ടത്. ത്യാഗങ്ങൾ ചെയ്ത് അത് സ്വീകരിക്കാനായി നിരന്തര പ്രാർത്ഥനയും അതിന് വിനയം കൈവരിക്കുകയുമാണ് ചെയ്യേണ്ടത്.

ഈ ആയത്തിൽനിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം ബയ്ത്തുല്ലായുടെ നിർമ്മാണത്തിന് രണ്ട് ഘട്ടങ്ങളുണ്ടെന്നാണ്. ഒന്ന് സൃഷ്ടികളുമായി ബന്ധപ്പെട്ടത്. മറ്റൊന്ന് സ്രഷ്ടാവുമായി ബന്ധപ്പെട്ടത്. ഏതൊരു വസ്തുവിനെ നാം ബയ്ത്തുല്ലാഹ് (അല്ലാഹുവിന്റെ ഗൃഹം) എന്ന് പറയുന്നുവോ അത് ഇഷ്ടികകൊണ്ടും മണ്ണും വെള്ളവും കൊണ്ടും ഉണ്ടാക്കുന്നു. എന്നാൽ, ബാഹ്യമായ ഈ നിർമ്മിതി മനുഷ്യരാലാണ് നടക്കുന്നത്. അതിൽ ആത്മാവ് ഇടേണ്ടത് അല്ലാഹുവാണ്. അതുകൊണ്ടാണ് ഹദ്റത്ത് ഇബ്റാഹീം(അ) ഇപ്രകാരം പ്രാർത്ഥിക്കുന്നത്. അല്ലാഹുവേ ഞാനും ഇസ്മാഈലും കൂടി ബയ്ത്തുല്ലായുടെ ബാഹ്യരൂപം ഉണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾ ഒരു കെട്ടിടം ഉണ്ടാക്കിയതുകൊണ്ട് എന്ത് കാര്യം? രാജാക്കന്മാരുണ്ടാക്കിയ പല പള്ളികളും ഇന്ന് ശൂന്യമായിക്കിടക്കുന്നില്ലേ. അതുകൊണ്ട് അല്ലാഹുവേ നീ ഇത് സ്വീകരിക്കേണമേ. നിന്റേതാക്കി ഇത് മാറ്റേണമേ. നീ ഇതിൽ വരേണമേ." അല്ലാഹു തന്റേതാക്കി കഴിഞ്ഞാൽ പിന്നെ അത് നശിക്കുന്നതല്ല. അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറങ്ങാത്തതുവരെയൊന്നും സ്ഥായിയായി നില നിൽക്കില്ല. (*അവലംബം: തഫ്സീർ കബീർ, വിവർത്തനം: നാസിർ അഹ്മദ്*) ●

പേജ് 4-ൽനിന്ന്

ക്കുന്നതും, കൊലക്കത്തിയുമായി അഹ്മദികളുടെമേൽ ചാടിവീഴുന്നതും ന്യായത്തിനു വേണ്ടി പ്രവർത്തിക്കുന്നു എന്നു പറയുന്ന ന്യായാധിപന്മാരും കാണാത്തത്.

ഇതര ഇസ്‌ലാമിക രാഷ്ട്രങ്ങളുടെ സ്ഥിതിയും മറിച്ചല്ല. ബംഗ്ലാദേശിലെയും മലേഷ്യയിലെയും മറ്റുമുള്ള മുല്ലമാരും ഇതേ രീതിതന്നെയാണ് പിന്തുടരുന്നത്. ഇത്തരം പ്രവൃത്തികൾ തടയാൻ പോലും ഭരണകൂടങ്ങൾ തയ്യാറാകുന്നില്ല. പക്ഷേ, ഒരു കാര്യം ഉറപ്പാണ്. അല്ലാഹു തന്റെ വാഗ്ദാനം പാലിക്കുകതന്നെ ചെയ്യും. അല്ലാഹു തന്റെ ദാസന്റെ അനുയായികളെ എന്നും സഹായിച്ച ചരിത്രമാണ് ഖുർആനിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. അവന്റെ ശിക്ഷ ആർക്കും തന്നെ തടയാനാവില്ല. അത് ഇവരെ കരിച്ചു കളയുകതന്നെ ചെയ്യും. നാമം പോലും ബാക്കിയാകാത്ത രീതിയിൽ ഇത്തരത്തിലുള്ളവരേയും നാടിനേയും അല്ലാഹു നശിപ്പിച്ചിട്ടുണ്ട്. അതിരുവിടുന്ന പാക്കിസ്ഥാന്റെ നാമം തന്നെ ബാക്കിയാകുമോ? കാത്തിരുന്നു കാണാം. ●

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

# മുസ്ലിഹ് മൗഊദ്(റ)- അല്ലാഹുവിന്റെ ഫയൽവാന്റെ പോരാളിയായ മകൻ

ജരിയുല്ലാഹ്, അല്ലാഹുവിന്റെ ഫയൽവാൻ എന്ന് അല്ലാഹുവിനാൽ വിശേഷിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ യോദ്ധാവാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ). ഈ ഒരു ബഹുമതി ആ മഹാത്മാവിന് അല്ലാഹു നൽകാനുള്ള കാരണം ചെറുപ്പത്തിൽ തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അല്ലാഹുവിനോടും തിരുനബി(സ) യോടും ഇസ്ലാമിനോടുമുള്ള സ്നേഹം അല്ലാഹു കുത്തിനിറച്ചിരുന്നു എന്നതാണ്. ഇസ്ലാമിനെ സംരക്ഷിക്കുന്നതിനുള്ള ഒരവസരംപോലും ആ മഹാത്മാവ് പാഴാക്കിക്കളഞ്ഞിരുന്നില്ല. ഓരോ മതത്തെക്കുറിച്ചും അഗാധമായ പഠനം നടത്തുകയും അതിനെക്കുറിച്ച് ആഴത്തിൽ അറിയുകയും ചെയ്തിരുന്നു. മറ്റെല്ലാമതങ്ങളുടെയും മേൽ ഇസ്ലാമിന്റെ ശ്രേഷ്ഠത തെളിയിക്കുന്നതിന് അവിടന്ന് എപ്പോഴും തയ്യാറായിനിന്നിരുന്നു. ഇന്ത്യയിൽ ക്രിസ്തീയ മിഷനറിമാരുടെ രംഗപ്രവേശം ശക്തമാവുകയും ഇസ്ലാമിനും ഇസ്ലാം മതസ്ഥാപകർക്കുമെതിരിൽ നുറുകണക്കിന് പുസ്തകങ്ങൾ എഴുതപ്പെടുകയും എണ്ണമറ്റ നോട്ടീസുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തപ്പോൾ മുസ്ലിംകൾ ക്രിസ്തുമതത്തിലേക്ക് ചേക്കേറാൻ തുടങ്ങി. ക്രിസ്തുമതമാശ്ലേഷിക്കാത്തവരുടെ മനസ്സിൽ ഇസ്ലാമികാദ്ധ്യാപനങ്ങളെകുറിച്ച് പല സംശയങ്ങളും നാമ്പെടുക്കാൻ തുടങ്ങി. ക്രിസ്തുമതത്തിന്റെ ഈ ആക്രമണത്തോടൊപ്പം ആര്യസമാജികളും ബ്രഹ്മസമാജികളും ശക്തമായി രംഗത്ത് വരികയുണ്ടായി. ഈ എതിർപ്പുകളെ നേരിടുന്നതിന് പകരം അന്ന് മുസ്ലിംകൾ പരസ്പരം തമ്മിലടിക്കുകയും പരസ്പരം കുഫ്റ് ഫത്വ പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇങ്ങിനെയുള്ള ഇസ്ലാമിന്റെ അതിദാരുണമായ അവസ്ഥയോർത്ത് ഏതെങ്കിലും ഹൃദയം വേദനിച്ചിരിന്നുവെങ്കിൽ, ഇസ്ലാമിനെ സംരക്ഷിക്കണമെന്ന് ഏതെങ്കിലും ഹൃദയം കൊതിച്ചിരുന്നുവെങ്കിൽ അത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ന്റെ ഹൃദയമായിരുന്നു. ഇസ്ലാമിന്നെതിരിൽ അന്ന് ചെയ്തിരുന്ന ഓരോ ആക്രമണത്തിനെയും നേരിടുന്നതിനായി അദ്ദേഹം ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. അതിന്റെ പേരാണ് ബറാഹീനെ അഹ്മദിയ്യാ.

ഈ ഗ്രന്ഥത്തിൽ വിശുദ്ധഖുർആൻ ദൈവിക വചനമാണെന്നും സമ്പൂർണ്ണ ഗ്രന്ഥമാണെന്നും തെളിയിച്ചുകാട്ടുന്നുണ്ട്. ഇതേപോലെ തിരുനബി(സ)യുടെ നുബുവ്വത്തിന്റെ സത്യസാക്ഷ്യം, തിരുനബി(സ)യുടെ ശ്രേഷ്ഠത എന്നിവ അനിഷേധ്യമായ തെളിവുകൾ സഹിതം തുറന്നുകാട്ടുന്നുണ്ട്. ഈ ഗ്രന്ഥം ഇസ്ലാമിന്നെതിരിൽ രംഗപ്രവേശനം ചെയ്ത മറ്റു മതങ്ങളെ പിടിച്ചുകുലുക്കിക്കളഞ്ഞു. അവർ ഇസ്ലാമിന്നെതിരിൽ അതിനീചമായ ആക്ഷേപങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരുന്നു. ഇസ്ലാമിനെ സംരക്ഷിക്കുന്നതിന്നായി ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ ആ മഹാത്മാവ് സ്വീകരിച്ചിരിക്കുന്ന നൂതനശൈലി- ഇസ്ലാമിന്റെ മഹത്വം വിവരിക്കുക എന്നത്- വളരെ ആദരവോടുകൂടിയാണ് പല മുസ്ലിം പണ്ഡിതന്മാരും കണ്ടത്. എന്നാൽ, ഇസ്ലാമിന്റെ സന്ദേശം വളരെ വിപുലമായ രീതിയിൽ അദ്ദേഹം പ്രചരിപ്പിച്ചപ്പോൾ മുസ്ലിംകളിലുള്ള ഒരു വിഭാഗംതന്നെ അദ്ദേഹത്തിന്റെ ശത്രുവായി മാറുകയാണുണ്ടായത്. അമുസ്ലിംകളുമായി ചേർന്ന് അദ്ദേഹത്തിന്നെതിരിൽ അവർ പ്രവർത്തിക്കാൻ തുടങ്ങി.

അക്കാലത്ത് അദ്ദേഹം ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനു കാണിച്ചിരുന്ന ആവേശം എത്രമാത്രമാണെന്നറിയാൻ മൗലവി അബ്ദുല്ലാ സാഹിബ് സന്നൗരി(റ)യുടെ ഒരു നിവേദനം മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇപ്രകാരം എഴുതുന്നു. 'ആ മഹാത്മാവ് ഇരുപതിനായിരം നോട്ടീസുകൾ പ്രസിദ്ധീകരിക്കുകയും തപാൽ മുഖേന ആ കത്തുകൾ എത്തിക്കാൻ കഴിയുന്ന ലോകത്തുള്ള എല്ലാ പ്രദേശത്തേയും രാജാക്കന്മാർക്കും ഭരണകർത്താക്കൾക്കും മന്ത്രിമാർക്കും ധിഷണാശാലികൾക്കും ഗ്രന്ഥകർത്താക്കൾക്കും പണ്ഡിതപ്രമുഖർക്കും നവാബുമാർക്കും എല്ലാം അയച്ചുകൊടുക്കുകയും ചെയ്തു. ഇത് മസീഹ് വാദം പുറപ്പെടുവിക്കുന്നതിന് മുമ്പേയുള്ള സംഭവമാണ്. മുജദ്ദിദ് എന്ന നിലയിലാണ് ഈ സന്ദേശം നല്കിയിരുന്നത്. ഈ നോട്ടീസുകളിൽ ഇസ്ലാമിന്റെ മഹത്വങ്ങളാണ് വിവരിച്ചിരുന്നത്.

ഈ സന്ദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അയച്ചുവെങ്കിലും ലോകരിൽനിന്ന് വലിയ പ്രതികര

ണമൊന്നും ഉണ്ടായില്ല. എന്നാൽ, ഇസ്‌ലാമിനെ തങ്ങളുടെ കൈയിൽ ഒതുക്കിയിരിക്കുന്നു എന്ന് ധരിച്ച ഇന്ത്യയിലെ മറ്റു മതസ്ഥർക്കിടയിൽ ഈ നോട്ടീസുകൾ ശക്തമായ ചലനംതന്നെ സൃഷ്ടിച്ചു. ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് ഒരു ഗ്രന്ഥം എഴുതിയതും ഇപ്പോൾ ഇസ്‌ലാമിന്റെ സത്യതയും മഹത്വവും സമർപ്പിക്കുന്നതിന്നായി നോട്ടീസുകൾ രംഗത്ത് വന്നതും കണ്ടപ്പോൾ ഇസ്‌ലാമിന്നെതിരിൽ ഏതെല്ലാം അടവുകൾ അവർക്ക് പയറ്റുവാൻ സാധിക്കുമായിരുന്നോ അതെല്ലാം അവർ പയറ്റിനോക്കി. ചില മുസ്‌ലിംകൾപോലും അദ്ദേഹത്തിന്നെതിരിൽ തിരിയുകയുണ്ടായി. ഈ അവസരത്തിൽ ആ മഹാത്മാവ് വേദനിക്കുന്ന ഹൃദയത്തോടെ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു. എന്നിട്ട് ഇപ്രകാരം ദുആ ചെയ്തു: "അല്ലാഹുവേ, ഞാൻ നിന്റെ അവസാനത്തേയും സമ്പൂർണ്ണവുമായ ദീനിനേയും നിനക്ക് ഏറ്റവും പ്രിയപ്പെട്ട ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ്(സ)നേയും ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്നതിന്നായാണ് ഇതെല്ലാം ചെയ്യുന്നത്. അതുകൊണ്ട് അല്ലാഹുവേ നീ എന്നെ സഹായിക്കേണമേ."

ഇതിന്നായി അദ്ദേഹം നാൽപത് ദിവസത്തേക്ക് ഒരു സ്ഥലത്ത് പോയി ഏകാന്തവാസം അനുഷ്ഠിക്കാൻ തീരുമാനിച്ചു. ഇസ്‌ലാമിന്റെ സത്യതക്കും റസൂൽതിരുമേനി(സ)യുടെ സത്യസാക്ഷ്യത്തിനുമുള്ള പ്രത്യക്ഷമായ അടയാളം അല്ലാഹുവിൽനിന്ന് ലഭിക്കുന്നതിന്നായാണ് അദ്ദേഹം ഈ രീതിയിൽ ദുആ ചെയ്യാൻ തീരുമാനിച്ചത്. അതിന്നായി ആദ്യം അദ്ദേഹം ഈ ഏകാന്തവാസത്തിന് പറ്റിയ സ്ഥലം എവിടെയാണെന്നറിയാൻ 'ഇസ്തിഖാറ' ചെയ്തു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. ഈ ഏകാന്തവാസത്തിനു പറ്റിയ സ്ഥലം ഹോശിയാർപൂർ ആയിരിക്കും. അതിന്നായി അദ്ദേഹം ഹോശിയാർപൂരിലേക്ക് യാത്രപുറപ്പെട്ടു. അദ്ദേഹത്തോടൊപ്പം മൂന്നുപേർ ഉണ്ടായിരുന്നു. മൗലവി അബ്ദുല്ലസന്നൗരി സാഹിബ്, ഹാഫിസ് ഹാമിദലി സാഹിബ്, ഫതഹ്ഖാൻ സാഹിബ് എന്നിവരായിരുന്നു അവർ. ഹോശിയാർപൂരിലുണ്ടായിരുന്ന ശേഖ്മെഹർ അലി സാഹിബിന് ആ മഹാത്മാവ് ഒരു കത്തയച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. ഞാൻ രണ്ട് മാസത്തേക്ക് ഹോശിയാർപൂരിലേക്ക് വരികയാണ്. എനിക്കുവേണ്ടി ഒറ്റക്ക് ഒരു വീട്ടിൽ താമസിക്കുവാനുള്ള ഏർപ്പാട് ചെയ്യുക. ഏകാന്തനായിക്കൊണ്ട് അല്ലാഹുവിന്റെ ആരാധനയിൽ മുഴുകുവാനാണിത്. ആ മഹാത്മാവ് തന്റെ കൂടെയുള്ളവർക്കും ആ നാളുകളിൽ തന്നെ കാണരുതെന്നും കൂടിക്കാഴ്ചകളൊന്നും നടത്തരുതെന്നും നിർദ്ദേശം നൽകിയിരുന്നു.

ചുരുക്കത്തിൽ ശൈഖ് സാഹിബ് പട്ടണത്തിന് വെളിയിലുള്ള തന്റെ ഒരു വീട്ടിൽ ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുകയുണ്ടായി. അങ്ങനെ 1886 ജനുവരി 22-ന് ഏകാന്തവാസത്തിന്നായി ആ മഹാത്മാവ് ഹോശിയാർപൂരിലെത്തി. ശൈഖ് സാഹിബിന്റെ വീടിന്റെ രണ്ടാം നിലയിലാണ് താമസത്തിനുള്ള ഏർപ്പാട് ചെയ്തത്. എന്നിട്ട് തന്റെ കൂടെയുള്ളവരോട് പറഞ്ഞു, ഈ നാളുകളിൽ നിങ്ങൾ ആരുംതന്നെ എന്നോട് സംസാരിക്കരുത്. ഭക്ഷണം എന്റെ മുറിയിൽ കൊണ്ടുവന്ന് വെക്കുക. എനിക്ക് ഇഷ്ടമുള്ളപ്പോൾ ഞാൻ കഴിച്ചുകൊള്ളും.' അങ്ങനെ ഏകാന്തവാസം തുടങ്ങി. ആ സമയത്ത് പല കാര്യങ്ങളും അല്ലാഹു അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ഹോശിയാർപൂരിൽ താമസിച്ചുകൊണ്ടിരിക്കേ ഫെബ്രുവരി 20-ാം തിയ്യതി ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അത് വിവിധ പ്രദേശങ്ങളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഈ വിജ്ഞാപനത്തിൽ പല പ്രവചനങ്ങളും അടങ്ങിയിരുന്നു. അതിൽ പലതും ആ മഹാത്മാവിന്റെ ജീവിതത്തിൽതന്നെ പുലരുകയും പലതും അദ്ദേഹത്തിനുശേഷവും അല്ലാഹു പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

1886 ഫെബ്രുവരി 20-നാണ് ഇത് പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതിൽ പല ഗുണഗണങ്ങളോടും കൂടി തനിക്ക് ജനിക്കാൻ പോകുന്ന മകനെക്കുറിച്ചാണ് പ്രവചനം ചെയ്തിരുന്നത്. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് ചുട്ടമറുപടി നൽകുന്നതിനുവേണ്ടി ഇസ്‌ലാമിന്റേയും ഇസ്‌ലാം മതസ്ഥാപകരുടേയും സത്യതക്കുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നതിന്നായി പ്രാർത്ഥനയിൽ മുഴുകിയ സന്ദർഭത്തിലാണ് അല്ലാഹു ഈ പ്രവചനങ്ങൾ ആ മഹാത്മാവിന് നൽകിയത്. അതുകൊണ്ട് ഈ പ്രവചനം ഒരു സാധാരണ പ്രവചനമല്ല. ഈ പ്രവചനവും ഈ പ്രവചനത്തിൽ പറയപ്പെട്ട വ്യക്തിയും ഇക്കാലത്ത് ഇസ്‌ലാമിന്റെ മഹത്വം പ്രകടിപ്പിക്കുന്ന അടയാളങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ബയ്അത്ത് വാങ്ങാൻ പറഞ്ഞ അതേവർഷം തന്നെയാണ് (1889) ഈ പ്രവചനത്തിൽ പറയപ്പെട്ട വാഗ്ദത്ത പുത്രൻ ജനിക്കുന്നത്.........

പ്രവചനത്തിൽ 52 അടയാളങ്ങളാണ് ഉൾക്കൊണ്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട മറ്റു പ്രവചനങ്ങൾ ക്കൂടി എടുക്കുകയാണെങ്കിൽ ആകെ 59 അടയാളങ്ങൾ ഉണ്ടെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ ഒരു സ്ഥലത്ത് പറഞ്ഞിട്ടുണ്ട്.

ഈ പ്രവചനത്തിൽ പറഞ്ഞതുപ്രകാരമുള്ള കുട്ടി ഒമ്പതുവർഷത്തിനുള്ളിൽ ജനിക്കുമെന്നും അല്ലാഹുവിൽനിന്നു ലഭിച്ച അറിവനുസരിച്ചു ആ മഹാത്മാവ് പ്രസിദ്ധീകരിക്കുകയുണ്ടായി........

ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് കുറച്ച് മാസ

ങ്ങൾ കഴിഞ്ഞപ്പോൾ ആ മഹാത്മാവിന്റെ വീട്ടിൽ ഒരു പെൺകുട്ടി ജനിക്കുകയുണ്ടായി. ഈ കുട്ടിയുടെ ജനനത്തോടെ പ്രവചനം പൊളിഞ്ഞുപോയെന്ന് പറഞ്ഞ് എതിരാളികൾ ഒച്ചപ്പാടുണ്ടാക്കി. ഇതിനു മറുപടിയായി ആ മഹാത്മാവ് പറഞ്ഞു. ഇത്രവർഷത്തിനുള്ളിൽ ജനിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഉടനെ ജനിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇതിനുശേഷം ഒരാൺകുട്ടി അദ്ദേഹത്തിന്റെ വീട്ടിൽ ജനിച്ചു. ബശീർ എന്ന് ആ കുട്ടിക്ക് പേരിട്ടു. ബശീർ അവ്വൽ എന്നാണ് ആ കുട്ടി അറിയപ്പെടുന്നത്. കുറച്ചുകാലം ജീവിച്ച് ചെറുപ്രായത്തിൽതന്നെ ഈ കുട്ടിയും വഫാത്താകുകയുണ്ടായി. എതിരാളികൾ വീണ്ടും ഒച്ചപ്പാടുണ്ടാക്കി. ഈ രണ്ട് കുട്ടികൾ ജനിക്കുന്നതിനു മുമ്പേ പ്രസിദ്ധീകരിച്ച പ്രവചനങ്ങളെ വളരെ മോശമായ വാക്കുകളിൽ പരിഹസിച്ചുകൊണ്ട് പണ്ഡിറ്റ് ലേഖ്റാം മറ്റു ചില പ്രവചനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഉദാഹരണത്തിന് വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിലുണ്ടായിരുന്ന വാഗ്ദത്ത പുത്രന്റെ ഒരു ഗുണം പറഞ്ഞിരുന്നത് അവൻ അങ്ങേയറ്റം ബുദ്ധിമാനും അത്ഭുതകരമായ കാര്യക്ഷമതയുള്ളവനും ആയിരിക്കും എന്നാണ്. അതിനുപകരമായി ലേഖ്റാം എഴുതിയത്: 'ദൈവം എനിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്, അദ്ദേഹത്തിന്റെ സന്താനപരമ്പര വളരെ വേഗം അവസാനിച്ചുപോകുന്നതാണ്. കവിഞ്ഞാൽ മൂന്നുകൊല്ലംവരെ നിലനിൽക്കും. ഇനി ആൺകുട്ടി ജനിക്കുകയാണെങ്കിൽ തന്നെ അവൻ അനുഗ്രഹത്തിന്റെ അടയാളമായിരിക്കില്ല. മറിച്ച് ശാപത്തിന്റെ (നഊദുബില്ലാഹ്) അടയാളമായിരിക്കും, ഇതേപോലുള്ള പലതും ലേഖ്റാം പറഞ്ഞിരുന്നു. മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രവചനം പുലർന്നതോടുകൂടി അല്ലാഹു വാഗ്ദത്ത മസീഹിനോട് വാഗ്ദാനം ചെയ്തിരുന്നതുപോലെ ഇനി പരമ്പര നിന്നിൽനിന്നും തുടങ്ങുന്നത് എന്നതനുസരിച്ച് ഇന്ന് അദ്ദേഹത്തിന്റെ ശാരീരിക സന്താനങ്ങളേയും ലോകത്ത് വ്യാപിപ്പിച്ചിരിക്കുകയാണ്. ലേഖ്റാമിന്റെ സന്താനങ്ങൾ ഇന്ന് എവിടെയെങ്കിലും ഉണ്ടോ എന്നുതന്നെ അറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയസന്താനങ്ങൾ ലോകത്ത് എല്ലായിടത്തും വ്യാപിച്ചിരിക്കുകയാണ്. ഓരോ നാട്ടിലും നക്ഷത്രങ്ങളെപ്പോലെ അവർ തിളങ്ങിക്കൊണ്ടിരിക്കുകയാണ്.

മുമ്പേ പറഞ്ഞതിലേക്കുതന്നെ മടങ്ങാം. ബശീർ അവ്വൽ മരിച്ചപ്പോൾ ശത്രുക്കൾ കയ്യടിച്ചു വിജയമാഘോഷിച്ചു. ലേഖ്റാമിന്റെ കൂട്ടർ തുള്ളിച്ചാടുകയായിരുന്നു. അപ്പോഴെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് അല്ലാഹു എന്നോട് പറഞ്ഞ കാലാവധിവരെ നിങ്ങൾ കാത്തിരിക്കുക എന്നാണ്. ഈ കാലയളവ് വളരെ ദൈർഘ്യമുള്ളതാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഇത്രയുംകാലം ഞാൻ ജീവിച്ചിരിക്കും എന്ന് ആർക്കാണ് ഉറപ്പിച്ച് പറയാൻ സാധിക്കുക? എന്നിട്ടല്ലേ മകൻ ജനിക്കും എന്ന പ്രവചനം സ്വയം നടത്താൻ കഴിയുക. കുട്ടികൾ ജനിക്കും എന്ന് ആർക്കും പറയാമല്ലോ. എന്നാൽ കുട്ടി ജനിക്കും എന്നതിനോടൊപ്പം ആ കുട്ടിയോടൊപ്പം പല അടയാളങ്ങളും ഉണ്ടാകും എന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. ആ കുട്ടിയുടെ അടയാളങ്ങൾ പറഞ്ഞുകൊണ്ട് ആ അടയാളങ്ങൾ വെളിപ്പെടുമ്പോൾ ഈ പ്രവചനം നടത്തിയ വ്യക്തി തീർച്ചയായും ദൈവത്തിൽ നിന്നുള്ള അരുളപ്പാടനുസരിച്ചാണ് പ്രവചനങ്ങൾ ചെയ്തതെന്ന സത്യം ലോകം തിരിച്ചറിയുന്നതാണ്.

ആ മഹാത്മാവ് പറയുന്നു: "ഏതെല്ലാം ഗുണവിശേഷണങ്ങളോടുകൂടിയ കുട്ടി ജനിക്കും എന്നാണോ പറഞ്ഞിട്ടുള്ളത് അതിന്റെ ജനനത്തെക്കുറിച്ച്, കാലാവധി അത് ഒമ്പത് വർഷത്തിൽ ഇരട്ടിയാണെങ്കിൽപോലും ഒരിക്കലും ആ പ്രവചനത്തിന്റെ മഹത്വത്തിന് അതൊരു കളങ്കവും ചാർത്തുന്നതല്ല. മറിച്ച്, ഓരോ മനുഷ്യന്റേയും നീതിബോധം അവനോട് പറയുക, ഇങ്ങനെയുള്ള ഒരു മഹാനായ വ്യക്തിത്വത്തെക്കുറിച്ചുള്ള സുവാർത്ത അടങ്ങിയിരിക്കുന്ന പ്രവചനം ചെയ്യൽ മനുഷ്യകഴിവുകൾക്ക് അതീതമാണെന്നാണ്. ഇവിടെ കുട്ടി ജനിക്കും എന്നതിനോടൊപ്പം ഇത്രവർഷത്തിനുള്ളിൽ ജനിക്കുമെന്നും ദീർഘായുഷ്മാനായിരിക്കുമെന്നും ഇസ്‌ലാമിനുവേണ്ടി സേവനം ചെയ്യുന്നവനായിരിക്കുമെന്നും തിരുനബി(സ)യുടെ നാമം ലോകത്ത് പരത്തുമെന്നും ലോകത്തിന്റെ കോണുകളോളം ഖ്യാതി പ്രാപിക്കുന്നവനാണെന്നും പ്രവചനം ചെയ്തിരിക്കുന്നു.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് വിവിധങ്ങളായ ആക്ഷേപങ്ങൾ വന്നുകൊണ്ടിരുന്നു. ബശീർ അവ്വലിന്റെ വഫാത്തിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു: "എതിരാളികളുടെ മറ്റൊരു ആക്ഷേപം 1886 ഏപ്രിൽ 8-ലെ വിജ്ഞാപനത്തിൽ പറയപ്പെട്ട കുട്ടി ജനിക്കുകയും ചെറുപ്രായത്തിൽതന്നെ മരിക്കുകയും ചെയ്തിരിക്കുന്നുവെന്നാണ്. അതിന്റെ വിശദമായ മറുപടി ഇതിൽ ഞാൻ എഴുതിയിട്ടുണ്ട്. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. ഇന്നേവരെയുള്ള ഒരു വിജ്ഞാപനത്തിലുംതന്നെ ഈ കുട്ടിയായിരിക്കും ദീർഘായുഷ്മാനായ കുട്ടി എന്നോ, ഇവനായിരിക്കും മുസ്‌ലിഹ് മൗഊദ് എന്നോ നാം എഴുതിയിട്ടില്ല. എന്നാൽ, 1886 ഫെബ്രവരി 20-ാം തിയ്യതി പ്രസിദ്ധീകരിച്ച നമ്മുടെ വിജ്ഞാപനത്തിൽ ചില സന്താനങ്ങളെക്കുറിച്ച് അവർ ചെറുപ്രായത്തിൽ മരിക്കുന്നതാണെന്ന പ്രവചനം അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ചിന്തിക്കുക. ഈ കുട്ടിയുടെ മരണത്തോടുകൂടി ഒരു പ്രവചനം പുലരുകയാണോ ചെയ്തത് അതല്ല പുലരാതാകുകയാണോ? മാത്രമല്ല, നാം ജന

ങ്ങളുടെ ഇടയിൽ പ്രസിദ്ധീകരിച്ച ഇൽഹാമുകളിൽ അധികവും ഈ കുട്ടിയുടെ മരണത്തെയാണ് സൂചിപ്പിച്ചിരുന്നത്. 1886 ഫെബ്രവരി 20-ാം തിയ്യതിയിലെ വിജ്ഞാപനത്തിൽ 'സുന്ദരനായ പരിശുദ്ധപുത്രൻ നിന്റെ അതിഥിയായി വരുന്നുണ്ടെന്ന് കാണാം. ഈ അതിഥി എന്നത് ഈ കുട്ടിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ അതിഥി എന്ന വാക്കുതന്നെ അവന്റെ കുറഞ്ഞ ആയുസ്സും പെട്ടെന്ന് മരിക്കുന്നതാണെന്നുമുള്ള സൂചന നൽകുന്നുണ്ട്. കാരണം അതിഥി കുറച്ചുദിവസം നിന്നതിനുശേഷം തിരിച്ചുപോകുന്നതാണ്. നമ്മുടെ കൺമുമ്പിൽ വെച്ചുതന്നെ വിട പറഞ്ഞുപോകുന്നതാണ്. എന്നാൽ, മറ്റുള്ളവരെ യാത്ര അയക്കുന്നവൻ അതിഥിയായിരിക്കില്ല. ആ വിജ്ഞാപനത്തിലുണ്ടായിരുന്ന മറ്റൊരു വചനം 'അവൻ പാപങ്ങളിൽനിന്ന് പൂർണ്ണമായും മുക്തനായിരിക്കും' എന്നതും അവന്റെ കാലാവധി വളരെ കുറച്ചു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നതിലേക്കുള്ള സൂചനയായിരുന്നു. എന്നാൽ, ഇതെല്ലാം മുസ്‌ലിഹ് മൗഊദിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് എന്ന വഞ്ചനയിൽ അകപ്പെട്ടുപോകരുത്. മുകളിൽ പറയപ്പെട്ട എല്ലാ ഇൽഹാമുകളും മരിച്ചുപോയ കുട്ടിയെക്കുറിച്ചായിരുന്നുവെന്ന് ഇൽഹാം മുഖേന എനിക്ക് വെളിപ്പെടുത്തപ്പെടുകയുണ്ടായി. എന്നാൽ, മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം തുടങ്ങുന്നത് അവന്റെ കൂടെ അനുഗ്രഹമുണ്ടാകും, അത് അവന്റെ വരവോടുകൂടി വരുന്നതാണ് എന്നതുമുതലാണ്. ചുരുക്കത്തിൽ മുസ്‌ലിഹ് മൗഊദിന്റെ നാമം ഇൽഹാമിൽ ഫള്ൽ എന്നു വെച്ചിട്ടുണ്ട്. അവന്റെ മറ്റൊരു പേര് മഹ്മൂദ് എന്നും മൂന്നാമത്തെ പേര് രണ്ടാം ബശീർ (ബശീർ സാനി) എന്നുമാണ്. ഒരു ഇൽഹാമിൽ അവന്റെ പേര് ഫള്ലെ ഉമർ എന്നാണെന്നും വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബശീർ അവ്വൽ ജനിക്കുകയും തിരിച്ചെടുക്കപ്പെടുകയും ചെയ്യുന്നതുവരെ ഈ വാഗ്ദത്തപുത്രന്റെ ജനനം നടക്കാൻ പാടില്ലായിരുന്നു. കാരണം ഈ കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ ഹിക്മത്ത് അവന്റെ കാൽക്കീഴിലാണ് വെച്ചിരുന്നത്. ഇപ്പോൾ മരിച്ചുപോയ ബശീർ അവ്വൽ ബശീർ സാനിക്ക് വഴിയൊരുക്കാനായി വന്നവനാണ്. അതുകൊണ്ടാണ് രണ്ടു പേരെക്കുറിച്ച് ഒരു ഇൽഹാമിൽ ഒരേ സ്ഥലത്തുതന്നെ പ്രതിപാദിച്ചിരിക്കുന്നത്. ഈ പ്രവചനത്തിന്റെ മൂന്നു വർഷത്തിനുശേഷം 1889 ജനവരി 12-ാം തിയ്യതി ഈ വാഗ്ദത്തപുത്രൻ ജനിക്കുകയുണ്ടായി. അദ്ദേഹത്തിന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എന്ന് പേരിട്ടു. '***സിർറുൽ ഖിലാഫ***' എന്ന തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം എഴുതുന്നു: "എന്റെ ചെറിയ മകന് (ബശീർ അവ്വൽ) അല്ലാഹു മുലകുടി പ്രായത്തിൽതന്നെ മരണം നല്കി. അപ്പോൾ അല്ലാഹു ഇൽഹാം മുഖേന എന്നെ അറിയിച്ചു. നാം ആ കുട്ടിയെ നിന്നോടുള്ള ഇഹ്സാൻ മുഖേന നിന്നിലേക്ക് തിരിച്ചയക്കുന്നതാണ്. അതേപോലെ ഈ കുട്ടിയുടെ മാതാവും സ്വപ്നത്തിൽ കാണുകയുണ്ടായി, ബശീർ വന്നിരിക്കുന്നു, എന്നിട്ടവൻ പറയുകയാണ് ഞാൻ താങ്കളെ വളരെ സ്നേഹത്തോടുകൂടി കൂടിക്കാഴ്ച നടത്തുന്നതാണ്. വേഗം വേർപിരിയുന്നതല്ല. ഈ ഇൽഹാമിനും സ്വപ്നത്തിനും ശേഷം അല്ലാഹു എനിക്ക് മറ്റൊരു കുട്ടിയെ നല്കി. ഇവനാണ് വാഗ്ദത്തം ചെയ്ത ബശീർ എന്ന് അപ്പോൾ എനിക്ക് ബോധ്യമായി. അല്ലാഹു തന്റെ വാക്കുകൾ നിറവേറ്റുന്നവനാണ്. അതിനാൽ, ഈ മകന്റെ പേർ ഞാൻ ബശീർ എന്നുതന്നെ വെച്ചു. ഈ കുട്ടിയിൽ എനിക്ക് ബശീർ അവ്വലിന്റെ രൂപം ദർശിക്കാൻ സാധിക്കുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മഹാനായ സുതനിൽ, ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിൽ മുസ്‌ലിഹ് മൗഊദിന്റെ പ്രവചനം പ്രൗഢോജ്ജ്വലമായ രീതിയിൽ പുലരുകയുണ്ടായി. ഓരോ ലോകവും ഇതേറ്റു പറയുകയുണ്ടായി. ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ വഫാത്തിനുശേഷം അദ്ദേഹം ഖലീഫയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 52 വർഷം അദ്ദേഹത്തിന്റെ ഖിലാഫത്ത് നിലനിന്നു. അദ്ദേഹത്തിന്റെ കാലത്ത് ജമാഅത്ത് മറുനാടുകളിൽ വ്യാപിച്ചതുതന്നെയും ഈ പ്രവചനത്തിന്റെ സത്യതക്കുള്ള സജീവമായ തെളിവാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തെ ഇപ്പോൾ വിവരിക്കുക എന്നത് പ്രയാസം മാത്രമല്ല, അസാധ്യവുമാണ്.

മറ്റൊരു കാര്യം നാം മനസ്സിലാക്കേണ്ടത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) അല്ലാഹു താനാണ് മുസ്‌ലിഹ് മൗഊദ് എന്നു പറയാത്തതുവരെ അത് സ്വയം വെളിപ്പെടുത്തിയിരുന്നില്ല എന്നതാണ്. അല്ലാഹുവിൽനിന്നും അറിവ് ലഭിച്ചതിനുശേഷം 1944ലാണ് താൻതന്നെയാണ് മുസ്‌ലിഹ് മൗഊദ് പ്രവചനത്തിൽ പറയപ്പെട്ട വ്യക്തിയെന്ന് ലോകത്തോട് പറഞ്ഞത്. ഇസ്‌ലാം ലോകത്തിന്റെ കോണുകളോളം എത്തിക്കുമെന്ന് പറയപ്പെട്ട ആ മുസ്‌ലിഹ് മൗഊദും ഞാൻ തന്നെ. ഞാൻ മുഖേന തൗഹീദ് ലോകത്ത് സ്ഥാപിതമാകുന്നതാണ് എന്നും പറയുകയുണ്ടായി.

ഈ പ്രവചനം പൂർത്തിയായതിനെക്കുറിച്ച് അന്യർ പറഞ്ഞത് ഇപ്രകാരമാണ്: മൗലവി സമീഉല്ലാഹ് ഖാൻ സാഹിബ് ഫാറൂഖി വലിയൊരു അനഹ്മദി പണ്ഡിതനായിരുന്നു. പാക്കിസ്ഥാന്റെ സ്ഥാപനത്തിന് മുമ്പേ 'ഇസ്ഹാറെ ഹഖ്' എന്ന നോട്ടീസിൽ ഇപ്രകാരമെഴുതി: "അദ്ദേഹത്തിന് (വാഗ്ദത്ത മസീഹിന്) ഇപ്രകാരം ഒരു അറിയിപ്പ് ലഭിച്ചിരുന്നു. അതായത്, നിന്റെ ജമഅത്തിനായി നിന്റെ സന്താനങ്ങളിൽപെട്ട ഒരാളെ നല്കുന്നതാണ്. അവനെ തന്റെ സാമീപ്യവും വഹ്‌യ്കളും

മുഖേന അനുഗ്രഹിക്കുന്നതാണ്. അവൻ മുഖേന സത്യം വിജയിക്കുന്നതാണ്. പലരും സത്യം സ്വീകരിക്കുന്നതാണ്." ഈ പ്രവചനത്തെ നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് വായിക്കുവിൻ. ഈ പ്രവചനം പൂർത്തിയായിട്ടില്ലേ എന്ന് ആത്മാർത്ഥതയോടുകൂടി പറഞ്ഞാലും ഈ പ്രവചനം ചെയ്ത സമയത്ത് ഇപ്പോഴുള്ള ഖലീഫ ഒരു കുട്ടിയായിരുന്നു. ഇദ്ദേഹത്തെ ഖലീഫയാക്കണമെന്ന ഒരു വസിയ്യത്തും മിർസാ സാഹിബ് ചെയ്തിട്ടില്ല. ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തിന് വിട്ടിരിക്കുകയായിരുന്നു. ആദ്യഖലീഫയായി ഭൂരിപക്ഷ ജനങ്ങളും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെയാണ് തിരഞ്ഞെടുത്തത്. ഈ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എതിരാളികൾ ഈ പ്രവചനം പൊക്കിപ്പിടിച്ച് പരിഹസിക്കുകപോലും ചെയ്യുകയുണ്ടയി. എന്നാൽ, ഹക്കീം സാഹിബിന്റെ ഖിലാഫത്തിനുശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫയായി നിയമിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്ത് അഹ്മദിയ്യത്ത് കൈവരിച്ച വിജയം അത്ഭുതാവഹമാണ്. മിർസാ സാഹിബിന്റെ കാലത്തുപോലും അഹ്മദികളുടെ എണ്ണം വളരെ കുറച്ചായിരുന്നു. ഖലീഫാ നൂറുദ്ദീന്റെ കാലത്തും പറയത്തക്ക അഭിവൃദ്ധിയൊന്നുമുണ്ടായിട്ടില്ല. എന്നാൽ, ഇപ്പോഴുള്ള ഖലീഫയുടെ കീഴിൽ മിർസാഇയ്യത്ത് ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തിയിരിക്കുന്നു. ഇപ്പോഴുള്ള കണക്ക് നമ്മോട് പറയുന്നത് അടുത്ത കാനേഷുമാരി കണക്കെടുമ്പോൾ (1931-ലെ കാര്യമാണ് പറയുന്നത്) മുമ്പത്തേക്കാളും ഇരട്ടിയിൽ കൂടുതൽ എണ്ണം കാണിക്കുന്നതാണ്. എന്നാൽ, മിർസാഇയ്യത്തിനെ തകർക്കുന്നതിന് സംഘടിതമായ പ്രവർത്തനങ്ങൾ എതിരാളികളിൽ നിന്ന് ഇതിന് മുമ്പേ ഇത്ര ശക്തമായിട്ടുണ്ടായിട്ടില്ല.

ഇത് അനഹ്മദിയായ ഒരാളുടെ അഭിപ്രായപ്രകടനമാണ്. കുറച്ചൊക്കെ യാഥാർത്ഥ്യങ്ങൾ എഴുതാൻ അറിയുന്ന ഒരാളായിരുന്നു ഇദ്ദേഹം. ഇന്നത്തെ പണ്ഡിതന്മാരെപോലെ തികച്ചും അന്ധനല്ലായിരുന്നു.

ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്ന് ഒരാളെ ജമാഅത്തിനായി എഴുന്നേൽപിക്കപ്പെട്ടു. അദ്ദേഹം മുഖേന ജമാഅത്തിന് അത്ഭുതാവഹമായ വിജയം ലഭിക്കുകയും ചെയ്തു. ഇതിൽനിന്ന് വ്യക്തമാകുന്നത് മിർസാ സാഹിബിന്റെ പ്രവചനം അക്ഷരംപ്രതി പുലർന്നിരിക്കുന്നുവെന്നാണ്.

രംഗീൻ അമൃത്സർ പത്രത്തിന്റെ എഡിറ്ററായ ഒരു അമുസ്ലിം എഴുത്തുകാരൻ അർജുൻസിംഗ് എഴുതുന്നു: ഇപ്പോഴുള്ള ഖലീഫ കുട്ടിയായിരുന്ന കാലത്ത് 1901-ൽ മിർസാ സാഹിബ് ഒരു പ്രവചനം ചെയ്തിരുന്നു. (ഇദ്ദേഹം 1901 എന്നാണ് എഴുതിയത് കാരണം ദുർറേ സമീൻ എന്ന ഗ്രന്ഥത്തിലെ ഒരു പദ്യമാണ് അദ്ദേഹം എഴുതുന്നത്. ആ പദ്യം ഇപ്രകാരമാണ് മസീഹ് മൗഊദ്(അ) അല്ലാഹുവിനോട് പറയുകയാണ്, നീ എനിക്ക് ഒരു മകനെക്കുറിച്ചുള്ള സുവാർത്ത നല്കി. ഒരുകാലത്ത് ആ കുട്ടി എന്റെ പ്രിയനായി മാറുന്നതാണ്. ഈ ചന്ദ്രൻ അന്ധകാരത്തെ നീക്കുന്നതാണ്. അവൻ മുഖേന ലോകത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുന്നതാണ്. ഈ പ്രവചനത്തെക്കുറിച്ചാണ് പറയുന്നത്) ഈ പ്രവചനം വളരെ അത്ഭുതകരമായതാണ്. 1901-ൽ മിർസാ ബശീറുദ്ദീൻ വലിയ പണ്ഡിതനൊന്നുമായിരുന്നില്ല.അദ്ദേഹത്തിന്റെ രാഷ്ട്രനൈപുണ്യം അന്ന് വെളിപ്പെട്ടിരുന്നില്ല. ഈ അവസരത്തിൽ ഇന്നയിന്ന ഗുണങ്ങളോടുകൂടിയ ഒരു മകനുണ്ടാകുമെന്ന് വിളംബരപ്പെടുത്തുക എന്നത് തീർച്ചയായും ആത്മീയശക്തിയെയാണ് തെളിയിക്കുന്നത്. മിർസാ സാഹിബ് ഒരു വാദമുന്നയിച്ച് ഒരു പ്രസ്ഥാനത്തിന് ഇവിടെ തുടക്കം കുറിച്ചത് തന്റെ മരണശേഷം പിൻഗാമിയായി തന്റെ മകൻ വാഴ്ത്തപ്പെടുമെന്ന് ഒരുപക്ഷേ അദ്ദേഹം ധരിച്ചിരിക്കാം എന്നൊക്കെ പറഞ്ഞ് നമുക്ക് രക്ഷപ്പെടാം. എന്നാൽ, ഇത് തികച്ചും തെറ്റായ ധാരണയായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു. കാരണം മിർസാ സാഹിബ് ഖിലാഫത്തിനെ തന്റെ കുടുംബവുമായി ബന്ധപ്പെടുത്തുകയോ ഖലീഫമാർ തന്റെ മക്കളിൽനിന്നായിരിക്കുമെന്ന് പറയുകയോ ചെയ്തിട്ടില്ല. ആദ്യത്തെ ഖലീഫക്ക് മിർസാ സാഹിബുമായി കുടുംബപരമായി ഒരു ബന്ധവുമില്ല. മാത്രവുമല്ല മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു ശേഷവും മറ്റുള്ളവർക്ക് ഖലീഫമാരാകാനുള്ള അവസരമുണ്ടായിരുന്നു. ഈ സമയത്ത് ലാഹോർ ജമാഅത്തിന്റെ അമീറായ മൗലവി മുഹമ്മദലി ഖലീഫയുടെ സ്ഥാനാർത്ഥിത്വത്തിൽ വരുമായിരുന്നു. എന്നാൽ ഭൂരിഭാഗം ജനങ്ങളും മിർസാ ബശീറുദ്ദീന്റെ കൂടെയാണ് നിന്നത്. അങ്ങനെയാണ് അദ്ദേഹം ഖലീഫയായത്.

അർജുൻസിംഗ് സാഹിബ് എഴുതുന്നു. "വലിയ മിർസാ സാഹിബിൽ ആത്മീയമായ ഏതോ ഒരു ശക്തി പ്രവർത്തിക്കുന്നില്ലായിരുന്നെങ്കിൽ തന്റെ ഒരു മകൻ ഇവ്വിധ ഗുണങ്ങളോടുകൂടിയവനായിരിക്കുമെന്ന് അദ്ദേഹത്തിന് എങ്ങനെ അറിയാൻ സാധിച്ചു. ആ സമയത്ത് അദ്ദേഹത്തിന് മൂന്ന് മക്കളുണ്ടായിരുന്നു. എന്നാൽ, പ്രവചനം ഒരു മകനെക്കുറിച്ചായിരുന്നു. ഈ പ്രവചനം വളരെ വ്യക്തമായി പുലർന്നതായി കാണുന്നു. മാത്രമല്ല, ആ സുതൻ ലോകത്ത് വലിയ വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു." (*20.2.2009-ലെ ഖുത്ബയിൽനിന്ന്. വിവ: എം. നാസിർ അഹ്മദ്*).

ലേഖനം

എൻ. ഇ.ഹഖ്

# നമസ്ക്കാരം:

## പാപങ്ങളിൽനിന്നുള്ള രക്ഷാമാർഗ്ഗം , ദൈവപ്രാപ്തിക്കുള്ള രാജമാർഗ്ഗം

ഈ കാലഘട്ടത്തിൽ ഇസ്‌ലാമിക സ്വലാത്തിന്റെ യാഥാർത്ഥ്യവും ആത്മീയ തത്വശാസ്ത്രവും അതിന്റെ അനുഗ്രഹങ്ങളും വരദാനങ്ങളും വാഗ്ദത്തമഹ്ദീമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ നമുക്കായി വിവരിച്ചുതന്നിട്ടുണ്ട്. മനുഷ്യന്റെ പവിത്രീകരണത്തിന്നുള്ള ആത്യന്തികമായ ആത്മീയോപാധി നമസ്ക്കാരമല്ലാതെ മറ്റൊന്നുമല്ലെന്ന് ആ മഹാത്മാവ് വ്യക്തമാക്കുന്നു. വരാനിരിക്കുന്ന ആപത്തുകളിൽനിന്നുള്ള മുൻകൂർ രക്ഷയാണ് ഓരോ നമസ്ക്കാരവും.

സ്വലാത്ത് അഥവാ ഇസ്‌ലാമിക നമസ്ക്കാരം ദൈവാരാധനയുടെയും പ്രാർത്ഥനകളുടെയും സമുന്നതമായ സമന്വയമാണ്. ദൈവത്തിനുമുമ്പിൽ സമർപ്പിക്കപ്പെടുന്ന എല്ലാ ഉപാസനകളുടെയും സ്തോത്രങ്ങളുടെയും ഏറ്റവും പരിശ്രേഷ്ഠമായ രൂപമാണ് നമസ്ക്കാരം. അത്യുന്നതനായ രക്ഷിതാവിന്റെ റുബൂബിയത്തിനുമുമ്പിൽ (സൃഷ്ടിപരിപാലകത്വത്തിനുമുമ്പിൽ) മനുഷ്യന്റെ എളിമയാർന്ന ഉബൂദിയത്ത് (ദാസത്വം) പ്രകടമാക്കുന്ന പാവനമായ വേദിയാണ് ഓരോ നമസ്ക്കാരവും. മറ്റൊരു മതത്തിലും മറ്റൊരു വിശ്വാസസങ്കൽപത്തിലും ഇതുപോലൊരു ഉൽക്കൃഷ്ടമായ ആരാധനാരീതി കാണുകയില്ല. മറ്റൊരു മതവും നമസ്ക്കാരം പോലെ ദൈവത്തിന്റെ രക്ഷാകർതൃത്വത്തെ (റുബൂബിയത്തിനെ) മനുഷ്യന്റെ ദാസത്വവുമായി (ഉബൂദിയത്തുമായി) സമാഗമിപ്പിക്കുന്ന ആരാധനാരീതി പഠിപ്പിക്കുന്നുമില്ല. നമസ്ക്കാരത്തിലെ ഓരോ അംഗവിന്യാസങ്ങളും മനുഷ്യന്റെ ഈ ദാസത്വത്തെ പ്രതിഫലിപ്പിക്കുന്ന വിവിധ ആത്മീയഭാവങ്ങളാണ്.

### ഖിലാഫത്തിന്റെ സംസ്ഥാപനം നമസ്ക്കാരത്തിലൂടെ

വിശുദ്ധഖുർആൻ നമസ്ക്കാരത്തിന് ഏറ്റവും സുപ്രധാനമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്. അതിന്റെ ഒട്ടേറെ പ്രയോജനങ്ങളും നേട്ടങ്ങളും അല്ലാഹുവിന്റെ ഗ്രന്ഥം നമുക്ക് വിവരിച്ചുതരുന്നു. മഹത്തായ ഖിലാഫത്തിന്റെ സംസ്ഥാപനം നമസ്ക്കാരവുമായിട്ടാണ് വിശുദ്ധഖുർആൻ ബന്ധപ്പെടുത്തുന്നത്. വിശ്വാസികൾ അനുഷ്ഠിക്കുന്ന നമസ്ക്കാരങ്ങളാണ് സന്മാർഗ്ഗ ഖിലാഫത്തിനെ ജീവത്താക്കിനിർത്തുകയും കരുത്തുറ്റതാക്കുകയും ചെയ്യുന്നത്. ഇസ്‌ലാമിനെയും സത്യനിഷേധത്തെയും വേർതിരിക്കുന്ന അടയാളം നമസ്ക്കാരമാണെന്നാണ് നബി(സ) തിരുമേനി ഓർമ്മിപ്പിച്ചിട്ടുള്ളത്. അശ്രദ്ധകൊണ്ടോ മനഃപൂർവ്വമായോ നമസ്ക്കാരം ഉപേക്ഷിക്കുന്നത് കുറ്റകരമാണ്. രോഗംകൊണ്ട് പ്രയാസപ്പെടുന്നവർക്കും തളർവാതരോഗിക്കുപോലും സാധ്യമായ രീതിയിൽ ചെയ്യാവുന്ന നമസ്ക്കാരരീതി ഇസ്‌ലാം നിർദ്ദേശിച്ചിട്ടുണ്ട്. യാത്രാവേളയിലും യുദ്ധാവസരത്തിൽപോലും നമസ്ക്കാരം സൂക്ഷിച്ചുപാലിക്കണമെന്നാണ് ഇസ്‌ലാം നിഷ്ക്കർഷിച്ചിട്ടുള്ളത്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു:അന്ത്യനാളിൽ ഒരാളോട് ആദ്യമായി കണക്കെടുക്കുന്നത് നമസ്ക്കാരത്തെക്കുറിച്ചാണ്. അതുശരിയാണെങ്കിൽ അയാൾ വിജയിക്കുകയും പുരോഗതിപ്പെടുകയും ചെയ്യും. എന്നാൽ, അതുശരിയല്ലെങ്കിൽ അയാൾ നഷ്ടപ്പെട്ടവനായിത്തീരുകയും നാശമടയുകയും ചെയ്യും. അവിടുന്ന് അവസാനമായി ഉമ്മത്തിനെ ഉപദേശിച്ചതും നമസ്ക്കാരത്തെക്കുറിച്ചായിരുന്നു.

ശാരീരികമായി നോക്കുമ്പോൾ നമസ്ക്കാരം വ്യായാമംപോലെ ഗുണപ്രദമാണ്. നിത്യേനയുള്ള വ്യായാമം ശരീരത്തിലെ കൊഴുപ്പിനെ അകറ്റുന്നതുപോലെ ഇസ്‌ലാമിക നമസ്ക്കാരം ദഹനക്കേടിനെ തടയുകയും രക്തചംക്രമണം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഉത്തമമായ വ്യായാമരൂപമാണ്. നമസ്ക്കാരം ബുദ്ധിശക്തിയെ വർദ്ധിപ്പിക്കുന്നു. തലച്ചോറിലേക്കുള്ള രക്തപ്രവാഹമാണ് ബുദ്ധിയെ ഊർജ്ജസ്വലമാക്കുന്നത്. നമസ്ക്കാരത്തിൽ നെറ്റിത്തടം നിലത്തു തൊടുവിക്കുന്ന സാഷ്ടാംഗാവസ്ഥയിൽ (സുജൂദിൽ) തലച്ചോറിലേക്ക് രക്തം പ്രവഹിക്കുന്നു. ഇതുകൂടാതെ നമസ്ക്കാരം അസ്ഥിരോഗനിവാരണ മാർഗ്ഗങ്ങളടങ്ങിയതുമാകുന്നു. അതുകൊണ്ടുതന്നെയാണ് നബി(സ) പറഞ്ഞത്: *ഇന്ന ഫീ സ്വലാത്തി ശിഫാഅ* നിശ്ചയമായും സ്വലാത്തിൽ രോഗശമനമുണ്ട്എന്ന്. വിശുദ്ധഖുർആൻ പറയുകയാണ്:

***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഹി***
***വൽമുൻകറി വൽബഗീ***

നിശ്ചയമായും സ്വലാത്ത് അഥവാ നമസ്ക്കാരം നീചപ്രവൃത്തികളേയും നിഷിദ്ധകർമ്മങ്ങളേയും ദോഷപ്രവണതകളേയും തടയുന്നു(29:46).

വിശുദ്ധഖുർആൻ പറയുന്നത്, സ്വലാത്ത് മനുഷ്യനെ അപമാനത്തിലേക്ക് നയിക്കുന്ന എല്ലാതരം നീചവൃത്തികളേയും തടയുന്ന അത്ഭുതകരമായ പരിചയാണെന്നാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു:ഈ സൂക്തത്തിന് അനുകൂലാത്മകവും പ്രതികൂലാത്മകവുമായ രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. രണ്ടും മാതൃകായോഗ്യമായ മനുഷ്യസ്വഭാവം വളർത്തിയെടുക്കുന്നതിൽ ഏറ്റവുമേറെ അനുപേക്ഷണീയവുമാണ്. പ്രതികൂലാത്മക വ്യാഖ്യാനമനുസരിച്ച് നമസ്ക്കാരം ആരാധകനെ എല്ലാതരത്തിലുള്ള പാപങ്ങളിൽനിന്നും മോചിപ്പിക്കുന്നതി

ന് സഹായിക്കുന്നുവെന്നുള്ളതാണ്. അനുകൂലാത്മ കവ്യാഖ്യാനമനുസരിച്ചാകട്ടെ, നമസ്ക്കാരം മനുഷ്യ നെ പ്രബുദ്ധനാക്കുകയും ദൈവഭാഷണത്തിന് അർ ഹനാക്കിത്തീർക്കുന്നതരത്തിൽ അത് അവന്റെ സ്വ ഭാവഗുണങ്ങളെ അത്യുന്നതിയിലോളം വളർത്തിയെ ടുക്കുകയും ചെയ്യുന്നു എന്നുള്ളതാണ് (An Elementary Study of Islam).

**എന്താണ് നമസ്ക്കാരം?**

എന്താണ് നമസ്ക്കാരം? നമസ്ക്കാരത്തിന്റെ യാ ഥാർത്ഥ്യവും ആത്മീയതത്ത്വശാസ്ത്രവും അതിന്റെ അനുഗ്രഹവരദാനങ്ങളും വെളിപ്പെടുത്തിക്കൊണ്ട് വാ ഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദുൽഖാദിയാ നി(അ) ഇപ്രകാരം വിവരിക്കുന്നു:

ദുശ്ചിന്തകളെയും ദുരാഗ്രഹങ്ങളെയും ദുരീക രിക്കാനും പരിശുദ്ധമായ സ്നേഹവും പരിശുദ്ധമാ യ ബന്ധവും ലഭിക്കാനും ദൈവികകൽപനകൾക്കു വിധേയമായി ജീവിതം നയിക്കാനുംവേണ്ടി വേദന യോടും സങ്കടത്തോടും ചൂടോടുംകൂടി സഹായം തേ ടുന്ന ഒരു പ്രാർത്ഥനയാണ് നമസ്ക്കാരം. ദുആ അഥ വാ പ്രാർത്ഥന നാവുകൊണ്ടുമാത്രമുള്ളതല്ലെന്നും അ തോടൊപ്പം അകതാരിൽ ഒരുതരം നീറ്റലും ജ്വലനവും ചൂടും ഉണ്ടാകേണ്ടത് നിർബന്ധമാണെന്നും സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. പ്രാർത്ഥനാവേളയിൽ മ നുഷ്യന്റെ ഒരുതരം മരണത്തിന്റേതായ അവസ്ഥ പ്രാ പിക്കാത്ത കാലത്തോളം അല്ലാഹു പ്രാർത്ഥന സ്വീ കരിക്കുകയില്ല (Speech at the Annual Conference, 1906, പേ. 6,7, മൽഫൂസാത്ത്, വാല്യം 9, പേ. 101,102).

നമസ്ക്കാരം യഥാർത്ഥത്തിൽ സമുന്നതമായ ഒ രു പ്രാർത്ഥനയാണെന്നാണ് വാഗ്ദത്തമസീഹ്(അ) ചൂ ണ്ടിക്കാട്ടുന്നത്. ഹൃദയവും നാവും തമ്മിലുള്ള സ മഞ്ജസമായ സമന്വയമാണ് സ്വലാത്ത് എന്നുപറയു ന്ന നമസ്ക്കാരത്തെ സൃഷ്ടിക്കുന്നത്. പാപകർമ്മങ്ങ ളിൽനിന്നു രക്ഷാമാർഗ്ഗം തേടുന്നവനാണ് യഥാർത്ഥ നമസ്ക്കാരത്തെ സ്വായത്തമാക്കുന്നത്. മനുഷ്യനിൽ ദുഷ്കർമ്മം വരൾച്ചപോലെയാണ് പ്രവർത്തിക്കുന്നത്. ഈ വരൾച്ച സ്രഷ്ടാവായ ദൈവത്തിൽനിന്നുള്ള വേർപാടിൽനിന്നുണ്ടാകുന്നതാണ്. അതിനുള്ള പ്രതി വിധിയാകട്ടെ ദൈവവുമായുള്ള സുദൃഢമായ ആ ത്മൈക്യം മാത്രമാണ്. ഈ ആത്മൈക്യം സ്വലാത്ത് അഥവാ നമസ്ക്കാരത്തിലൂടെ മാത്രമേ ലഭിക്കുക യുള്ളൂ എന്നു വാഗ്ദത്തമസീഹ്(അ) ഓർമ്മിപ്പിച്ചു. ദൈവസ്മരണയുടെ വെള്ളംകൊണ്ട് സേചനം ചെയ്യപ്പെടാത്ത ഹൃദയനിലം വരണ്ടുണങ്ങുന്നു. ദൈവത്തോടുതന്നെ യാചിക്കുക എന്നതു മാത്രമാണ് അതിനുള്ള പ്രതിവിധി. നമസ്ക്കാരത്തിന്റെ യാ ഥാർത്ഥ്യം വിശദീകരിച്ചുകൊണ്ട് വാഗ്ദത്തമസീഹ് ഹ ദ്റത്ത് മിർസാഗുലാം അഹ്മദുൽ ഖാദിയാനി(അ) പ റയുകയാണ്:

വേർപാടിന്റെ നേരത്ത് തനിയ്ക്കു കൂടിക്കാഴ് ചയും സമാഗമവും ലഭിക്കുന്നതിനായി ദൈവത്തിന്റെ സന്നിധാനത്തിൽ കരഞ്ഞും വിലപിച്ചും നടത്തുന്ന ഒരുകേണപേക്ഷയാണ് നമസ്ക്കാരം എന്നു മനസ്സി ലാക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, അല്ലാഹു വി ശുദ്ധനാക്കാത്തേടത്തോളം ആർക്കും വിശുദ്ധനാ കാൻ സാദ്ധ്യമല്ല. അവൻ സ്വയം കൂടിക്കാഴ്ച അനു വദിക്കാത്തേടത്തോളം ആർക്കും അവനുമായി കൂ ടിക്കാഴ്ച നടത്താൻ സാധ്യമല്ല. മനുഷ്യന്റെ കഴു ത്തിൽ പലതരത്തിലുള്ള വളയങ്ങളും ചങ്ങലകളും വീണുകിടക്കുകയാണ്. അതിൽനിന്നു മോചനം നേ ടണമെന്ന് അവൻ ആഗ്രഹിക്കുന്നുവെങ്കിലും അവ നെക്കൊണ്ട് അതാവുന്നില്ല. വിശുദ്ധനാകണമെന്ന് അ വനാഗ്രഹമുണ്ടായിട്ടും മനുഷ്യൻ നഫ്സ് അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിനാൽ പതറി പ്പോകുന്നു. പാപങ്ങളിൽനിന്ന് വിശുദ്ധനാക്കുക എന്ന ത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ശക്തികൊണ്ട് നിങ്ങളെ വിശുദ്ധനാക്കിത്തീർക്കാൻ കഴിയുന്ന ഒരു ശക്തിയും ഇല്ല. അതുകൊണ്ട് പരിശുദ്ധമായ വികാ രങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നമസ്ക്കാരം വച്ചിട്ടുള്ളത് ( Speech at the Annual Conference, 1906, പേ. 6,7 മൽഫൂസാത്ത്, വാ ല്യം 9, പേ. 101,102).

മനുഷ്യനെ ശാരീരികവികാരങ്ങളുടെ അടിമയാക്കി അമിതത്വത്തിലേക്കും അനാശാസ്യതയിലേക്കും പ്രേ രിപ്പിക്കുന്നത് അവനിലെ നഫ്സ്അമ്മാറാ അഥവാ ദോ ഷപ്രവണമായ ആത്മസ്ഥിതിയാണ്. ഈ ദോഷകലു ഷിതമായ ആത്മാവിന്റെ ബന്ധനങ്ങളെ പൊട്ടിച്ചെറി യാനുള്ള ആദ്ധ്യാത്മികശക്തി മനുഷ്യന് ലഭ്യമാകുന്ന ത് നമസ്ക്കാരത്തിലൂടെ മാത്രമാണ്. ദോഷപ്രവണ മായ ആത്മാവിനെ കീഴടക്കാനുള്ള ശക്തിവിശേഷം മനുഷ്യന്റെ പ്രകൃതിയിൽതന്നെ നിക്ഷിപ്തമാണെന്നു വാഗ്ദത്തമസീഹ്(അ) പറയുന്നു. തീയണക്കുക എന്ന ഗുണം വെള്ളത്തിന്റെ പ്രകൃതിയിലടങ്ങിയതാ ണ്. വെള്ളം എത്രതന്നെ ചൂടാക്കിയാലും ഈ ഗുണം ഒരിക്കലും നഷ്ടപ്പെടുന്നില്ല. പാപിയായ ഓരോ മനു ഷ്യനിലും ഇതുപോലെ പവിത്രീകരണശക്തി അടങ്ങി യിട്ടുണ്ട്. അതുകൊണ്ട് പാപചിന്ത നിങ്ങളെ നന്മയുടെ മാർഗ്ഗത്തിൽനിന്ന് തടയരുതെന്ന് വാഗ്ദത്തമസീഹ് ഓർമ്മിപ്പിക്കുന്നു. ആ മഹാത്മാവ് പറയുകയാണ്:

നിങ്ങൾ പാപികളാണെന്ന് ഒരിക്കലും ധരിക്കരുത്. നിങ്ങളുടെ പ്രാർത്ഥനകൾ കേൾക്കുകയില്ലെന്നും വി ചാരിച്ചുപോകരുത്. മനുഷ്യൻ തെറ്റുകൾ ചെയ്യുന്നു വെങ്കിലും ദോഷപ്രവണമായ ആത്മാവിനെ അവന് ജയിച്ചടക്കാൻ കഴിയുന്ന ഒരുസമയം തീർച്ചയായും വന്നെത്തുന്നതാണ്. ദോഷപ്രവണമായ ആത്മാവിനെ കീഴടക്കാനുള്ള ശക്തിവിശേഷം മനുഷ്യന്റെ പ്രകൃ തിയിൽതന്നെ നിക്ഷിപ്തമാണ്. തീയണക്കുക എന്ന

ഗുണം വെള്ളത്തിന്റെ പ്രകൃതിയിൽ അടങ്ങിയതാണ ല്ലോ. വെള്ളം നിങ്ങൾ എത്രതന്നെ തിളപ്പിച്ചാലും തീയിലേക്ക് അതൊഴിക്കുമ്പോൾ അതു കെട്ടുപോകുന്നു. അതാണ് വെള്ളത്തിന്റെ പ്രകൃതിഗുണം. ഇതുപോലെ തന്നെയാണ് മനുഷ്യന്റെ പവിത്രീകരണപ്രകൃതവും. ഓരോ മനുഷ്യനും ഈ പവിത്രീകരണശക്തിയുണ്ട്. പാപം ചെയ്തു എന്നകാരണം കൊണ്ട് നിങ്ങൾ ഒരിക്കലും പരാജിതരായിക്കരുതരുത്. പാപം എന്നത് വസ്ത്രത്തിൽപുരണ്ട അഴുക്കുപോലെയാണ്. അതു കഴുകിക്കളയാവുന്നതേയുള്ളൂ. നിങ്ങളുടെ അഭിലാഷം നിങ്ങളുടെ സ്വഭാവങ്ങളെയും നിങ്ങളുടെ താൽപര്യങ്ങളെയും ഒരുവേള ജയിച്ചടക്കിയേക്കാം. നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുക. അവനൊരിക്കലും നിങ്ങളുടെ പ്രാർത്ഥനകളെ നിഷ്ഫലമാക്കിക്കളയുകയില്ല. ദൈവം അത്യന്തം ഔദാര്യവാനാണ്(ബദ്ർ, 1907, quoted from Way of the Seekers - Hadhrath Mirza Basheeruddin Mahmood Ahmed).

**ഹൃദയത്തിലെ അതിസൂക്ഷ്മ ബിംബങ്ങൾ**

മനുഷ്യന്റെ ആവശ്യങ്ങൾ നിവർത്തിക്കാനുള്ള പ്രാർത്ഥനകൾക്കുള്ള ഏറ്റവും ഉചിതമായ അവസരവും സ്വലാത്ത് അഥവാ നമസ്ക്കാരം ആണ്. വാഗ്ദത്തമസീഹ് (അ) പറയുന്നത്, പ്രാർത്ഥനമുഖേന സാധ്യമാകുന്ന ഏറ്റവും വലിയ നേട്ടം ദൈവസാമീപ്യം പ്രാപിക്കാൻ കഴിയുന്നുവെന്നതാണെന്നാണ്. പക്ഷേ, ഈ മാർഗ്ഗത്തിലെ മനുഷ്യന്റെ ഏറ്റവും വലിയ തടസ്സം ലോലമായ വഴികളിൽ കുടികൊള്ളുന്ന അവന്റെ ആരാധ്യവസ്തുക്കളാണ്. ദുശ്ചിന്തകളുടെയും ദുരാഗ്രഹങ്ങളുടെയും ശാരീരികവികാരങ്ങളുടെയും രൂപത്തിലുള്ള ബിംബങ്ങളാണവ. ഈ ബിംബങ്ങൾ അതീവ സൂക്ഷ്മങ്ങളാണെന്നാണ് വാഗ്ദത്തമസീഹ്(അ) പറയുന്നത്. ഇവയെ പുറത്തേക്ക് വലിച്ചെറിഞ്ഞാൽ മാത്രമെ ഹൃദയത്തെ അല്ലാഹുവിനുവേണ്ടി പരിശുദ്ധനാക്കാൻ സാധിക്കുകയുള്ളൂ.

ആ മഹാത്മാവ് തുടരുകയാണ്:

ജനങ്ങൾ തങ്ങളുടെ കക്ഷങ്ങളിൽ ഇറുക്കിപ്പിടിച്ച് നടക്കുന്ന സൂക്ഷ്മമായ ആ ബിംബങ്ങളെ പുറത്താക്കുക എന്നത് ദുഷ്ക്കരമായൊരു കാര്യമാണ്. വലിയവലിയ തത്ത്വചിന്തകന്മാർക്കും പണ്ഡിതൻമാർക്കും അവയെ തങ്ങളുടെ ഉള്ളിൽനിന്നു പുറത്താക്കാൻ സാധ്യമല്ല. ദൈവാനുഗ്രഹത്തിന്റെ സൂക്ഷ്മദർശിനിയിലൂടെയല്ലാതെ കാണാൻകഴിയാത്ത അതിസൂക്ഷ്മങ്ങളായ കീടങ്ങളാണവ. മനുഷ്യന് അത് വലിയ നഷ്ടം വരുത്തിവെക്കുന്നു. അല്ലാഹുവിന്റെയും സ്വന്തം വർഗ്ഗത്തിലുള്ളവരുടെയും അവകാശങ്ങൾ ധ്വംസിച്ച് മനുഷ്യനെ പരിധിക്കപ്പുറത്തേക്ക് കൊണ്ടുപോകുന്ന ആ ബിംബങ്ങൾ ശാരീരികവികാരങ്ങളാണ്. പണ്ഡിതൻമാരെന്നും വിദ്വാൻമാരെന്നും മൗലവിമാരെന്നും ഹദീസ് പഠിച്ചിട്ടുള്ളവരെന്നും പറയപ്പെടുന്നവരിൽ പലർക്കും തങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്ന ബിംബങ്ങളെ തിരിച്ചറിയാൻ കഴിയുന്നില്ല എന്നുമാത്രമല്ല, അവർ അവയെ ആരാധിക്കുകയും ചെയ്യുന്നു. വളരെയേറെ ധീരനായ ഒരാൾക്കല്ലാതെ ഈ ബിംബങ്ങൾ ഉപേക്ഷിക്കാനാവില്ല (Speech at the Annual Conference, 1906, പേ. 5, മൽഫൂസാത്ത്, വാള്യം 9, പേ. 105).

**മുസ്‌ലിംകളുടെ ദുരവസ്ഥ**

നമസ്ക്കാരം പവിത്രീകരണത്തിനുള്ള മഹത്തായ ഒരു മാർഗ്ഗമായിരിക്കേ ഇക്കാലത്തെ മുസ്‌ലിംകൾക്കിടയിൽ അത് വെറുമൊരു ചടങ്ങായി മാത്രം അവശേഷിക്കുന്നു. സ്വലാത്തിന്റെ ആന്തരികയാഥാർത്ഥ്യവും ആത്മീയതത്ത്വശാസ്ത്രവും മുസ്‌ലിംലോകത്തിന് അജ്ഞാതമാണ്. നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യം ഈ കാലഘട്ടത്തിൽ മുസ്‌ലിംകളുടെ ആത്മീയപുനരുദ്ധാനവുമായും ഖിലാഫത്തുമായും ആണ് ബന്ധപ്പെട്ടിരിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ മൗലവി അബുൽ അഅ്‌ലാ മൗദൂദിയെ പോലെയുള്ളവർ നമസ്ക്കാരത്തെ കവാത്ത് കളിയോടാണ് താരതമ്യപ്പെടുത്തിയത്. ദൈവാരാധനയെപോലും കവാത്തുമായി സാദൃശ്യപ്പെടുത്തിയ ലോകത്തിലെ ആദ്യത്തെ മതപണ്ഡിതൻ!! നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യവും അതിന്റെ തത്ത്വശാസ്ത്രവും വിവരിച്ചു കേൾക്കുമ്പോൾ ഇത്തരം മൗലവിമാരുടെ അനുയായികളുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നേക്കാം.

നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യം അവർക്ക് തീർത്തും അജ്ഞാതമാണ്. അവരുടെ പള്ളികൾ നിർഭാഗ്യവശാൽ കത്തിക്കുത്തിനും വടിവാൾപ്രയോഗത്തിനുമുള്ള ഇടമായി മാറിയിരിക്കുന്നു. നമസ്ക്കാരത്തിലെ ബാഹ്യചേഷ്ടകളിലാണ് മുസ്‌ലിം എന്നുപറയുന്നവർ കണിശമായ ശ്രദ്ധപുലർത്തിക്കാണുന്നത്- കൊട്ടാരസദൃശമായ പള്ളികൾ മൽസരബുദ്ധിയോടെ പണിതുയർത്തുകയും അതിൽ നീണ്ട നമസ്ക്കാരങ്ങൾ കൊണ്ടാടുകയും ചെയ്യുന്നതിലാണ്. എങ്കിലും അതിന്റെ ആന്തരികയാഥാർത്ഥ്യം ഉൾക്കൊള്ളാൻ അവർക്കു കഴിയുന്നില്ലെന്നതാണ് സത്യം. ജപങ്ങളിൽ മാത്രമേ അവർ ശ്രദ്ധിക്കുന്നുള്ളൂ. ഏറ്റവും പരിതാപകരമായ കാര്യം നമസ്ക്കാരത്തിനുശേഷമാണ് പ്രാർത്ഥനയെന്നോണം കൈകളുയർത്തുന്നത് എന്നതാണ്. മഹോന്നതായ ഒരു വ്യക്തിയുടെ സമക്ഷം തന്റെ നിവേദനം സമർപ്പിച്ചു പിരിഞ്ഞശേഷം തിരിഞ്ഞുനിന്നു, ദേ കുറച്ചുകൂടി കേട്ടാലും... എന്നു പറയുന്നതുപോലെയുള്ള പരിഹാസ്യമായ ഒരു കൃത്യമാണ് അവരുടേത്. പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടാവുമ്പോൾ തട്ടിപ്പും കൂടോത്രങ്ങളും നടത്തുന്ന കപടസിദ്ധൻമാരുടെ അടുക്കലേക്കോടുന്ന മുസ്‌ലിംകളേയും നമുക്കു കാണാൻ കഴിയുന്നു.

വാഗ്ദത്തമസീഹ്(അ) പറയുകയാണ്:

നമസ്ക്കാരം സമുന്നതമായ സ്ഥാനത്തുള്ള ദുആയാണ്. എന്നാൽ ജനം അതിനെ വിലമതിക്കുന്നില്ല. ഇക്കാലത്തെ മുസ്ലിംകൾ ജപങ്ങളിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്... ദുഃഖത്തോടെ പറയട്ടെ, ഇതെല്ലാം അനാചാരങ്ങളാണ്. സ്വലാത്തിന്റെ യാഥാർത്ഥ്യം ഇവർക്കറിയില്ല. എന്നല്ല, ഇവർ ദൈവികശാസനകളെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. നമസ്ക്കാരം നിലവിലിരിക്കെ ദുആ ചെയ്യുന്നവന് ഈ അനാചാരങ്ങളുടെയൊന്നും ആവശ്യമില്ല. പ്രയാസങ്ങളുണ്ടാകുമ്പോൾ വുളുചെയ്ത് നമസ്ക്കരിക്കുകയും അതിൽ ദുആ ചെയ്യുകയുമാണ് നബി(സ) തിരുമേനിയുടെ രീതി. നമസ്ക്കാരത്തേക്കാൾ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകുന്ന ഒന്നും ഇല്ലെന്നത് നമ്മുടെ അനുഭവമാണ്. നമസ്ക്കാരത്തിലെ ഓരോ ഭാവങ്ങളും ആദരവ്, വിനയം എളിമത്തം എന്നിവയെ പ്രകടിപ്പിക്കുന്നു. ഖിയാം അഥവാ നിൽക്കുന്ന അവസ്ഥയിൽ ആരാധകൻ തന്റെ കൈകൾ കെട്ടി തന്റെ യജമാനന്റെയോ രാജാവിന്റെയോ മുമ്പിൽ ആദരവോടെ നിൽക്കുന്ന ഒരടിമയെപ്പോലെ നില കൊള്ളുന്നു. റുക്കൂഅ് അഥവാ കുനിപ്പിന്റെ അവസ്ഥയിൽ ആരാധകൻ വിനയപൂർവ്വം കുമ്പിടുന്നു. പരമമായ നിസ്സഹായാവസ്ഥയെ സൂചിപ്പിക്കുന്ന സജദ അഥവാ സാഷ്ടാംഗപ്രണാമത്തിൽ വിനയത്തിന്റെ പരമമായ അവസ്ഥയിൽ എത്തിച്ചേരുന്നു( Speech of Annual Conference, 1906, പേ. 6,8).

വാഗ്ദത്തമസീഹ്(അ) തുടർന്നുപറയുന്നു:

സ്വലാത്ത് അഥവാ നമസ്ക്കാരം ആരാധകന്റെ ഭക്തിവിനയത്തിനുള്ള ഏറ്റവും ഫലപ്രദമായ മാനദണ്ഡമാണ്. നമസ്ക്കാരത്തിലുടനീളം ആരാണോ കരയുന്നത് അവനാണ് സുരക്ഷിതത്വം ലഭ്യമാകുന്നത്. തന്റെ മാതാവിന്റെ മടിയിലിരുന്ന് കരയുകയും മാതാവിന്റെ സ്നേഹലാളനകൾ അനുഭവിക്കുകയും ചെയ്യുന്ന ഒരുകുഞ്ഞിനെപ്പോലെ പ്രാർത്ഥനാവേളയിൽ വിനയത്തോടും ഉരുകുന്ന ഹൃദയത്തോടും ദൈവത്തോടു താണുകേഴുന്നയാളാണ് ദൈവത്തിന്റെ പരിപാലകത്വത്തിന്റേയും കാരുണ്യത്തിന്റെയും മടിയിൽ ഇടം കണ്ടെത്തുന്നത്. സ്വലാത്തിൽ യാതൊരു ആനന്ദവും കണ്ടെത്താത്തയാൾ വിശ്വാസത്തിന്റെ രുചി ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തവനാകുന്നു. ശാരീരികമായ അംഗവിന്യാസങ്ങൾ മാത്രമല്ല സ്വലാത്ത്കൊണ്ടുദ്ദേശിക്കുന്നത്. ചിലരാകട്ടെ, കോഴികൊത്തുന്നതുപോലെയാണ് നമസ്ക്കാരം അനുഷ്ഠിക്കുന്നത്. എന്നിട്ട് അതിനുശേഷം നീണ്ട പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു. അതായത്, ഔപചാരികമായ ഒരു ചടങ്ങുപോലെ നമസ്ക്കാരം ഞൊടിയിടയിൽ അവർ അവസാനിപ്പിക്കുന്നു. എന്നാൽ സ്വലാത്തിൽ തന്നെയാണ് സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കാൻ ഏറ്റവും നല്ല അവസരം. സ്വലാത്തിൽ നിന്ന് ഒരു പ്രയോജനവും നേടാതെയാണ് അക്കൂട്ടർ പ്രാർത്ഥന ആരംഭിക്കുന്നത്. എന്നാൽ, നിങ്ങളുടെ പ്രാർത്ഥനകൾ സ്വലാത്തിന്റെ അവസരത്തിൽതന്നെയായിരിക്കേണ്ടതാണ്. സ്വലാത്തിനെ പ്രാർത്ഥനകൾക്കും കേണപേക്ഷകൾക്കുമുള്ള മാർഗ്ഗമാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്! (മൽഫൂസാത്ത്, വാല്യം 2, പേ. 145).

പ്രാർത്ഥന നമസ്ക്കാരത്തിൽ തന്നെയായിരിക്കണമെന്നാണ് വാഗ്ദത്തമസീഹ്(അ) മുസ്ലിംകളെ ഉണർത്തുന്നത്. നമസ്ക്കാരത്തിലെ ഓരോ അംഗവിന്യാസവും സത്യത്തിൽ അല്ലാഹുവിന്റെ മുമ്പിലുള്ള മനുഷ്യന്റെ വിവിധ ആത്മീയഭാവങ്ങളുടെ പ്രകടനങ്ങളാണ്. ഹൃദയത്തിൽ പ്രതികരണങ്ങളുണ്ടാവാത്ത കാലത്തോളം മനുഷ്യന്റെ എല്ലാ ബാഹ്യചേഷ്ടകളും വെറും പ്രകടനങ്ങൾ മാത്രമായിട്ടേ അവശേഷിക്കുന്നുള്ളൂ. ഇസ്ലാമിലെ സ്വലാത്ത് മനുഷ്യന്റെ ശരീരത്തിലും ആത്മാവിലും ഒരുപോലെ പ്രതികരണങ്ങൾ ഉളവാക്കാൻ ഉതകുന്നതരത്തിലുള്ള പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ സ്വലാത്ത് ആത്മാവിന്റെ തന്നെ നമസ്ക്കാരമാണ്. ശരീരത്തിന്റെ ചലനങ്ങൾ ആത്മാവിലെ ചലനങ്ങളുടെ പ്രതീകങ്ങൾ മാത്രമായി മാറുന്നു. ആത്മാവിന്റെ ചലനം ദൈവത്തെക്കുറിച്ചുള്ള മഹത്തായ തിരിച്ചറിവിൽനിന്ന് രൂപപ്പെടുന്നതാണെന്നതാണ് സത്യം. ഈ തിരിച്ചറിവ് ദിവ്യജ്ഞാനത്തിൽനിന്നും ദിവ്യാനുഗ്രഹത്തിൽനിന്നുമാണുണ്ടാകുന്നത്. അതുകൊണ്ടാണ് വാഗ്ദത്തമസീഹ് (അ) പറഞ്ഞത്, ദുആ ദൈവത്തിൽനിന്ന് വരികയും അത് അവനിലേക്കുതന്നെ തിരിച്ചുപോകുകയും ചെയ്യുന്നുവെന്ന്.

വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പറയുകയാണ്:

ദിവ്യജ്ഞാനം ലഭിച്ചശേഷവും ദിവ്യാനുഗ്രഹത്തിലൂടെയും ചെയ്യുന്ന പ്രാർത്ഥന മറ്റൊരു നിറത്തിലും മറ്റൊരു അവസ്ഥയിലും ഉള്ളതാകുന്നു. അത് സ്വയം നാശംവരുത്തുന്ന ഒന്നാണ്. ആത്മാവിനെ ഉരുക്കിക്കളയുന്ന തീയാണത്. അത് റഹ്മത്തിനെ ആകർഷിക്കുന്ന കാന്തശക്തിയാണ്. അത് ജീവൻ നൽകുന്ന ഒരുതരം മരണമാണ്. അത് ഒരു രക്ഷാനൗകയായി മാറുന്ന ഉഗ്രമായ ജലപ്രളയമാണ്. എല്ലാ വിഷവും അതുമുഖേന ഒടുവിൽ അമൃതായി മാറുന്നു (ലക്ചർ സിയാൽക്കോട്ട്,).

**പ്രാർത്ഥനയും സർ സയ്യിദ് അഹ്മദ്ഖാനും**

എന്നാൽ, മുസ്ലിം പണ്ഡിതവൃന്ദം പ്രാർത്ഥനയുടെ ഫലദായകത്വത്തെക്കുറിച്ച് ഒന്നും അറിയാത്തവരാണെന്നതാണ് അത്ഭുതകരം. ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ വിജയത്തിന്റെ നിദാനം പ്രാർത്ഥനയാണെന്ന കാര്യം അവർക്കറിയില്ല. മൗലവി മൗദൂദിയെപോലെ നമസ്ക്കാരംതന്നെ കവാത്തുകളിയായി വ്യാഖ്യാനിക്കുന്നിടത്തോളം താണിറങ്ങിയവരേയും

നാം കണ്ടു. പ്രാർത്ഥനയുടെ ആത്യന്തികമായ പ്രസക്തിയെതന്നെ സംശയിക്കുന്നവരാണ് അവരിലുള്ളവർ. സർ സയ്യിദ് അഹ്മദ്ഖാൻ അത്തരത്തിലുള്ള ഒരാളായിരുന്നു. പ്രാർത്ഥനയുടെ സ്വീകാര്യതയെപ്പറ്റി ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും ഒരാരാധനാ രീതി എന്നതിൽ കവിഞ്ഞ് പ്രാർത്ഥനാസ്വീകാര്യത എന്നൊന്നില്ലെന്ന വീക്ഷണമായിരുന്നു അദ്ദേഹത്തിന്റേത്. **അദ്ദുആ വൽ ഇസ്തിജാബ** എന്ന കൃതിയിൽ പ്രാർത്ഥനയെ സംബന്ധിച്ച തന്റെ വിധിവിശ്വാസപരമായ വീക്ഷണം അദ്ദേഹം അവതരിപ്പിച്ചു. എന്താണോ വിധിക്കപ്പെട്ടത് അത് മനുഷ്യന്റെ ഭാഗത്തുനിന്നുള്ള പ്രാർത്ഥന ഉണ്ടായാലും ഇല്ലെങ്കിലും സംഭവിക്കുന്നു. പ്രാർത്ഥനകൊണ്ടുള്ള ഒരേയൊരു നേട്ടം ദൈവത്തിന്റെ സർവ്വശക്തിത്വത്തെയും പ്രതാപത്തെയും കുറിച്ചുള്ള വികാരവായ്പിൽ തന്റെ വിഷമതകളും ആശങ്കകളും അകന്നുപോയെന്നുള്ള ഒരവസ്ഥ പ്രാർത്ഥിക്കുന്നയാൾക്ക് ഉണ്ടാകുന്നു എന്നതുമാത്രമാണ്. അപ്പോൾ ദുആ അഥവാ പ്രാർത്ഥന എന്തെങ്കിലും ഉദ്ദേശ്യപൂർത്തിക്കുള്ള മാർഗ്ഗമോ ഏതെങ്കിലും ലക്ഷ്യം നേടിയെടുക്കാനുള്ള സഹായോപാധിയോ അല്ല, മറിച്ച്, പ്രാർത്ഥന ഫലത്തിൽ വെറുമൊരു വൃഥാവൃത്തിയാണെന്നാണ് സർ സയ്യിദ് അഹ്മദ്ഖാൻ അർത്ഥമാക്കിയത്.

സർസയ്യിദിന്റെ തികച്ചും തെറ്റായ വീക്ഷണങ്ങൾക്കുള്ള മറുപടിയായി വാഗ്ദത്തമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) **ബറക്കാത്തുദ്ദുആ** (പ്രാർത്ഥനയുടെ അനുഗ്രഹാശിസ്സുകൾ) എന്ന പേരിൽ ഒരു പുസ്തകം എഴുതുകയും പ്രാർത്ഥനയുടെ ആത്യന്തികമായ ഫലദായകത്വത്തെ അഗ്നിശോഭയോടെ സ്ഥാപിക്കുകയും ചെയ്തു. എല്ലാം നാം മുൻകൂട്ടി വിധിക്കപ്പെട്ടതായി ഗണിച്ചുതുടങ്ങിയാൽ പ്രാർത്ഥനയുടെ കാര്യത്തിലെന്നപോലെ മരുന്ന് ഉപയോഗിക്കുന്നതും ഉപയോഗിക്കാത്തതും ഒരുപോലെ ഫലശൂന്യമായിത്തീരില്ലേ എന്ന് വാഗ്ദത്തമസീഹ്(അ) സർസയ്യിദിനോടു ചോദിച്ചു. ചികിത്സാശാസ്ത്രം തീർത്തും അടിസ്ഥാനമില്ലാത്തതാണെന്നോ യഥാർത്ഥ ഭിഷഗ്വരന് ചികിത്സാരംഗത്ത് ഒന്നും ചെയ്യാനാവില്ലെന്നോ അദ്ദേഹം പറഞ്ഞുകളയുമോ? ദൈവികവിധിയെ സംബന്ധിച്ച ഉറച്ചവിശ്വാസമുള്ളയാളായിരിക്കെതന്നെ മരുന്നിന്റെ ഫലദായകത്വത്തിൽ വിശ്വസിക്കാൻ കഴിയുന്നുണ്ടെന്നിരിക്കെ സർവ്വശക്തനായ ദൈവത്തിന്റെതന്നെ സമാനമായ മറ്റൊരു നിയമത്തോട് എന്തിനാണദ്ദേഹം വിവേചനം കാട്ടുകയും അസ്വസ്ഥപ്പെടുകയും ചെയ്യുന്നത് എന്നും വാഗ്ദത്തമസീഹ് ചോദിച്ചു (ബറക്കാത്തുദ്ദുആ, പേ. 11,12).

വാഗ്ദത്തമസീഹ് (അ) തുടർന്നു:

യാഥാർത്ഥ്യമെന്തെന്നാൽ, സയ്യിദ് സാഹിബിന് പ്രാർത്ഥനയുടെ യഥാർത്ഥ തത്ത്വശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞുകൂടെന്നുമാത്രമല്ല, അതിന്റെ അത്യഗാധമായ ഫലദായകത്വത്തെക്കുറിച്ച് വ്യക്തിപരമായ അനുഭവങ്ങളൊന്നും അദ്ദേഹത്തിന് ഒട്ടും ഉണ്ടായിട്ടില്ലെന്നതുമാണ്. പഴകിയതും ദ്രവിച്ചതും ഫലശൂന്യവുമായ മരുന്ന് ഒരു നീണ്ടകാലം സേവിക്കുകയും എന്നിട്ട് അതിന്റെ ഫലമില്ലായ്മ കണ്ട് മരുന്നൊന്നും പ്രയോജനമില്ലാത്തതാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരാളെപ്പോലെയാണ് അദ്ദേഹം

**പ്രാർത്ഥനാസ്വീകാര്യതയുടെ യാഥാർത്ഥ്യം**

തുടർന്ന് വാഗ്ദത്തമസീഹ് (അ) പൊതുജനങ്ങളുടെ ഗുണത്തിനായി പ്രാർത്ഥനാസ്വീകാര്യതയുടെ യാഥാർത്ഥ്യം മാസ്മരികമായ വാക്കുകളിൽ വിവരിക്കുകയുണ്ടായി. ആ മഹാത്മാവ് ഇങ്ങനെ തുടർന്നു:

ഒരു സാത്ത്വികനായ വ്യക്തിയും അദ്ദേഹത്തിന്റെ രക്ഷാധിനാഥനും തമ്മിൽ പരസ്പരമുള്ള ആകർഷണബന്ധത്തെയാണ് ചുരുക്കത്തിൽ പ്രാർത്ഥന എന്നുപറയുന്നത്. അതായത്, ദൈവത്തിന്റെ അനുഗ്രഹം ഒരാളെ ആദ്യം അവനിലേക്ക് അടുപ്പിക്കുകയും അനന്തരം ആ വ്യക്തിയുടെ ആത്മാർഥതയുടെ കാന്തികശക്തിമുഖേന ദൈവം അയാളിലേക്ക് അടുക്കുകയും ചെയ്യുന്നു. പ്രാർത്ഥിക്കുന്ന അവസരത്തിൽ ഈ ബന്ധം അത്ഭുതകരമായ ഗുണഫലങ്ങൾ അനാവൃതമാക്കുന്ന ഒരു ദശയിൽ എത്തിച്ചേരുന്നു. അപ്പോൾ അത്യധികം പ്രയാസത്തിലകപ്പെട്ട ഒരു മനുഷ്യൻ പരിപൂർണ്ണവിശ്വാസദാർഢ്യത്തോടും പരിപൂർണ്ണമായ പ്രതീക്ഷയോടും പരിപൂർണ്ണമായ അർപ്പണബോധത്തോടും പൂർണ്ണദൃഢനിശ്ചയത്തോടും പ്രാർത്ഥനക്കായി വീഴുന്നു. തുടർന്ന് അയാൾ പൂർണ്ണമായ ഉണർവ്വോടെ ആത്മസംഹരണത്തിന്റെ വിതാനത്തിൽ മുന്നേറുകയും അശ്രദ്ധയുടെ എല്ലാ തിരശ്ശീലകളും പറിച്ചെറിയുകയും ചെയ്യുന്നു. അപ്പോൾ അയാളതാ തന്റെ മുമ്പിൽ ദൈവത്തിന്റെ തിരുസവിധം കണ്ടെത്തുകയായി. ദൈവത്തിന് പങ്കുകാരാരുമില്ലെന്ന് അങ്ങനെ അയാൾ തിരിച്ചറിയുന്നു. അവന്റെ തിരുസന്നിധിയിൽ അയാളുടെ ആത്മാവ് പ്രണിപതിക്കുകയും അയാളിൽ നിക്ഷിപ്തമായ ആകർഷണശക്തി സർവ്വശക്തനായ ദൈവത്തിന്റെ വരദാനങ്ങളെ തന്നിലേക്കാകർഷിക്കുകയും ചെയ്യുന്നു. അതോടുകൂടിയാണ് മഹോജ്ജ്വലനായ ദൈവം അയാളുടെ ലക്ഷ്യപൂർത്തിക്കായുള്ള കാര്യങ്ങളൊരുക്കുകയും എല്ലാ പ്രാഥമികവഴികളും പ്രാർത്ഥനയുടെ ഫലമുളവാക്കുകയും അതുവഴി ലക്ഷ്യപൂർത്തിക്കായുള്ള അവശ്യഘടകങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നത്. ഉദാഹരണമായി പ്രാർത്ഥന മഴക്കുവേണ്ടിയാവുകയും അതു സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ മഴപെയ്യാനുള്ള എല്ലാ പ്രകൃതിപരമായ മാർഗ്ഗങ്ങളും പ്രാർത്ഥനയുടെ ഫലമെന്നോണം സൃഷ്ടിക്കപ്പെടുന്നു. പ്രാർത്ഥന

ക്ഷാമം കാരണമാണെങ്കിൽ സർവ്വശക്തൻ അതിന്നു വിപരീതമായ വഴികൾ രൂപപ്പെടുത്തുന്നു...

**അറേബ്യൻ മണലാരണ്യത്തിൽ സംഭവിച്ചത്**

തുടർന്ന് വാഗ്ദത്തമസീഹ്(അ) പ്രാർത്ഥനയുടെ അത്ഭുതശക്തി സ്ഥാപിച്ചുകാണിക്കാൻ സർസയ്യിദിന്റെ ശ്രദ്ധ ഇരുണ്ടകാലഘട്ടത്തിലെ അറേബ്യൻ മണലാരണ്യത്തിൽ നടന്ന ഒരു മഹാത്ഭുതത്തിലേക്ക് തിരിച്ചുകൊണ്ട് ഇപ്രകാരം ഓർമ്മിപ്പിച്ചു:

താങ്കൾക്കറിയുമോ അറേബ്യൻ മണലാരണ്യത്തിൽ എന്തൊരു അത്ഭുതപ്രതിഭാസമായിരുന്നു സംഭവിച്ചതെന്ന്? അന്ന് ലക്ഷക്കണക്കിനു മൃതന്മാർ ഏതാനും ദിവസങ്ങൾക്കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായിത്തിരുകയും ചെയ്തു. കുരുടൻമാരായിരുന്നവർ കാണാൻതുടങ്ങുകയും ഊമകൾ ദിവ്യജ്ഞാനം ഉരുവിട്ടുതുടങ്ങുകയും ചെയ്തു. മുമ്പേയൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ ഒരു വിപ്ലവവിക്ഷോഭമാണ് ലോകത്തു സംഭവിച്ചത്. നിങ്ങൾക്കറിയുമോ ഇതൊക്കെ എങ്ങനെ സംഭവിച്ചുവെന്ന്? ഇരുൾമുറ്റിയ രാത്രികളിൽ ദൈവത്തിൽ പൂർണ്ണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു അത്. ഈ പ്രാർത്ഥനകൾ ലോകത്തെ പ്രകമ്പിതമാക്കി. അങ്ങനെ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യവും അസംഭാവ്യവുമായ മഹാത്ഭുതങ്ങൾ അനാവൃതമായി.

**(അല്ലാഹുവേ, ഈ ഉമ്മത്തിനുവേണ്ടി അവിടുന്നു സഹിച്ച ഉൽക്കണ്ഠയ്ക്കും വേദനയ്ക്കും സമാനമായ നിന്റെ അനുഗ്രഹാശിസ്സുകളും ശാന്തിയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജനതയ്ക്കുംമേൽ നീ ചൊരിയേണമേ! നിന്റെ കാരുണ്യത്തിന്റെ പ്രകാശം എന്നെന്നും അവിടുത്തേയ്ക്കുമേൽ വർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യേണമേ!).**

ആ മഹാത്മാവ് തുടർന്നു പറയുകയാണ്:

പ്രാർത്ഥനകളുടെ സൽഫലം വെള്ളത്തേക്കാളും തീയേക്കാളും എത്രയോ എത്രയോ ഫലപ്രദമാണെന്ന് ഞാൻ എന്റെ വ്യക്തിപരമായ അനുഭവങ്ങളിൽ കൂടിയും മനസ്സിലാക്കിയിട്ടുള്ളതാണ്. സത്യമായും, പ്രാർത്ഥനയോളം ഫലമുളവാക്കുന്ന യാതൊന്നും പ്രകൃതിയിലെ കാര്യകാരണശ്യംഖലയിൽ ഇല്ലതന്നെ. ചില പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നില്ലെന്നും ചിലപ്പോൾ വ്യക്തമായ തരത്തിൽ ഫലപ്രദമല്ലെന്നുമുള്ള കാരണത്താൽ ആരെങ്കിലും സംശയത്തിലാണെങ്കിൽ അവരോട് എനിക്കുപറയാനുള്ളത്, മരുന്നിനും ഇതേ അവസ്ഥതന്നെയാണെന്നാണ്. മരുന്നുകൾക്ക് മരണത്തിന്റെ വാതിലുകൾ കൊട്ടിയടക്കാനായോ? (ബറക്കാത്തുദ്ദുആ, പേ. 1518).

ഇതാണ് വാഗ്ദത്തമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) പ്രാർത്ഥനയുടെ ഫലദായകത്വത്തെ സമർത്ഥിച്ചുകൊണ്ട് മുസ്ലിം ഇന്ത്യയിലെ പരിഷ്ക്കർത്താക്കളിൽ ഒരാളായി കൊണ്ടാടപ്പെടുന്ന സർ സയ്യിദ് അഹ്മദ്ഖാന്റെ മുമ്പിൽ സമർപ്പിച്ചത്. പ്രാർത്ഥനയെ ആ മഹാത്മാവ് ദൈവകാരുണ്യത്തെ ആകർഷിച്ചെടുക്കുന്ന കാന്തശക്തിയായും ജീവൻ നൽകുന്ന ഒരുതരം മരണമായും രക്ഷാനൗകയായി മാറുന്ന ജലപ്രളയമായും ദോഷപ്രവണമായ ആത്മാവിനെ ഉരുക്കിക്കളയുന്ന തീയായുമൊക്കെ വിശേഷിപ്പിച്ചതോടൊപ്പം ദൈവത്തിലുള്ള പരിപൂർണ്ണവും നിഷ്ക്കളങ്കവും കീഴ്വണക്കവുമാണ് പ്രാർത്ഥനാ സ്വീകാര്യതയുടെ രഹസ്യമെന്ന് ഉണർത്തുകയും ചെയ്തു. നമസ്ക്കാരം ഇങ്ങനെ അത്ഭുതകരമായ ഫലമുളവാക്കുന്ന സമുന്നതമായ പ്രാർത്ഥനയാണെന്ന് അദ്ദേഹം സമർത്ഥിച്ചു.

**ആത്മാവിലെ നമസ്ക്കാരം**

നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യത്തെ ദുആയുടെ അത്ഭുതശക്തികളിലൂടെ വിവരിച്ചുകൊണ്ട് വാഗ്ദത്തമസീഹ്(അ) മറ്റൊരിടത്തു പറയുന്നു:

ഒരുപിടി മണ്ണിനെ പൊൻകട്ടിയാക്കിമാറ്റുന്ന രാസപ്രക്രിയയാണ് ദുആ! അത് ആന്തരീയമായ മാലിന്യങ്ങളെയെല്ലാം കഴുകിക്കളയുന്ന ഒരുതരം വെള്ളമാകുന്നു. ദുആയോടൊപ്പം ആത്മാവും ഉരുകുന്നു. വെള്ളം കണക്കെ അത് ഒഴുകി ആ ഏകതാവിലാസത്തിന്റെ തിരുസന്നിധാനത്തിൽ ചെന്നു വീഴുന്നു. അത് ദൈവത്തിന്റെ തിരുസന്നിധിയിൽ നിൽക്കുകയും കുനിയുകയും കുമ്പിടുകയും ചെയ്യുന്നു. ഇതിന്റെ പ്രതിരൂപമാണ് ഇസ്ലാം പഠിപ്പിക്കുന്ന നമസ്ക്കാരകർമ്മം...

വാഗ്ദത്തമസീഹ്(അ) തുടർന്നുപറയുന്നു: ആത്മാവ് നിൽക്കുന്നതിന്റെ അർത്ഥം, ദൈവത്തിനുവേണ്ടി എല്ലാ കഷ്ടപ്പാടുകളെയും, പ്രതികൂലാവസ്ഥകളെയും, പരീക്ഷകളെയും നേരിടാൻ സന്നദ്ധനാണെന്നതത്രെ. അവന്റെ റുക്കൂഅ് അഥവാ കുനിപ്പ്, അവൻ സകല സ്നേഹബന്ധങ്ങളേയും കെട്ടുപാടുകളയും ഉപേക്ഷിച്ച് ദൈവത്തിലേക്ക് ചായുകയും ദൈവത്തിന്റെ ആളായിമാറുകയും ചെയ്യുന്നു എന്നതാണ് കാണിക്കുന്നത്. അവന്റെ സാഷ്ടാംഗം അവൻ ദൈവസന്നിധിയിൽ വീണുകൊണ്ട് തന്നെ പൂർണ്ണമായും കൈവെടിയുകയും സ്വയം നശിപ്പിക്കുകയും ചെയ്യുന്നു എന്നു സൂചിപ്പിക്കുന്നു. ദൈവവുമായി ബന്ധപ്പെടുന്ന നമസ്ക്കാരം ഇതാണ്. ഇതിന്റെ ചിത്രമാണ് ഇസ്ലാമിക ശരീഅത്ത് സാധാരണ നമസ്ക്കാരത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ ഭൗതികനസ്ക്കാരം ആത്മീയ

നമസ്ക്കാരത്തിന്റെ ചാലകം ആയിത്തീരുന്നു. എന്തെന്നാൽ, ശരീരത്തിന്റെ സ്വാധീനം ആത്മാവിലും നിശ്ചയമായും സംഭവിക്കുന്ന തരത്തിലാണ് ദൈവം മനുഷ്യന്റെ ഘടന സൃഷ്ടിച്ചിട്ടുള്ളത്. ആത്മാവ് ദുഃഖിതമാകുമ്പോൾ കണ്ണിൽനിന്നു കണ്ണീർ പുറപ്പെടുന്നു. ആത്മാവിൽ ആനന്ദം ഉണ്ടാകുമ്പോൾ മുഖത്ത് പ്രസന്നത കളിയാടുന്നു. ചുരുക്കത്തിൽ ആത്മാവിന്റെയും ശരീരത്തിന്റെയും പരസ്പരബന്ധങ്ങൾ കാരണം ആത്മാവിൽ ദിവ്യമായ സന്നിധാനത്തിലേക്കുള്ള ചലനം സൃഷ്ടിക്കപ്പെടുകയും അത് ആന്തരികമായ നിലനിൽപിലും കുനിപ്പിലും സാഷ്ടാംഗത്തിലും വ്യാപൃതമാവുകയും ചെയ്യണം എന്നുള്ളതാണ് ശാരീരികമായ ആരാധനയുടെ ഉദ്ദേശ്യം... (ലക്ചർ സിയാൽക്കോട്ട്, പരി. എൻ. അബ്ദുർറഹീം)

**നമസ്ക്കാരം ജീവൻ നൽകുന്ന മരണം**

നമസ്ക്കാരത്തിൽ ആനന്ദവും സംതൃപ്തിയും ലഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗത്തിന്റെ തത്ത്വശാസ്ത്രമാണ് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) മുകളിൽ വിവരിച്ചത്. ഒരു വസ്തുവിൽനിന്നു എന്തെങ്കിലും ആനന്ദമോ തൃപ്തിയോ കിട്ടുന്നില്ലെങ്കിൽ അതിലടങ്ങിയ സത്യം ഗ്രഹിക്കാൻ എങ്ങനെയാണ് മനുഷ്യനു കഴിയുക? നമസ്ക്കാരത്തിൽ ആനന്ദവും സംതൃപ്തിയും ഉണ്ടാകുന്നത്, ശരീരത്തോടൊപ്പം ആത്മാവും മഹോന്നതനായ ദൈവത്തിന്റെ തിരുസന്നിധാനത്തിൽ സാഷ്ടാംഗം ചെയ്യുമ്പോൾ മാത്രമാണ്. മനുഷ്യൻ അവന്റെ എളിമയാർന്ന ദാസത്വത്തെ (ഉബൂദിയ്യത്ത്) തിരിച്ചറിഞ്ഞുകൊണ്ട് രക്ഷാപാലകനായ ദൈവത്തിന്റെ (റബ്ബുൽ ആലമീൻ) അത്യുന്നതസവിധത്തിൽ തന്റെ ആത്മാവിനേയും ശരീരത്തെയും ഒരുപോലെ വീണുകിടക്കുന്നതരത്തിലാക്കിത്തീർക്കുമ്പോഴാണ് ഇതു സംഭവിക്കുന്നത്. ഫാത്തിഹാ പ്രാർത്ഥന ശ്രദ്ധാബദ്ധതയോടെ ഉരുവിടേണ്ടതാവശ്യമാണ്. അങ്ങനെ ഉരുവിടുന്നതിലൂടെ മനുഷ്യൻ അവന്റെ പരിണാമത്തിന്റെ അവസ്ഥാന്തരങ്ങളെ ഓർക്കുന്നതോടൊപ്പം തന്റെ നാഥന്റെ സർവ്വപരിപാലകത്വഗുണത്തെ (റുബൂബിയത്തിനെ) ആഴത്തിൽ മനസ്സിലാക്കുകയും അങ്ങനെ അവനോടുള്ള സ്നേഹത്തിൽ നിറയുകയും ചെയ്യേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് വാഗ്ദത്ത മഹ്ദി മസീഹ്(അ) പറഞ്ഞത്, ദിവ്യജ്ഞാനത്തിനും ദിവ്യാനുഗ്രഹത്തിനുംശേഷം ചെയ്യുന്ന പ്രാർത്ഥന മറ്റൊരു അവസ്ഥയിലുള്ളതായിരിക്കുമെന്ന്. അങ്ങനെ അത് ആ മഹാത്മാവ് പറഞ്ഞതുപോലെ, ജീവൻ നൽകുന്ന ഒരുതരം മരണമായി മാറുന്നു!

അല്ലാഹുവിന്റെ റുബൂബിയത്ത് എന്ന ഗുണം മനുഷ്യനിൽനിന്ന് ഇത്തരത്തിലുള്ള ഒരു മരണം ആവശ്യപ്പെടുന്നു. ഈ പ്രത്യേകമായ മരണത്തിനുവേണ്ടിയുള്ള ഒരു സൂത്രവാക്യമാണ് സൂറാ: ഫാത്തിഹയിലെ അൽഹംദുലില്ലാഹി റബ്ബിൽ ആലമിൻ എന്ന വചനാമൃതത്തിലൂടെ പഠിപ്പിക്കുന്നത്. മനുഷ്യൻ മുച്ചൂടും തന്റെ ദൈവത്തിന്റെ തിരുസന്നിധാനത്തിൽ കുഴഞ്ഞുവീണു, താനൊരു പരിഗണനീയമായ ഒരസ്തിത്വമേയല്ലെന്നു തിരിച്ചറിയുമ്പോൾ മാത്രമേ നമസ്ക്കാരത്തിലെ ആ സ്വർഗ്ഗീയാനന്ദം ലഭ്യമാവുകയുള്ളൂ എന്നാണ് വാഗ്ദത്തമസീഹ് (അ) ഓർമ്മപ്പെടുത്തുന്നത്.

ഈ അവസ്ഥയെ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് തുടർന്നു പറയുന്നു:

ഈ അവസ്ഥയിൽ മുകളിലേയ്ക്കുയരുന്ന മനുഷ്യാത്മാവും താഴേക്കിറങ്ങിവരുന്ന ദിവ്യാത്മാവും തമ്മിൽ ഒരാത്മൈക്യം സംഭവിക്കുകയുംസ്വലാത്ത് എന്നു വിളിക്കപ്പെടുന്ന സവിശേഷമായ ഒരു ആത്മീയാവസ്ഥ സംജാതമാവുകയും ചെയ്യുന്നു. എല്ലാ ദോഷപ്രവണതകളേയും അത് ഉൻമൂലനം ചെയ്യുകയും ആത്മീയമായ ഒരുതരം തേജോവിലാസം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ അത് ആ ആത്മീയയാത്രികന് ഉജ്ജ്വലമായ ഒരു പ്രകാശനാളംപോലെ ആപത്തുകളിലും പ്രയാസങ്ങളിലും വഴികാണിക്കുകയും തന്റെ മാർഗ്ഗത്തിലെ മുള്ളുകളെയും ചവറുകളെയും തടസ്സങ്ങളെയുമെല്ലാം വെളിപ്പെടുത്തുകയും അയാൾക്ക് ആത്യന്തികമായ മുക്തിയേകുകയും ചെയ്യുന്നു. ഈ അവസ്ഥയെയാണ് ഈ ഖുർആനിക സൂക്തം സൂചിപ്പിക്കുന്നത്:

**ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഹി വൽമുൻകരി വൽബഗീ**

നിശ്ചയമായുംസ്വലാത്ത് (നമസ്ക്കാരം) എല്ലാതരം പ്രകടമായ പാപങ്ങളെയും നീചവൃത്തികളെയും ദോഷപ്രവണതകളെയും അതിക്രമങ്ങളെയും തുടച്ചുനീക്കുന്നു. എന്തെന്നാൽ ഈ ഘട്ടത്തിൽ അയാൾക്കായി അയാളുടെ കൈയിലല്ല മറിച്ച് അയാളുടെ ഹൃദയത്തിൽ ഉജ്ജ്വലമായ ഒരു പ്രകാശം നൽകപ്പെടുന്നു. അങ്ങേയറ്റത്തെ വിനയവും പരിപൂർണ്ണമായ കീഴ്വണക്കവും, എളിമത്തവും തികവുറ്റ അനുസരണവും മുഖേന മാത്രമേ ഈയവസ്ഥ പ്രാപിക്കാനാവുകയുള്ളൂ. ഈ ഘട്ടത്തിൽ പാപത്തെക്കുറിച്ചുള്ള ചിന്ത ഒരു നിമിഷംപോലും അയാൾക്കുണ്ടാവുകയില്ല. ദോഷപ്രവണമായ ആത്മാവ് ഒരിക്കലും അയാളുടെ അടുക്കൽ സമീപിക്കുകപോലുമില്ല. പ്രകടമായ പാപത്തെയോ നീചവൃത്തിയേയോ കുറിച്ച് ഒരു നിമിഷംപോലും ചിന്തിക്കാൻ അയാൾക്ക് കഴിയുകയില്ല. ചുരുക്കത്തിൽ, ഒരുതരം ഉൾപുളകവും സായൂജ്യവും അയാൾക്കു പ്രദാനം ചെയ്യപ്പെടുന്നു. എന്നാൽ, അതെങ്ങനെയാണ് വിവരിക്കുകയെന്ന് എനിക്കറിഞ്ഞുകൂടാ... ( Quoted from Review of Religions - 1959 Sept).

●

ഹദ്റത്ത് മിർസാ ബാശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

# അൽവസിയ്യത്ത് - നവലോക സാമ്പത്തികപദ്ധതി

**അ**ങ്ങേയറ്റം പ്രധാനപ്പെട്ട കാര്യമായി അല്ലാഹു നമുക്കുവേണ്ടി വച്ചിട്ടുള്ളതാണ് വസിയ്യത്ത്. ഇതുമുഖേന സ്വർഗ്ഗത്തെ നമ്മുടെ അടുത്താക്കി. വിശ്വാസവും ആത്മാർത്ഥതയും ഉണ്ടെങ്കിലും, വസിയ്യത്തിനെക്കുറിച്ച് മടികാണിക്കുന്നവരോട് ഞാൻ പറയുകയാണ്, അതിലേക്ക് പെട്ടെന്ന് കുതിക്കുക. വെറും അലസത കാരണത്താൽ ആത്മാർത്ഥരായിട്ടുള്ള വലിയവലിയ ആളുകൾ വസിയ്യത്ത് ചെയ്യാൻ പറ്റാതെ മരിച്ചുപോകുന്നത് കാണാറുണ്ട്. ചെയ്യാം ചെയ്യാം എന്ന് പറഞ്ഞ് അവരിരിക്കുമ്പോൾ മരണം ഓടിയെത്തുന്നു. അവരേയും ആത്മാർത്ഥരായിട്ടുള്ളവരുടെ കൂട്ടത്തിൽ ഖബ്റടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നോർത്ത് മനസ്സ് വിഷമിക്കുന്നു. ദുഃഖമുണ്ടാകുന്നു. എന്നാൽ, അവരുടെ അല്പം അലസതയും അശ്രദ്ധയും അതിന് തടസ്സമായിത്തീർന്നു. തങ്ങളുടെ വരുമാനത്തിന്റെ പത്തിലൊന്നിനേക്കാളധികം ചന്ദ കൊടുക്കുന്ന നിരവധിയാളുകൾ നമ്മുടെ ജമാഅത്തിലുണ്ട്; പക്ഷേ, അവർ വസിയ്യത്ത് ചെയ്യുന്നില്ല. അത്തരം സ്നേഹിതന്മാർ വസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നല്ല അത്തരം സ്നേഹിതന്മാർക്ക് ഒരു ബുദ്ധിമുട്ടും ഇല്ലതന്നെ. ഒരു രൂപയ്ക്ക് അഞ്ച് പൈസയോ ആറ് പൈസയോ ചന്ദ കൊടുക്കുന്നവരും ഒരുപാടുണ്ട്. വെറും നാല് കാശോ അരയണയോ ആണ് അവരെ വസിയ്യത്തിൽനിന്ന് തടയുന്നത്. ചുരുക്കിപ്പറഞ്ഞാൽ നിസ്സാരമായ പൈസയുടെ വ്യത്യാസം കാരണത്താൽ നമ്മുടെ ജമാഅത്തിലെ ആയിരക്കണക്കിനാളുകൾ വസിയ്യത്തിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. സ്വർഗ്ഗത്തിന്നടുത്തെത്തിയിട്ടും അവർ അതിൽ പ്രവേശിക്കുന്നില്ല.

മരണ രോഗാവസ്ഥയിൽ വസിയ്യത്ത് ചെയ്യുന്ന ചിലയാളുകളുണ്ട്. വാസ്തവത്തിൽ ഈ വസിയ്യത്ത് സ്വീകരിക്കപ്പെടുകയില്ല. നബി(സ) അത് ഇഷ്ടപ്പെട്ടിരുന്നില്ല. ആരോഗ്യഘട്ടത്തിലും ഐശ്വര്യസമ്പന്നമായ ജീവിതത്തിലും ചെയ്യുന്നതാണ് വസിയ്യത്ത്; അത് സ്പഷ്ടമായിരിക്കണം. അതിനാൽ വസിയ്യത്ത് ചന്ദയ്ക്ക്, സമാനമായി ചന്ദആം കൊടുക്കുന്ന സ്നേഹിതന്മാർ കണക്കുകൂട്ടി വസിയ്യത്ത് ചെയ്യുക. അത്തരം നൂറുക്കണക്കിന്നാളുകളുണ്ട്. ചിലയാളുകൾ ചിന്തിക്കുകയാണെങ്കിൽ ഇപ്പോൾ കൊടുക്കുന്നതിൽ നിന്ന് വെറും ഒരു പൈസ അധികം കൊടുത്താൽ അതവർക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നുവെന്ന് മനസ്സിലാകും. കഴിയുന്നിടത്തോളം സ്നേഹിതന്മാർ വസിയ്യത്ത് ചെയ്യേണ്ടതാണ്. വസിയ്യത്ത് ചെയ്യുന്നതുകൊണ്ട് വിശ്വാസപരമായ അഭിവൃദ്ധി ഉണ്ടാകുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. 'ഈ മണ്ണിൽ മുത്തഖിയെ മാത്രമേ ഖബ്റടക്കുകയുള്ളൂ'വെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുമ്പോൾ, വസിയ്യത്ത് ചെയ്യുന്നയാളെ അവൻ മുത്തഖിയാക്കി മാറ്റുകയും ചെയ്യും." (അൽഫള്ൽ, 1.9.1932).

## വസിയ്യത്ത് ചെയ്യാൻ ധിറുതി കാണിക്കുവിൻ

ഇസ്ലാം സ്ഥാപിച്ച ഈ സകല വ്യവസ്ഥിതികളും വസിയ്യത്ത്, വലയം ചെയ്തിരിക്കുന്നുവെന്ന് ഞാൻ പറയുകയുണ്ടായി. വസിയ്യത്തിന്റെ ധനം ഇസ്ലാമിന്റെ സന്ദേശപ്രചാരണത്തിനുവേണ്ടി മാത്രമാണെന്ന് ചിലർ അബദ്ധവശാൽ മനസ്സിലാക്കുന്നുണ്ട്. എന്നാൽ, ഇതു ശരിയല്ല. വസിയ്യത്ത്, സന്ദേശപ്രചാരണത്തിനും കർമ്മപരമായ പ്രചാരണത്തിനും വേണ്ടിയുള്ളതാണ്. എപ്രകാരം അതിൽ പ്രബോധനം (തബ്ലീഗ്) ഉൾപ്പെടുന്നുവോ അപ്രകാരംതന്നെ അതിൽ നവലോകക്രമത്തിന്റെ പൂർത്തീകരണവും ഉൾപ്പെടുന്നു. ഇതിന്റെ കീഴിൽ എല്ലാ മനുഷ്യർക്കും മാന്യതയോടുകൂടി ഭക്ഷണം നല്കുന്നതാണ്. വസിയ്യത്തിന്റെ വ്യവസ്ഥിതി പൂർണ്ണമാകുമ്പോൾ, പ്രബോധനം മാത്രമല്ല അതുകൊണ്ട് നടക്കുക. മറിച്ച്, ഇസ്ലാമിന്റെ ഉദ്ദേശ്യമനുസരിച്ച് എല്ലാവരുടേയും ആവശ്യം അതുമുഖേന പൂർത്തിയാകുന്നതാണ്. ദുഃഖവും വിഷമവും ഞെരുക്കവും ഇൻശാഅല്ലാഹ് ലോകത്തില്ലാതാകും. അനാഥർ ഭിക്ഷയാചിക്കുകയില്ല. വിധവ ജനങ്ങളുടെ മുമ്പിൽ കൈനീട്ടുകയില്ല. നിത്യവൃത്തിയ്ക്ക് വകയില്ലാത്തവൻ വിഷമിച്ച് ചുറ്റിക്കറങ്ങുകയില്ല. കാരണം വസിയ്യത്ത് കുട്ടികളുടെ മാതാവായിരിക്കും. യുവാക്കളുടെ പിതാവായിരിക്കും. സ്ത്രീകളുടെ ഭർത്താവായിരിക്കും. നിർബന്ധമൊന്നും കൂടാതെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി സഹോദരൻ, സഹോദരനെ ഇതുമുഖേന സഹായിക്കും. അവന്റെ ദാനം നിഷ്ഫലമാകുകയില്ല. മറിച്ച്, ഓരോ ദാനപ

തിയും അല്ലാഹുവിൽനിന്ന് ഉന്നതമായ പ്രതിഫലം പ്രാപിക്കും. സമ്പന്നൻ നഷ്ടത്തിലാകുകയില്ല; ദരിദ്രനും. ജനതകൾ പരസ്പരം യുദ്ധം ചെയ്യുകയില്ല. എന്നല്ല, അവരുടെ ഔദാര്യം എല്ലാ ലോകത്തിനുമേലും വിശാലമായിരിക്കും.

അതിനാൽ സ്നേഹിതന്മാരേ! നവലോകക്രമം മിസ്റ്റർ ചർച്ചിലിന് ഉണ്ടാക്കാൻ കഴിയില്ല. റൂസ് വെൽറ്റിനും ഉണ്ടാക്കാൻ കഴിയില്ല. ഈ അറ്റ്ലാന്റിക് ചാർട്ടറിന്റെ വാദങ്ങളെല്ലാം പൊള്ളയാണ്. അതിൽ ഒരുപാട് കുറവുകളും ന്യൂനതകളും പിഴവുകളുമുണ്ട്. അല്ലാഹുവിൽനിന്ന് നിയോഗിതരാകുന്നവരാണ് നവലോകക്രമം കൊണ്ടുവരുന്നത്. അവരുടെ ഹൃദയങ്ങളിൽ സമ്പന്നന്മാരോട് ശത്രുതയുണ്ടാകുകയില്ല. ദരിദ്രരോട് അസ്ഥാനത്തുള്ള സ്നേഹവും ഉണ്ടാകുകയില്ല. അവർ പാശ്ചാത്യരല്ല, പൗരസ്ത്യരുമല്ല. അവർ അല്ലാഹുവിന്റെ സന്ദേശവാഹകരാണ്. അവർ അധ്യാപനങ്ങൾ സമർപ്പിക്കുന്നു. അത് സമാധാനം സ്ഥാപിക്കാനുള്ള യഥാർത്ഥമായ മാർഗ്ഗമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നടപ്പിൽവന്ന ആ അധ്യാപനമേ ഇന്ന് സമാധാനം സ്ഥാപിക്കുകയുള്ളൂ. അൽവസിയ്യത്ത് മുഖേന 1905-ലാണ് ഇതിന് അടിത്തറയിട്ടത്.

എല്ലാ സ്നേഹിതന്മാരും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതാണ്. ഞാൻ സമർപ്പിച്ച തെളിവുകൾ നല്ലവണ്ണം ഓർമ്മവയ്ക്കേണ്ടതുമാണ്. കാരണം എല്ലായിടത്തും 'ബാലിശിവസ്'ത്തെ പുകഴ്ത്തുന്ന ആളുകളെ കാണുന്നു. ഞാൻ ഈ സംഘടനകളുടെ ഗുണങ്ങളും പറഞ്ഞു, അതിലെ കുറവുകളും പറഞ്ഞു. ഇപ്രകാരംതന്നെ മറ്റു സംഘടനകളുടെ ഗുണങ്ങളും കുറവുകളും പറഞ്ഞുതന്നു. അവയിൽ ചിന്തിക്കുക. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാസമ്പന്നരായ ആളുകളുമായി സംസാരിക്കുക. ഈ സംഘടനകളെ പിന്താങ്ങുന്നവരുടെ പക്കൽ, മറുപടിയൊന്നുമില്ലാത്ത തെളിവുകളാണ് ഇതെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു.

ലോകത്ത് സമാധാനം സ്ഥാപിതമാകുകയാണെങ്കിൽ, ഞാൻ വിവരിച്ച ഈ മാർഗ്ഗത്തിലൂടെ മാത്രമേ അതുണ്ടാകുകയുള്ളൂ. ഇപ്രകാരംതന്നെ ഇന്നേയ്ക്ക് 20 വർഷം മുമ്പേ 1924-ൽ പൊതുരക്ഷയുടെ സ്ഥാപനത്തെ സംബന്ധിച്ച് അല്ലാഹു ഞാൻ മുഖേന 'അഹ്മദിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ ഒരു മഹത്തായ വെളിപ്പെടുത്തൽ നടത്തുകയുണ്ടായി. അത്തരം മഹത്തായ വെളിപ്പെടുത്തൽ കഴിഞ്ഞ 1300 വർഷത്തിനുള്ളിൽ മുൻകാല ഖുർആൻ വ്യാഖ്യാതാക്കളിൽ ആരുംതന്നെ വെളിപ്പെടുത്തിയിട്ടില്ലെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. ഇത്തരത്തിലുള്ള വാദം എന്റെ ശീലത്തിനു വിരുദ്ധമാണെങ്കിലും എനിക്ക് ദൃഢമായും പറയാൻ കഴിയും ഇത്തരം വെളിപ്പെടുത്തലുകൾ നബിമാരും അവരുടെ ഖലീഫമാരുമല്ലാതെ മറ്റാരും ഇന്നേവരെ നടത്തിയിട്ടില്ല എന്ന്. അഥവാ ആരെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ കൊണ്ടുവരിക, എന്നെ കാണിക്കുക.

സ്നേഹിതന്മാരേ, നിങ്ങളിൽ വസിയ്യത്ത് ചെയ്തവർ മനസ്സിലാക്കിക്കൊള്ളട്ടെ. അവരവരുടെ സ്ഥലത്ത് ആരാരെല്ലാം വസിയ്യത്ത് ചെയ്തിട്ടുണ്ടോ അവർ നവലോകക്രമത്തിന് അടിത്തറയിട്ടിരിക്കുന്നു. അവന്റേയും അവന്റെ കുടുംബത്തിന്റേയും സംരക്ഷണത്തിന്റെ അടിസ്ഥാനകല്ലാണിത്. തഹ്രീക്കെ ജദീദിൽ അംഗങ്ങളാകുകയും, ദാരിദ്ര്യം കാരണത്താൽ വസിയ്യത്തിൽ പങ്കെടുക്കാൻ സാധിക്കാതിരിക്കുകയും, എന്നാൽ ഈ പദ്ധതിയുടെ വിജയത്തിന്നായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ വസിയ്യത്ത് വ്യവസ്ഥിതിയെ വിശാലമാക്കുന്നതിന് അടിത്തറയിട്ടിരിക്കുന്നു.

സ്നേഹിതന്മാരേ! ഇന്ന് മതത്തെ നിർമ്മാർജ്ജനം ചെയ്തുകൊണ്ടാണ് നവലോകക്രമം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ തഹ്രീക്കെ ജദീദും വസിയ്യത്തും മുഖേന അതിനേക്കാൾ ഉത്തമമായ നവലോകക്രമം മതത്തെ നിലനിറുത്തിക്കൊണ്ട് തയ്യാറാക്കുക; എന്നാൽ, അത് പെട്ടെന്നാവണം. ഓട്ടത്തിൽ ആരാണോ മുമ്പേയെത്തുന്നത് അവനാണ് വിജയിക്കുന്നത്. അതിനാൽ എത്രയും വേഗം വസിയ്യത്ത് ചെയ്യുവിൻ. നാലു ഭാഗത്തും ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പതാക പാറിപ്പറക്കുന്ന ആ അനുഗൃഹീത സുദിനം വന്നെത്തുന്നതിനുവേണ്ടി നിങ്ങൾ വസിയ്യത്ത് ചെയ്യാൻ ധൃതിപ്പെടുവിൻ. ഇതിനോടൊപ്പം, വസിയ്യത്ത് ചെയ്യാൻ സൗഭാഗ്യം കിട്ടിയിട്ടുള്ള എല്ലാ സ്നേഹിതന്മാർക്കും ഞാൻ ആശംസകൾ നേരുന്നു. ഇതുവരെ വസിയ്യത്തിൽ ചേർന്നിട്ടില്ലാത്ത ആളുകൾക്കും അല്ലാഹു അതിനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. അവരും ഇതിൽ ചേർന്നുകൊണ്ട്, ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളാൽ സമ്പന്നരായിത്തീരട്ടെ. കുഗ്രാമമെന്നും അജ്ഞതയുടെ സ്ഥലമെന്നും പറയപ്പെട്ടിരുന്ന ഖാദിയാനിൽ നിന്ന് പുറപ്പെട്ട പ്രകാശം, മുഴുലോകത്തിന്റേയും അന്ധകാരങ്ങളെ അകറ്റിയെന്ന് ലോകർക്ക് അംഗീകരിക്കേണ്ടി വരുംവിധം ഈ വ്യവസ്ഥിതിയിൽനിന്ന് അവർ ഫലമെടുക്കുന്നവരായിത്തീരട്ടെ. അത് ലോകത്തിന്റെ ദുഃഖവും വിഷമങ്ങളും അകറ്റിയിരിക്കുന്നു. അത് എല്ലാ സമ്പന്നന്മാർക്കും ദരിദ്രന്മാർക്കും ചെറിയവർക്കും വലിയവർക്കുമെല്ലാം

പേജ് 29-ൽ

എസ്.എം. ബശീറുദ്ദീൻ

# മുസ്‌ലിഹ് മൗഊദും(റ) തഹ്‌രീകെ ജദീദ് പദ്ധതിയും

സർവ്വശക്തനായ അല്ലാഹു ഈ ഭൂമിയിലേക്ക് അവന്റെ പ്രവാചകനെ അയക്കുമ്പോൾ അവൻ വിശുദ്ധഖുർആനിൽ നൽകിയ വാഗ്ദാനമനുസരിച്ച് അവരെ സഹായിക്കുന്നു. "ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യും" എന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു.

ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും കുതന്ത്രങ്ങളിൽനിന്നും പ്രവാചകനേയും അദ്ദേഹത്തിന്റെ അനുയായികളേയും അല്ലാഹു സംരക്ഷിച്ച് കൊണ്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ സുന്നത്താണ്. ഹദ്റത്ത് ആദം നബി(അ) മുതലുള്ള എല്ലാ പ്രവാചകന്മാരേയും അല്ലാഹു സംരക്ഷിച്ചുവരികയും അവർക്ക് ശത്രുക്കളുടെമേൽ വ്യക്തമായ വിജയം നേടികൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഈ വാഗ്ദാനമനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ)നും അദ്ദേഹത്തിന്റെ ജമാഅത്തിനും അല്ലാഹു വിജയങ്ങൾ നൽകി. ഈ വാഗ്ദാനമനുസരിച്ച് ഭരണകൂടങ്ങളുടേയും മറ്റ് സമുദായങ്ങളുടേയും ശത്രുതയിൽനിന്നും ആക്രമണങ്ങളിൽനിന്നും ജമാഅത്തിനെ സംരക്ഷിക്കുകയും വിജയത്തിനുമേൽ വിജയം നൽകിക്കൊണ്ട് 193 രാഷ്ട്രങ്ങളിൽ ആ ജമാഅത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. 120 വർഷക്കാലത്തെ അഹ്മദിയ്യാ ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് അല്ലാഹു തന്റെ വിശിഷ്ടദാസന് നൽകിയ ആ വാഗ്ദാനം യഥാവിധി പൂർത്തിയാക്കി വരുന്നു എന്നുള്ളതാണ്.

അഹ്മദിയ്യാ ജമാഅത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ കാലത്ത് വളരെയധികം പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. ആ പ്രതിസന്ധികളെല്ലാം തരണം ചെയ്ത് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വിജയക്കൊടി പാറിക്കാൻ അദ്ദേഹത്തിന്റെ 51 വർഷം നീണ്ടുനിന്ന ഖിലാഫത്ത് കാലഘട്ടത്തിൽ സാധിച്ചു. ഇതിന്നായി അദ്ദേഹം വിവിധ സന്ദർഭങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. അത്തരത്തിൽ 1934 ൽ ആരംഭിച്ച ഒരു പദ്ധതിയാണ് 'തഹ്‌രീകെ ജദീദ്.'

1934-ൽ അഹ്മദിയ്യാ ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ അഹ്റാറികൾ രംഗത്ത് വന്നു. ഇതിന് ഭരണകൂടമുൾപ്പെടെ പലരുടെയും ആശിർവാദമുണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ സഹായ സഹകരണത്തോടെ അഹ്റാറികൾ ഖാദിയാനിൽ ഒരു വലിയ സമ്മേളനം തന്നെ വിളിച്ചുകൂട്ടി. ആ സമ്മേളനത്തിൽ അഹ്റാറികളുടെ നേതാവായിരുന്ന അത്വാവുല്ലാഹ് ശാഹ് ബുഖാരി വൻജനാവലിയെ സംബോധന ചെയ്തുകൊണ്ടുപറഞ്ഞു.

"ഈ ഖാദിയാൻ പ്രദേശത്തുനിന്ന് അഹ്മദികളെ ആകമാനം തുടച്ചുമാറ്റാൻ പോവുകയാണ്. മിനാരത്തുൽ മസീഹും മസ്ജിദ് മുബാറക്കും തകർത്തുകൊണ്ട് അതിലെ ഓരോ ഇഷ്ടികയും ബിയാസ് നദിയിൽ ഒഴുക്കിക്കളയാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്."

ഈ സന്ദിഗ്ദഘട്ടത്തിലാണ് മുസ്‌ലിഹ് മൗഊദ്(റ) അല്ലാഹുവിന്റെ ആജ്ഞപ്രകാരം തഹ്‌രീകെ ജദീദ് എന്ന അതിമഹത്തായ പദ്ധതിക്ക് രൂപം കൊടുക്കുന്നത്. തദവസരത്തിൽ അദ്ദേഹം പറയുകയുണ്ടായി:

"അഹ്മദിയ്യാ ജമാഅത്തിനെ തകർക്കാൻ ലോകശക്തികളെല്ലാം ഒത്തുചേരുകയാണ്. ഈ വിഷമകരമായ അവസ്ഥയിലാണ് തഹ്‌രീകെ ജദീദ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. ഒരു ഭാഗത്ത് അഹ്റാറികൾ അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കാൻ പോകുന്നു എന്ന വീരവാദം മുഴക്കുമ്പോൾ മറുഭാഗത്ത് ഞങ്ങളുമായി അനുഭാവം വെച്ചുപുലർത്തുകയും സ്നേഹപ്രകടനം നടത്തുകയും ചെയ്തുകൊണ്ടിരുന്നവർ ആന്തരികമായി വെറുപ്പ് പ്രകടിപ്പിക്കാൻ തുടങ്ങുകയും അഹ്റാറികളെ സാമ്പത്തികമായി സഹായിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. മറ്റൊരു ഭാഗത്ത് ബ്രിട്ടീഷ് ഗവർമ്മെന്റ് ഖാദിയാനിൽ അഹ്മദികളുടെ വഴിമുടക്കിക്കൊണ്ട് അഹ്റാറികൾക്ക് ഒരു വലിയ സമ്മേളനം നടത്താനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്തു."

ഹുസൂർ തിരുമനസ്സ് തുടർന്ന് പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്തിനെതിരെയുള്ള അഹ്റാറികളുടെ ഈ പ്രക്ഷോഭം തഹ്‌രീകെ ജദീദ് പദ്ധതി ആരംഭിക്കുന്നതിനുള്ള ഒരു ഹേതുവായിരുന്നു. ഓരോ പദ്ധതി ആരംഭിക്കുന്നതിനും ഇങ്ങനെയുള്ള അവസരം അനിവാര്യമാണ്. എന്നാലേ ആ പദ്ധതി മുഖേന അതിന്റെ പ്രയോജനപ്രദമായ ഫലം ലഭിക്കുകയുള്ളൂ."

**തഹ്‌രീകെ ജദീദിന്റെ പ്രഥമ വിളംബരം**

1934 ഒക്ടോബർ 14-ന് അഹ്‌റാരികളുടെ സമ്മേളനം ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പേ ഹുസൂർ തിരുമനസ്സ് അറിയിക്കുകയുണ്ടായി:

"ഏഴോ എട്ടോ ദിവസത്തേക്ക് അല്ലാഹു എന്റെ ജീവിതം ദീർഘിപ്പിച്ച് തരികയാണെങ്കിൽ ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിളംബരം ജമാത്തിനു വേണ്ടി അറിയിക്കാൻ പോവുകയാണ്. ഇതുവരെ നമ്മുടെ ജമാഅത്തിൽനിന്നുണ്ടായിട്ടുള്ള സമർപ്പണം മൂസാനബി(അ)യുടെ ജമാഅത്തും, ഈസാനബി (അ)യുടെ അനുയായികളും മുഹമ്മദ് നബി(സ)യുടെ സഹാബാക്കളും ചെയ്തിട്ടുള്ള സമർപ്പണത്തേക്കാൾ എത്രയോ കുറവാണ്. എന്നാൽ ഇപ്പോൾ നമ്മളും അത്തരത്തിലുള്ള ത്യാഗം കാഴ്ചവയ്ക്കേണ്ട സമയം സംജാതമായിരിക്കുകയാണ്. ഈ ത്യാഗത്തിന്റെ ഫലം എത്രയും പെട്ടെന്നുതന്നെ നമ്മുടെ കാൽവയ്പ്പുകളെ വിജയത്തിന്റെ കൊടുമുടികളോളം എത്തിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ആഗതനായതിന്റെ ലക്ഷ്യം പൂർത്തിയാക്കണം.

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീകെ ജദീദ് പദ്ധതിയുടെ വിളംബരം പുറപ്പെടുവിച്ചുകൊണ്ട് തന്റെ ജമാഅത്തിന് മുമ്പിൽ 19 ആവശ്യങ്ങൾ വെക്കുകയുണ്ടായി. ഭക്ഷണത്തിൽ ലാളിത്യം പാലിക്കുകയും വസ്ത്രങ്ങളിൽ ധാരാളിത്തം ഒഴിവാക്കുകയും ആഭരണങ്ങൾ ഒഴിവാക്കുകയും വിനോദങ്ങളിൽ ഏർപ്പെടാതെയും ചെയ്തുകൊണ്ട് ധനം സമാഹരിക്കാൻ അദ്ദേഹം ജമാഅത്തിനെ ആഹ്വാനം ചെയ്തു.

ഈ പദ്ധതി നിശ്ചയമായും വിജയിക്കും എന്ന സുവാർത്ത അല്ലാഹു ഹുസൂർ തിരുമനസ്സിന് നൽകിയിരുന്നു. അദ്ദേഹം പറയുന്നു:

"അഥവാ നിങ്ങളെല്ലാവരും എന്നെ കൈയൊഴിഞ്ഞാലും അദൃശ്യത്തിൽനിന്ന് അല്ലാഹു എന്നെ സഹായിക്കും. അവൻ ഒരിക്കലും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് നൽകിയ വാഗ്ദാനം ലംഘിക്കുകയില്ല. എന്റെ എല്ലാ സ്നേഹിതരും എന്നെ ഉപേക്ഷിച്ചാലും അവൻ ആകാശത്തുനിന്ന് ഇറങ്ങിക്കൊണ്ട് ഈ ഭവനത്തിന്റെ പൂർത്തീകരണം നടത്തുന്നതാണ്."

ഹുസൂർ തിരുമനസ്സിന്റെ ഈ പദ്ധതി പൂർണ്ണമനസ്സോടെ ഏറ്റെടുത്തുകൊണ്ട് അഹ്‌മദികൾ സാമ്പത്തികമായി വളരെ വലിയ ത്യാഗങ്ങളാണ് പിന്നീട് കാഴ്ചവെച്ചത്. അടുത്ത ഒന്നരമാസം കൊണ്ട് 33,000 രൂപ പിരിച്ച് ഹുസൂർ തിരുമനസ്സിന്റെ സമക്ഷത്തിൽ സമർപ്പിക്കുകയുണ്ടായി. കൂടാതെ 1,10,000 രൂപ വാഗ്ദാനം നൽകുകയും അത് വളരെ പെട്ടെന്നുതന്നെ സ്വരൂപിച്ച് കൊടുക്കുകയും ചെയ്തു.

ഈ പദ്ധതി ആരംഭിക്കുന്ന അവസരത്തിൽ ഹുസൂർ തിരുമനസ്സ് വളരെ താഴ്മയോടുകൂടി അല്ലാഹുവിന്റെ സവിധത്തിൽ പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടായിരുന്നു അന്നത്തെ അഹ്‌മദികൾക്ക് ഇങ്ങനെയുള്ള സാമ്പത്തികത്യാഗം കാഴ്ചവെയ്ക്കാനുള്ള സൗഭാഗ്യം ലഭിച്ചത്. ഈ സംഭവത്തെക്കുറിച്ച് അഹ്‌റാറികളുടെ പ്രസിഡന്റ് മൗലവി ഹബീബ് റഹ്‌മാൻ ലുധിയാനവി ഇങ്ങനെ വിവരിക്കുകയുണ്ടായി.

"ഞങ്ങൾ മിയാ മഹ്‌മൂദിന്റെ ശത്രുക്കളാണ്. മറുവശത്ത് ഞങ്ങൾ അദ്ദേഹത്തെ പുകഴ്ത്തുകയും ചെയ്യുന്നു. ഇന്ത്യയിൽ നാമമാത്രമുള്ള തന്റെ ജമാഅത്തിനോട് അദ്ദേഹം 27500 രൂപ ആവശ്യപ്പെട്ടപ്പോൾ ജമാഅത്ത് അദ്ദേഹത്തിന് ഒരുലക്ഷം രൂപ നൽകുകയുണ്ടായി."

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വയം ഈ പദ്ധതിയിൽ ഭാഗഭാക്കായിക്കൊണ്ട് വലിയ ത്യാഗം വരിക്കുകയുണ്ടായി. കൂടാതെ അദ്ദേഹത്തിന്റെ വിലപിടിപ്പുള്ള ഭൂമി ജമാഅത്തിന് നല്കുകയും ചെയ്തു.

ഒരിക്കൽ ഡൽഹൗസിയിലുള്ള സമയത്ത് ഭക്ഷണത്തിന്റെ കൂടെ ഒന്നിൽകൂടുതൽ കറികൾ കണ്ടപ്പോൾ അദ്ദേഹം നീരസപ്പെട്ടുകൊണ്ട് ഭക്ഷണം കഴിക്കാൻ തയ്യാറായില്ല. വസ്ത്രത്തിന്റെ കാര്യത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

തഹ്‌രീകെ ജദീദ് പദ്ധതി ആരംഭിച്ചതോടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തികത്യാഗം ചെയ്തുകൊണ്ടും സ്വന്തം ജീവിതം വഖ്ഫ് ചെയ്തുകൊണ്ടും വളരെയധികം അഹ്‌മദീ സഹോദരന്മാർ രംഗത്ത് വരികയുണ്ടായി. അങ്ങനെ ആ മഹാത്മാക്കൾ മുഖേന അഹ്‌മദിയ്യാ ജമാഅത്തിന്റെ സന്ദേശം യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കൻനാടുകളിലും ഏഷ്യൻ നാടുകളിലും എത്തുകയും അവിടെയെല്ലാം ജമാഅത്ത് രൂപീകരിക്കപ്പെടുകയും ചെയ്തു.

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ച് അല്ലാഹു ഹദ്‌റത്ത് വാഗ്ദത്ത മസീഹ്(അ)ന് നൽകിയ സുവാർത്തകളിൽ ഒന്ന് "അവൻ ലോകത്തിന്റെ കോണുകളോളം കീർത്തി പ്രാപിക്കും" എന്നുള്ളതാണ്.

തഹ്‌രീകെ ജദീദ് പദ്ധതിയുടെ വിജയത്തോടെ ഒരു സംശയത്തിനും ഇടനൽകാതെ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാവുകയും അങ്ങനെ ഇന്ന് ലോകത്ത് 193 രാജ്യങ്ങളിൽ അഹ്‌മദിയ്യാ ജമാഅത്ത് രൂപീകൃതമാകാൻ അത് കാരണമാവുകയും ചെയ്തിരിക്കുന്നു. ഒപ്പം അഹ്‌റാറികൾ നാമം പൊലും സ്മരിക്കപ്പെടാതെ തുടച്ചു നീക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ മഹത്തായ പദ്ധതിയിലൂടെ ഇന്നും ഇസ്‌ലാമിന്റെ പ്രചാരണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഇസ്‌ലാമിക ജിഹാദിൽ പങ്കെടുക്കാനുള്ള ഭാഗ്യം ഇന്നത്തെ അഹ്‌മദികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നു. ●

ഇബ്നു മുഹമ്മദ്

# മുസ്‌ലിഹ് മൗഊദ്(റ)-ഖുർആനിക മഹത്ത്വം സ്ഥാപിച്ച നേതാവ്

**ഈ** കാലഘട്ടത്തിൽ അവതീർണ്ണരാകേണ്ട വാഗ്ദത്ത മസീഹ്(അ)ന്റെ സത്യതയ്ക്ക് നിരവധി ദൃഷ്ടാന്തങ്ങൾ കാണിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. മുഹമ്മദീ മസീഹിനെ ജനങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ ദൃഷ്ടാന്തങ്ങൾ കാണിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ പ്രത്യക്ഷമാകുന്ന ദിവ്യദൃഷ്ടാന്തങ്ങളിലൊന്ന് മസീഹ് ആഗതനായിക്കൊണ്ട് ലോകത്തിൽ വരുത്തുന്ന ആത്മീയവിപ്ലവമാണ്. നബി(സ) തിരുമേനിയുടേയും അദ്ദേഹത്തിന്റെ സച്ചരിതരായ ഖലീഫമാരുടേയും കാലഘട്ടത്തിൽ ഇസ്‌ലാമിനുണ്ടായ സുവർണ്ണനേട്ടങ്ങൾക്കു ശേഷം പ്രവചന പ്രകാരം അധഃപതനം സംഭവിച്ചു. അതിനുശേഷം ആരാലും സാധിക്കാത്ത തരത്തിൽ വാഗ്ദത്ത മസീഹ് തിരികൊളുത്തിയ ആത്മീയവിപ്ലവം ഒരു ദൃഷ്ടാന്തമെന്നോണം ലോകം കണ്ടുകഴിഞ്ഞിട്ടുള്ളതാണ്.

വാഗ്ദത്ത മസീഹ്(അ)ന്റെ ആവിർഭാവകാലഘട്ടത്തിന് നബി(സ) തിരുമേനിയുടെ ആവിർഭാവകാലഘട്ടവുമായി സാമ്യമുണ്ട്. നബി(സ) തിരുമേനിയുടെ ദൗത്യകാലഘട്ടത്തിന് മുമ്പേ അറേബ്യയിൽ നിലനിന്നിരുന്ന അവസ്ഥയെ ഇരുണ്ടയുഗമെന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരുന്നത്. അതുപോലെ മസീഹ് വരുന്നതിന് മുമ്പേയുള്ള കാലഘട്ടവും ഇരുണ്ടയുഗമെന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. നബിതിരുമേനി(സ) അറേബ്യയെ മാറ്റിമറിച്ചത് ലോകം കണ്ടു. അതുപോലെതന്നെയാണ് ഇസ്‌ലാമിന്റെ പുനരുദയവും അത്ഭുതകരമായ നിലയിൽ മസീഹിന്റെ കാലഘട്ടത്തിൽ നടക്കേണ്ടത്. ഇതിന് നിരവധി ദൃഷ്ടാന്തങ്ങൾ കാണിക്കുമെന്നാണ് അല്ലാഹു വാഗ്ദാനം ചെയ്തത്.

ആത്മീയജ്ഞാനത്തിന്റെ വിലമതിക്കാനാകാത്ത ഒരു നിധിശേഖരമാണ് വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും ലോകത്തിനു മുമ്പിൽവെച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുന്നോട്ടുവെച്ച ആത്മീയജ്ഞാനവും അദ്ദേഹം ചെയ്തുവെച്ച കാര്യങ്ങളും ഇസ്‌ലാമിന്റെ ഈ കാലഘട്ടത്തിലെ പുനരുദയത്തിന്റെ ആക്കം കൂട്ടുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജനനവും അദ്ദേഹത്തിന്റെ ജീവിതവും ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ഈ കാലഘട്ടത്തിലെ ഒരു അത്ഭുത ദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്റെ ജനനം വാഗ്ദത്ത മസീഹിന്റെ മഹത്തായ ഒരു പ്രവചനത്തിന്റെ പൂർത്തീകരണമാണ്.

1886 ഫെബ്രുവരി 20-ന് തന്റെ 40 ദിവസക്കാലത്തെ ഹോശിയാർപൂർ തപോയജ്ഞത്തിനൊടുവിൽ വാഗ്ദത്ത മസീഹ്(അ) അല്ലാഹു തനിക്കു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് പുറത്തറിയിക്കുകയുണ്ടായി. അതിലതിപ്രധാനമായത് 9 വർഷക്കാലത്തിനുള്ളിൽ തനിക്ക് ജനിക്കാൻ പോകുന്ന ഒരു വാഗ്ദത്ത പുത്രനെക്കുറിച്ചുള്ളതാണ്. ഈ പുത്രനുണ്ടാകുന്ന നിരവധി ഗുണങ്ങളെക്കുറിച്ചും അവൻ ഇസ്‌ലാമിന്റെ വീരപോരാളിയായിരിക്കുമെന്നുമുള്ള ഏകദേശം 52 ഓളം ഗുണങ്ങൾ എടുത്തുപറയുകയുണ്ടായി. അതിലൊന്നുപോലും ഒഴിയാതെ പൂർത്തിയായതിന് ചരിത്രം സാക്ഷിയാണ്. ഈ പ്രവചനം ഇസ്‌ലാമിന്റെ സത്യതക്കുള്ള ഒരു തെളിവാകുമെന്ന് വാഗ്ദത്ത മസീഹ് പ്രഖ്യാപിച്ചു.

ഇത്തരത്തിലുള്ള ഒരു ദിവ്യദൃഷ്ടാന്തം വരേണ്ടത് ആ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ മഹത്ത്വം തെളിയിക്കുന്നതിന് അത്യാവശ്യമായിരുന്നു. ഇസ്‌ലാംമത വിശ്വാസികളും മുസ്‌ലിം നേതാക്കന്മാരും സ്വയം തന്നെ ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്നും ഒഴിഞ്ഞുപോയിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. പല പ്രമുഖ മുസ്‌ലിം നേതാക്കളും പണ്ഡിതന്മാരും ഇസ്‌ലാം ഉപേക്ഷിക്കുകയും ക്രിസ്തുമതത്തിന്റെ പ്രചാരകരാവുകയും ചെയ്തുകഴിഞ്ഞിരുന്നു. ഇസ്‌ലാമിന്റെ ശത്രുക്കൾ ഈ അവസരം പാഴാക്കിയില്ല. അവർ ഇസ്‌ലാമിനെ നാലുഭാഗത്തുനിന്നും കടന്നാക്രമിച്ചുകൊണ്ടിരുന്നു. നബി(സ) തിരുമേനിയെ അപകീർത്തിപ്പെടുത്തിക്കൊണ്ടിരുന്നു. വിശുദ്ധഖുർആൻ കെട്ടുകഥകൾ മാത്രമാണെന്നവർ പ്രചരിപ്പിച്ചു. ഈ അവസരത്തിൽ അന്ധാളിച്ചുപോയ മുസ്‌ലിംകൾ ഒന്നും ചെയ്യാനാവാതെ നിന്നപ്പോൾ ഹദ്റത്ത് അഹ്മദ്(അ) ഇതിനെ എഴുത്തിലൂടെയും വാക്കുകളിലൂടെയും പ്രതിരോധിച്ചുകൊണ്ടിരുന്നു.

1880-കളിൽ ശത്രുക്കളുടെ ഇസ്‌ലാമിനെതിരായ പ്രവർത്തനങ്ങൾക്ക് ആക്കം കൂടി. വാഗ്ദത്ത മസീഹ്(അ) ആര്യസമാജനേതാക്കളുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു. ആര്യസമാജ നേതാക്കളായ മുൻശി ഇന്ദ്രമാൻ മുറാദാബാദി, മാസ്റ്റർ മുരളീധർ തുടങ്ങിയവർ ഇസ്‌ലാം ജീവൽമതമാണെങ്കിൽ, ഇസ്‌ലാം അവതരിപ്പിക്കുന്ന ദൈവം ജീവൽ ദൈവമാണെങ്കിൽ അത് തെളിയിക്കുന്നതിനുള്ള ഒരു ദൃഷ്ടാന്തം കാണിക്കാൻ വാഗ്ദത്ത മസീഹിനെ വെല്ലുവിളിച്ചു. ഈ വെല്ലുവിളി സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ നാഥന്റെ മുന്നിൽ 40 ദിവസക്കാലം പ്രാർത്ഥന നടത്തിയതും ഒടുവിൽ വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം വിളംബരപ്പെടുത്തിയതും.

വാഗ്ദത്ത മസീഹിനുണ്ടാകുന്ന വാഗ്ദത്തപുത്രനെക്കുറിച്ച് നബി(സ) തിരുമേനിയും പറഞ്ഞിട്ടുള്ളതായി ഹദ്റത്ത് അഹ്മദ്(അ) വ്യക്തമാക്കിയിട്ടുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം ചെയ്യുന്നു.

“മർയമിന്റെ മകൻ ഈസാ ഭൂമിയിലവതരിച്ചാൽ അദ്ദേഹം വിവാഹം കഴിക്കുകയും അതിലദ്ദേഹത്തിന് കുട്ടികളുണ്ടാവുകയും ചെയ്യും.'

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു. “നബി(സ) തിരുമേനി അല്ലാഹുവിൽനിന്നുള്ള ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം പ്രവചനം ചെയ്തിട്ടുണ്ട്. വാഗ്ദത്ത മസീഹ് വിവാഹം കഴിക്കുകയും അതിൽ അദ്ദേഹത്തിന് കുട്ടികളുണ്ടാവുകയും ചെയ്യും. ഇത് സൂചിപ്പിക്കുന്നത് അല്ലാഹു വാഗ്ദത്ത മസീഹിന് സദ്ഗുണസമ്പന്നനായ ഒരു മകനെ നൽകുമെന്നും അവൻ അല്ലാഹുവിന്റെ സത്യദാസനായിരിക്കുമെന്നുമാണ്.' (ആയിനയെ കമാലാത്തെ ഇസ്‌ലാം, പേജ് 578).

വാഗ്ദത്ത മസീഹിന് ലഭിക്കുന്ന ഈ പുത്രനെക്കുറിച്ച് നബി(സ) തിരുമേനിയുടെ പ്രമുഖ സഹാബിമാരും പറഞ്ഞിട്ടുള്ളതായി ചരിത്രത്തിൽനിന്നും മനസ്സിലാകുന്നു. വാഗ്ദത്ത മസീഹിന്റെ വിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ മക്കളിലൊരാൾക്ക് അല്ലാഹുവിൽനിന്നുള്ള പ്രത്യേകമായ അനുഗ്രഹം ലഭിക്കുകയും ഖിലാഫത്ത് പദവി ലഭിക്കുകയും ചെയ്യുമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്.

ഒരു പ്രമുഖ മുസ്‌ലിം സിദ്ധനായ ഹദ്റത്ത് നിഅ്മത്തുല്ലാഹ് ശാഹ് വലി തന്റെ ഒരു വിഖ്യാതകവിതയിൽ ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി.

“വരാനിരിക്കുന്നയാൾ വാഗ്ദത്ത മഹ്ദിയും മസീഹുമാണ്. വാഗ്ദത്തം ചെയ്യപ്പെട്ട ഈ വ്യക്തിയുടെ പേര് അഹ്മദ് എന്നായിരിക്കും. അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ മക്കളിലൊരാൾ അദ്ദേഹത്തിന്റെ യഥാർത്ഥ ആത്മീയ പിൻഗാമിയായിത്തീരുകയും അദ്ദേഹത്തിന്റെ ദൗത്യം തുടർന്നുകൊണ്ടുപോവുകയും ചെയ്യുന്നതാണ്.”

ഇത്തരത്തിൽ വാഗ്ദത്ത മസീഹ്(അ) പ്രവചനം ചെയ്ത വാഗ്ദത്തപുത്രൻ 1889 ജനുവരി 12-ന് ജനിച്ചതോടെ ഇസ്‌ലാമിന്റെ ദൈവം ജീവനുള്ള ദൈവമാണെന്നും അവൻ ഇപ്പോഴും തന്റെ പ്രിയദാസരോട് സംസാരിക്കുന്നുണ്ടെന്നും തെളിയിക്കപ്പെട്ടു. ശത്രുക്കൾ ഇതൊന്നും സംഭവിക്കാൻ പോകുന്നില്ലെന്നു പറഞ്ഞ് പ്രവചനത്തെ പരിഹസിക്കുകയാണുണ്ടായത്. പക്ഷേ, കാലം ശത്രുക്കളുടെ പരിഹാസത്തിന്റെ മുനയൊടിച്ചു.

വാഗ്ദത്തപുത്രൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആത്മീയവും ഭൗതികവുമായ ജ്ഞാനത്താൽ നിറക്കപ്പെടുമെന്ന് പ്രവചനത്തിൽ പറഞ്ഞിട്ടുണ്ട്. അത് അത്യത്ഭുതകരമായ തരത്തിൽ പൂർത്തിയാവുകയുണ്ടായി. മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഭൗതികവിദ്യാഭ്യാസം തീരെ മുന്നോട്ട് പോയിരുന്നില്ല. മെട്രിക്ക് പരീക്ഷയിലെ തോൽവിയോടെ അതവസാനിക്കുകയായിരുന്നു. ഇത് അല്ലാഹുവിന്റെതന്നെ തീരുമാനമാണ്. ഉന്നത ഭൗതികവിദ്യാഭ്യാസത്തിലൂടെയാണ് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് ജ്ഞാനം നേടിയതെന്നും ഇതാർക്കും സാധിക്കുന്നതാണെന്നും ശത്രുക്കൾ പറഞ്ഞുപരത്താനിടയുള്ള ആരോപണത്തിന്റെ മുനയൊടിക്കുകയാണ് അല്ലാഹു ചെയ്തത്. അല്ലാഹുതന്നെ സ്വയം അധ്യാപകനായി അദ്ദേഹത്തിൽ ജ്ഞാനം നിറക്കുകയാണുണ്ടായത്. അതുകൊണ്ടാണ് ഉന്നത വിദ്യാഭ്യാസം നേടിയ നിരവധി പണ്ഡിതരെ അദ്ദേഹം നിഷ്പ്രഭരാക്കിയത്. മാത്രമല്ല ആരുംതന്നെ അദ്ദേഹത്തെ കവച്ചുവെച്ചില്ല. ഭൗതികജ്ഞാനത്തിന്റെ സകല മേഖലകളും അദ്ദേഹത്തിന് കീഴടങ്ങി. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ജ്ഞാനത്തിലൂടെ പുറത്തുവന്നു.

മികച്ച ഒരു പ്രഭാഷകൻ കൂടിയായ അദ്ദേഹം തന്റെ പണ്ഡിതോചിതമായ പ്രഭാഷണങ്ങളിലൂടെ കേൾവിക്കാരെ പിടിച്ചിരുത്തി. വിംബ്ലി കോൺഫറൻസിൽ മുസ്‌ലിഹ് മൗഊദ്(റ) അവതരിപ്പിച്ച പ്രബന്ധമാണ് പിന്നീട് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എന്ന പേരിൽ വിഖ്യാതമായ ഗ്രന്ഥം. ഈ പ്രബന്ധം സർ മുഹമ്മദ് സഫറുല്ലാഖാൻ സാഹിബാണ് വായിച്ചവതരിപ്പിച്ചത്. ഇന്ത്യാ വിഭജനത്തിനുശേഷം അഹ്മദികളുടെ കേന്ദ്രം പാക്കിസ്ഥാനിലേക്ക് മാറ്റപ്പെട്ടപ്പോൾ അദ്ദേഹം പാക്കിസ്ഥാൻ പൗരനായി. വിഭജനത്തിനുശേഷം പാക്കിസ്ഥാന്റെ രാജ്യരക്ഷയിലും മറ്റുള്ള മേഖലകളിലും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് വിശദീകരിച്ചുകൊണ്ട് ഒരു പ്രഭാഷണപരമ്പര തന്നെ അദ്ദേഹം നടത്തുകയുണ്ടായി. ഈ പ്രഭാഷണങ്ങൾ ശ്രവിച്ച ഒരനഹ്മദി പ്രൊഫസർ പറഞ്ഞ വാക്കുകൾ മുസ്‌ലിഹ് മൗഊദ്(റ)ന്റെ മഹത്ത്വം വിളിച്ചോതുന്നതാണ്. മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദാണ്

പാക്കിസ്ഥാന്റെ പ്രധാനമന്ത്രിയാകേണ്ടിയിരുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്.

മറ്റൊരവസരത്തിൽ 1919-ൽ തന്റെ 30-ാം വയസ്സിൽ ലാഹോർ ഇസ്ലാമിയ കോളേജിൽ 'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. പ്രസ്തുത കോളേജിലെ ഹിസ്റ്ററി പ്രൊഫസറും ഇസ്ലാമിക ചരിത്രപണ്ഡിതനുമായിരുന്ന പ്രൊഫ. അബ്ദുൽ ഖാദിർ സാഹിബായിരുന്നു പ്രസ്തുത യോഗത്തിന്റെ അധ്യക്ഷൻ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണം സശ്രദ്ധം ശ്രവിച്ചതിനു ശേഷം അധ്യക്ഷൻ തന്റെ വാക്കുകൾ ആരംഭിച്ചത് 'ജ്ഞാനിയായ പിതാവിന്റെ ജ്ഞാനിയായ മകൻ' എന്ന വാക്കുകളോടെയായിരുന്നു. തുടർന്ന് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"ഞാനും ചരിത്ര പുസ്തകങ്ങൾ കുറേയധികം വായിച്ചവനാണ്. ഈ സായാഹ്നത്തിൽ ഞാൻ ഈ ഹാളിൽ വന്നെത്തിയപ്പോഴും ഇസ്ലാമികചരിത്രത്തിന്റെ വലിയ ഭാഗം എനിക്ക് നന്നായറിയാമെന്നും അതുസംബന്ധിച്ച് ആധികാരികമായി സംസാരിക്കാൻ അർഹതയുള്ളവനാണെന്നുമായിരുന്നു എന്റെ വിചാരം. ഇപ്പോൾ ജനാബ് മിർസാ സാഹിബിന്റെ പ്രസംഗം കഴിഞ്ഞതോടെ എന്റെ അറിവ് ഒന്നുമല്ലായെന്ന് മനസ്സിലായിരിക്കുന്നു."

ഭൗതികജ്ഞാനത്തേക്കാളേറെ ഖുർആനിക ജ്ഞാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഖുർആനിൽനിന്നാണ് അദ്ദേഹത്തിന് ഭൗതികജ്ഞാനം പോലും ലഭിച്ചത് എന്നതാണ് വസ്തുത. അല്ലാഹു അദ്ദേഹത്തിൽ നൈസർഗ്ഗികമായിത്തന്നെ ഖുർആനിക ജ്ഞാനം നിറക്കുകയുണ്ടായിട്ടുണ്ട്. അതദ്ദേഹം തന്റെ ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ തഫ്സീർ കബീറിൽ വ്യക്തമാക്കിയിട്ടുമുണ്ട്. അദ്ദേഹം ഇപ്രകാരമെഴുതി. "ആയിരക്കണക്കിന് സത്യമായ യാഥാർത്ഥ്യങ്ങൾ വിശുദ്ധഖുർആനിൽ ഉള്ളതായി അല്ലാഹു തന്റെ അപാരമായ അനുഗ്രഹത്താൽ വെളിപാടുകളിലൂടെ എനിക്ക് മനസ്സിലാക്കിത്തരികയുണ്ടായി. (തഫ്സീർ കബീർ വാള്യം 6, പേജ് 483).

തന്റെ 8-ാം വയസ്സിൽ ഖുർആൻ മുഴുവനും ഓതി പൂർത്തിയാക്കിയ അദ്ദേഹത്തിന് വളരുന്തോറും അതിലടങ്ങിയ ജ്ഞാനങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. വാഗ്ദത്ത മസീഹിന്റെ ഈ വാഗ്ദത്തപുത്രന്റെ ജന്മോദ്ദേശ്യമായി പ്രവചനത്തിൽ പറഞ്ഞ ഒരു കാര്യം ജനങ്ങളിൽ ഇസ്ലാമിന്റേയും വിശുദ്ധഖുർആന്റേയും മഹത്ത്വം സ്ഥാപിക്കുക എന്നതാണ്. അത് തഫ്സീർ കബീറിലൂടെ ലോകം കണ്ടു. ഖുർആനികജ്ഞാനത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ എഴുതുന്നതിൽ മത്സരിക്കാൻ പലപ്പോഴുമദ്ദേഹം മറ്റുള്ളവരെ ആഹ്വാനം ചെയ്യുകയുണ്ടായി. പക്ഷേ, ആരുംതന്നെ ഈ കാര്യത്തിൽ അദ്ദേഹത്തോട് മത്സരിക്കാൻ തയ്യാറായില്ല.

മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖുർആനികജ്ഞാനത്തിന്റെ ആഴം അദ്ദേഹത്തിന്റെ ശത്രുക്കൾപോലും സമ്മതിച്ചിട്ടുള്ളതാണ്. ഇന്ത്യാപാക് ഉപഭൂഖണ്ഡത്തിലെ പ്രസിദ്ധനായ മുസ്ലിം നേതാവും സമീന്ദാർ പത്രത്തിന്റെ എഡിറ്ററുമായിരുന്ന മൗലവി സഫർ അലി ഖാൻ സാഹിബ് മുസ്‌ലിഹ് മൗഊദ്(റ)ന്റെ എതിരാളികളെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ പറയുകയുണ്ടായി.

"ശ്രദ്ധിച്ചുകേൾക്കുക. നിങ്ങൾക്കും നിങ്ങളുടെ അനുയായികൾക്കും ഒരിക്കലുംതന്നെ മിർസാ മഹ്മൂദിനോട് മത്സരിക്കാനാവില്ല. മിർസാ മഹ്മൂദിന് ഖുർആനും അതിലടങ്ങിയ ജ്ഞാനവുമുണ്ട്. നിങ്ങൾക്ക് എന്താണ് ലഭിച്ചിട്ടുള്ളത്. നിങ്ങൾ സ്വപ്നത്തിൽ പോലും ഖുർആൻ പഠിച്ചിട്ടില്ല........"

ചെറുപ്രായത്തിൽതന്നെ മുസ്‌ലിഹ് മൗഊദ്(റ) വിശുദ്ധഖുർആന്റെ ദർസ് നൽകാറുണ്ടായിരുന്നു. ഈ ദർസുകൾ ധാരാളം പേരെ ആകർഷിച്ചുപോന്നു. ഈ ദർസുകളിലൂടെ ഖുർആന്റെ നവീനങ്ങളായ ജ്ഞാനങ്ങൾ മുസ്‌ലിഹ് മൗഊദിലൂടെ പുറത്തുവന്നുകൊണ്ടിരുന്നു. എനിക്കറിയാത്ത പല കാര്യങ്ങളും മിർസാ മഹ്മൂദ് ഖുർആൻ വ്യാഖ്യാനത്തിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന്" ഒന്നാം ഖലീഫ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പറഞ്ഞത് അദ്ദേഹത്തിന്റെ ഖുർആനിക ജ്ഞാനത്തിന്റെ ആഴം മനസ്സിലാക്കിത്തരുന്നു. ഒരു വേനലവധിയിലെ എല്ലാ ദിവസങ്ങളിലും ദീർഘനേരം നീണ്ടുനിൽക്കുന്ന ദർസ് അദ്ദേഹം നൽകുകയുണ്ടായി. ഈ ദർസ് കേൾക്കാൻ ഖാദിയാന് പുറത്തുള്ളവരും എത്തിച്ചേർന്നിരുന്നു.

മസീഹിന്റെ ഖലീഫ നൽകുന്ന ഖുർആൻ ദർസ് ലോകം മുഴുവനുമുള്ള ആളുകൾ നേരിട്ടുകേൾക്കുന്ന ഒരു കാലംവരുമെന്ന് ഒരു പ്രവചനമെന്നോണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതായി ഖലീഫത്തുൽമസീഹ് റാബിഅ് ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ ദീർഘദർശനം നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ എം.ടി.എ ചാനൽ വഴി പുലരുകയും ചെയ്തു.

വിശുദ്ധഖുർആന്റെ തത്ത്വരഹസ്യങ്ങൾ അറബിയറിയാത്തവരിലും എത്തിക്കുന്നതിനുള്ള പദ്ധതി മുസ്‌ലിഹ് മൗഊദ്(റ) ആവിഷ്കരിച്ചു. അതിനായി ഖുർആൻ വിവിധ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറങ്ങി. മറ്റു 14 ഭാഷകളിൽ തർജ്ജമക്ക് തുടക്കം കുറിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖുർആനിക ജ്ഞാനം അനുസ്മരിച്ചുകൊണ്ട് 1965 നവംബർ 18-ലെ

സിദ്കെ ജദീദ് പത്രം ഇപ്രകാരം എഴുതി:

"വിശുദ്ധഖുർആനും അതിലടങ്ങിയിരിക്കുന്ന ജ്ഞാനവും ലോകവ്യാപകമായി പ്രസിദ്ധീകരിക്കുന്നതിനും ഭൂമിയുടെ സകല കോണുകളിലും ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനുമായി ഖുർആന്റെ സത്യതയും ജ്ഞാനവും പ്രതിപാദിച്ച അദ്ദേഹത്തിന്റെ രീതി അസാമാന്യമാണ്."

തന്റെ വാഗ്ദത്തപുത്രൻ അതീവബുദ്ധിശാലിയായിരിക്കുമെന്ന് വാഗ്ദത്ത മസീഹ്(അ) പ്രവചനത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. തന്റെ ബുദ്ധിസാമർത്ഥ്യം പലതവണകളായി അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. ശുദ്ധിപ്രസ്ഥാനത്തിനെതിരെ പ്രവർത്തിച്ചുകൊണ്ട് ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിലും ജമാഅത്തിനെ സുസംഘടിതമാക്കുന്നതിലും ഇന്ത്യാ വിഭജന സമയത്തും അഹ്റാർ പ്രക്ഷോഭകാലത്തും എന്നു വേണ്ട സകല സന്ദർഭങ്ങളിലും അദ്ദേഹം തന്റെ വൈഭവം പ്രകടമാക്കിയിട്ടുണ്ട്. മുസ്ലിഹ് മൗഊദ്(റ)ന്റെ ബുദ്ധിശക്തി മനസ്സിലാക്കിയ ജമാഅത്തിന്റെ ഒരെതിരാളിയായിരുന്ന ചൗദ്രി ഫതഹുൽഹഖ് ഇപ്രകാരം പറയുകയുണ്ടായി.

"ഖാദിയാനി ജമാഅത്ത് ചെലവഴിക്കുന്ന പണവും ഈ ജമാഅത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ബുദ്ധിയും മാത്രംകൊണ്ട് ശക്തരായ ഭരണകൂടങ്ങളെ നിമിഷങ്ങൾക്കം തകർക്കാൻ സാധിക്കുന്നതാണ്." (മുജാഹിദ് പത്രം, 1935 ആഗസ്ത് 10).

1960-61 കാലഘട്ടത്തിൽ മതങ്ങളുടെ താരതമ്യപഠനങ്ങൾക്കായി പാക്കിസ്ഥാൻ സന്ദർശിച്ച പ്രൊഫ. സ്റ്റെൻകോ തന്റെ പഠനത്തിനുശേഷം ഇസ്ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ശീർഷകത്തിൽ ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. അതിലദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാനത്തേയും അതിന്റെ ഇമാമിനേയും കുറിച്ചെഴുതി: 'വലിയ ബുദ്ധിമാനും പ്രശ്നങ്ങൾക്ക് പെട്ടെന്നുതന്നെ പരിഹാരം കാണാൻ കഴിവുമുള്ള ഒരു നേതാവാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം'. പ്രൊഫ. ഇതുകൂടി കൂട്ടിച്ചേർത്തു. 'തന്റെ പിതാവിനോടെന്നപോലെ ദൈവം തന്നോടും സംസാരിക്കുന്നുണ്ടെന്ന വാദം മിർസാ മഹ്മൂദിനുണ്ട്.' (ഈസ്റ്റേൺ വേൾഡ്, 1961 ഡിസംബർ).

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അടിമകളുടെ മോചകനായിരിക്കുമെന്ന് വാഗ്ദത്ത മസീഹ്(അ) പ്രഖ്യാപിക്കുകയുണ്ടായി. വിവിധ രാജ്യങ്ങളിലെ അടിച്ചമർത്തപ്പെട്ടവരുടെ മോചനത്തിനായി സകല മാർഗ്ഗങ്ങളും ഉപയോഗിച്ചുകൊണ്ട് മുസ്ലിഹ് മൗഊദ്(റ) പ്രയത്നിച്ചത് ലോകം കണ്ടതാണ്. എതിരാളികൾ പോലും അത് സമ്മതിച്ചിട്ടുണ്ട്.

1930-കളിൽ കശ്മീരിലെ ഭരണകർത്താക്കൾ അവിടെയുള്ള മുസ്ലിംകളെ ഉപദ്രവിക്കാനും അവരുടെ അർഹതപ്പെട്ട അവകാശങ്ങൾപോലും നിഷേധിക്കാനും തുടങ്ങിയപ്പോൾ അതിനെതിരെ പോരാടുന്നതിനായി ആ കാലത്തെ നവാബുമാരും രാഷ്ട്രീയക്കാരുമായ മുസ്ലിം നേതാക്കൾ മുസ്ലിഹ് മൗഊദ്(റ)ന്റെ സഹായം തേടുകയുണ്ടായി. അദ്ദേഹം തന്റെ അക്ഷീണ പ്രവർത്തനങ്ങളിലൂടെ അവിടെ അടിച്ചമർത്തപ്പെട്ട മുസ്ലിംകൾക്ക് സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം നേടികൊടുക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ അന്നത്തെ മുസ്ലിം നേതാക്കന്മാർ അദ്ദേഹത്തെ കശ്മീർ കമ്മറ്റിയുടെ ചെയർമാൻപോലുമാക്കി.

●

---

പേജ് 23-ൽനിന്ന്

സ്നേഹത്തോടും സന്തോഷത്തോടും പരസ്പര മൈത്രിയോടും കൂടി ജീവിക്കാൻ സൗഭാഗ്യം തരികയും ചെയ്തിരിക്കുന്നു. (*നിസാമെനൗ, പേ 110-112. രണ്ടാം പതിപ്പ്*).

ഈ സമയത്ത് എന്റെയടുത്ത് കുറഞ്ഞത് ജമാഅത്തിലെ എല്ലാ അംഗങ്ങളും വസിയ്യത്ത് ചെയ്യേണ്ടതായ പദ്ധതിയാണ് ഉള്ളത്. ഓരോ വസ്തുവും ലോകത്ത് വെളിപ്പെടുന്നതിന് ഓരോ സമയമുണ്ട്. നമ്മുടെ കൈയിൽനിന്ന് ഖാദിയാൻ പുറത്തുപോയ കാരണത്താൽ, ശത്രുവിന്റെ ദൃഷ്ടിയിൽ, ഇപ്പോൾ പ്രത്യേകമായും, 'ഇവർ വസിയ്യത്ത് ചെയ്യാറുണ്ടായിരുന്ന ബിഹ്ശ്തിമഖബറ അവരുടെ കൈയിൽനിന്ന് പുറത്തുപോയിരിക്കുന്നു, ഇനി ഇക്കൂട്ടർ എങ്ങനെ വസിയ്യത്ത് ചെയ്യും' എന്ന് നോക്കിക്കാണാനുള്ള വ്യഗ്രതയിലാണുള്ളത്. ഈ ആക്ഷേപത്തെ തടയാൻ എല്ലാ അഹ്മദികളും വസിയ്യത്ത് ചെയ്യുക എന്ന ഒരേയൊരു ശിപാർശയേയുള്ളൂ. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള നമ്മുടെ വിശ്വാസവും ദൃഢമായ ഉറപ്പും ഖാദിയാൻ നമ്മുടെ കൈയിൽനിന്ന് പുറത്തുപോയതുമായോ പുറത്തുപോകാത്തതുമായോ ബന്ധപ്പെട്ടതല്ലെന്ന് ലോകത്തോട് പറയുക. നമ്മൾ ഏതവസ്ഥയിലും നമ്മുടെ വിശ്വാസത്തിൽ നിലകൊള്ളുന്നവരാണ്. ഇതൊരു കുറഞ്ഞ ഈമാനിന്റെ പ്രകടനമാണ്. ഇതാണ് വസീയ്യത്ത് ചെയ്യാത്തവരിൽനിന്ന് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് 1/16% കൊടുക്കാൻ കഴിയാത്തവർക്കും ഞാൻ മനസ്സിലാക്കുന്നത്, വസിയ്യത്ത് ചെയ്തുകൊണ്ട് കുറഞ്ഞപക്ഷം ഈമാനിന്റെ പ്രകടനമെങ്കിലും കാണിക്കേണ്ടത് നിർബന്ധമാണ്. വസിയ്യത്ത് ചെയ്യാത്തവരായി നമ്മുടെ ജമാഅത്തിൽ ആരുംതന്നെ ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കുക. (*അൽഫള്ൽ, 5.6.1948*).

(*വിവ: മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ*)

ലേഖനം

കെ. അബ്ദുൽ അസീസ്

# ഖിലാഫത്തും അല്ലാഹുവിന്റെ വാഗ്ദാനങ്ങളും

“നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർതന്നെയാണ് ധിക്കാരികൾ.” (വി.ഖു. 24:56).

സൂറഃഅന്നൂരിലെ ‘ആയത്തെ ഇസ്തിഖ്ലാഫ്’ എന്നറിയപ്പെടുന്ന ആയത്താണ് മുകളിൽ വിവരിച്ചത്. വിശുദ്ധഖുർആൻ ദിവസവും പാരായണം ചെയ്യുന്നവർക്ക് ഈ ആയത്ത് പുതിയതൊന്നുമല്ല. അവർ അത് അനേകം തവണ പാരായണം ചെയ്തിട്ടുള്ളതും അർത്ഥം ഗ്രഹിച്ചിട്ടുള്ളതുമാണ്. എന്നാൽ, ഈ ആയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഗഹനമായ തത്ത്വങ്ങളെക്കുറിച്ച് അധികം പേരും ഗൗരവമായി ചിന്തിച്ചിട്ടില്ല എന്നുവേണം കരുതാൻ. ഈ ആയത്ത് ആരംഭിക്കുന്നതുതന്നെ അല്ലാഹു വാഗ്ദാനം ചെയ്യുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. അല്ലാഹുവിന്റെ ഒരു വാഗ്ദാനവും പാലിക്കപ്പെടാതെ പോകുന്നില്ല. ഇത് അല്ലാഹു സ്വയം തന്നെ ഖുർആനിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്. “ഇത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. വാക്കിൽ, കൂടുതൽ സത്യവാനായി മറ്റാരുണ്ട്’ (4:123), “അല്ലാഹുവിന്റെ വാഗ്ദാനം തീർച്ചയായും സത്യമാകുന്നു. എന്നാൽ, അവരിൽ അധികം പേരും ഇത് ഗ്രഹിക്കുന്നില്ല.” (10:56). “തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.” (13:32) എന്നിങ്ങനെ ഖുർആനിൽ കാണാവുന്നതാണ്. തന്നെയുമല്ല വാഗ്ദാനം ലംഘിക്കുക എന്നത് പൈശാചിക പ്രവർത്തിയാണെന്നാണ് അല്ലാഹു പറയുന്നത്. “അവൻ (ആ പിശാച്) അവരോട് (ചില നേട്ടങ്ങളെ സംബന്ധിച്ച്) വാഗ്ദാനം ചെയ്യുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും ചെയ്യുന്നു. വഞ്ചനാപരമായിട്ടല്ലാതെ പിശാച് അവരോട് യാതൊരു വാഗ്ദാനവും ചെയ്യുന്നില്ല” (4:121). “കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ പിശാച് പറയും, തീർച്ചയായും അല്ലാഹു നിങ്ങളോട് സത്യമായൊരു വാഗ്ദാനം ചെയ്തു. ഞാനും നിങ്ങളോട് ആ വാഗ്ദാനം ചെയ്തു. എന്നാൽ ഞാൻ നിങ്ങളോട് ചെയ്ത വാഗ്ദാനം ലംഘിച്ചു. (14:23). അല്ലാഹു വാഗ്ദാനം പാലിക്കുന്നു. അതേസമയം പിശാച് വാഗ്ദാനം ലംഘിക്കുന്നു. അല്ലാഹുവിന്റെ പ്രവർത്തികളും പിശാചിന്റെ പ്രവർത്തികളും ഒരിക്കലും സമമാവുകയില്ല.

ഇവിടെ അല്ലാഹു വാഗ്ദാനം നല്കുന്നത് അവനിൽ വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്കാണ്. തന്റെ വാഗ്ദാനത്തിന് അവൻ ചില ഉപാധികൾ മുന്നോട്ടു വെച്ചിട്ടുണ്ട്. അതിലൊന്ന് അവനിൽ വിശ്വസിക്കുക എന്നതാണ്. സൽകർമ്മങ്ങൾ അനുഷ്ഠിക്കുക എന്നതാണ് മറ്റൊരുപാധി. ഈ രണ്ട് ഉപാധികളും പരസ്പരപൂരകങ്ങളാണ്. വിശ്വാസം സൽകർമ്മങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുമ്പോൾ സൽകർമ്മങ്ങൾ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നു.

മേൽപറഞ്ഞ രീതിയിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു ജനത ഈ ലോകത്തുണ്ടെങ്കിൽ തീർച്ചയായും ഖിലാഫത്തും ഉണ്ടായിരിക്കുന്നതാണ്. ഖിലാഫത്ത് നിലവിലില്ലായെന്നാണെങ്കിൽ ഈ ലോകത്ത് വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനും ഇല്ലെന്നോ അല്ലാഹു അവന്റെ വാഗ്ദാനം ലംഘിച്ചെന്നോ പറയേണ്ടതായി വരും. എന്നാൽ, ഇത് രണ്ടും അസംഭവ്യമാണ്. റസൂൽ(സ) തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹം പ്രവചിച്ച തരത്തിൽ പല വ്യതിയാനങ്ങളോടും കൂടിയാണെങ്കിലും ഖിലാഫത്ത് നിലനിന്നിട്ടുണ്ട്. വ്യതിയാനങ്ങൾ അദ്ദേഹത്തിന്റെ പ്രവചനമനുസരിച്ചുതന്നെയാണ് സംഭവിച്ചത്. നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ ഖിലാഫത്ത് ഉണ്ടാകുമെന്നും അദ്ദേഹം പ്രവചിച്ചിട്ടുണ്ട്.

മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഖലീഫമാരാക്കും എന്ന് തുടർന്ന് പറയുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് വിശ്വാസികൾക്ക് നേതൃത്വം നല്കുന്നതിന് അവരിൽനിന്നും അനുസരണപ്രതിജ്ഞ വാങ്ങുന്ന ഒരാൾ ഖലീഫയാകുമെന്നാണ്. സാങ്കേതികമായി മുമ്പേയുള്ളവരെ ഖലീഫമാരാക്കിയത് അങ്ങനെയാണ്. അല്ലാതെ ഇപ്പോൾ

ചില പണ്ഡിതന്മാർ പറയുന്നതുപോലെ ഓരോ മനുഷ്യനും ഭൂമിയിലെ അല്ലാഹുവിന്റെ ഖലീഫയല്ല.

അല്ലാഹു പറയുന്നു: "ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകുന്നു എന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു. അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ അവിടെ നിശ്ചയിക്കുകയാണോ? (2:31).

അല്ലാഹു വൃഥാ ഒന്നും പ്രവർത്തിക്കുന്നവനല്ല. ഭൂമിയിൽ ഒരു പ്രതിനിധിയുടെ ആവശ്യം വരുമ്പോഴാണ് അല്ലാഹു പ്രതിനിധിയെ നിയോഗിക്കുന്നത്. മലക്കുകൾ ഉൽകണ്ഠപ്പെടുന്നത് തങ്ങളുടെ മുൻപരിചയം വെച്ചാണ്. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്ന ഒരു ജനത ഉണ്ടാകുമ്പോഴാണ് അവരെ നേർവഴിയിൽ നയിക്കുന്നതിന് അല്ലാഹു പ്രവാചകന്മാരെ നിശ്ചയിക്കുന്നത്. ഹദ്റത്ത് ആദമിനും അങ്ങനെയൊരു ജനതയുടെ ഇടയിലേക്കാണ് നിയോഗം ലഭിച്ചത്.

ഹദ്റത്ത് ആദം(അ) ആദ്യത്തെ മനുഷ്യനാണെന്നും അദ്ദേഹത്തെ വാർപ്പുരീതിയിൽ സൃഷ്ടിച്ചതാണെന്നുമുള്ള തെറ്റായ ധാരണയാണ് അല്ലാഹു എല്ലാ മനുഷ്യരേയും ഭൂമിയിലെ ഖലീഫമാരാക്കിയിരിക്കുന്നു എന്ന് പറയാൻ ഇക്കൂട്ടരെ പ്രേരിപ്പിക്കുന്നത്. എല്ലാവരും ഖലീഫമാരായാൽ ആർ, ആരെ അനുസരിക്കും. ആർ ആരുടെ കൈയിൽ ബയ്അത്ത് ചെയ്യും? അങ്ങനെയൊരു സിദ്ധാന്തം അല്ലാഹുവിന്റെ ഏകത്വത്തിന് തന്നെ എതിരാണെന്നതാണ് യാഥാർത്ഥ്യം.

തുടർന്ന് പറയുന്നു "അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തികൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണ്." അവൻ തൃപ്തിപ്പെട്ട മതം ഇസ്ലാമാണ്. ഖുർആൻ പറയുന്നു. 'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." (5:4).

റസൂൽ(സ) ജീവിച്ചിരുന്ന കാലത്ത് ഇസ്ലാം ഒരു ജമാഅത്തായിരുന്നു. നബിതിരുമേനി അതിന്റെ അനുസരിക്കപ്പെടുന്ന നേതാവും. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ ആ നേതൃത്വം ഏറ്റെടുത്തു. ഖിലാഫത്ത് നിലവിൽ വരുമ്പോൾ മതത്തിനുണ്ടാകുന്ന മാറ്റമാണ് പ്രബലപ്പെടുത്തിക്കൊടുക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശ്വാസികൾ ഖിലാഫത്തിൻ കീഴിൽ ഒറ്റക്കെട്ടായി നില്ക്കുമ്പോഴാണ് അതിന് പ്രബലത കൈവരുന്നത്. ഖിലാഫത്ത് ഇല്ലാത്തപ്പോൾ അത് ഛിന്നഭിന്നമായി ജലത്തിൽ ഒഴുകിപ്പോകുന്ന തെങ്ങുതടിയെ പോലെയായിത്തീരുന്നു.

ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുമെന്ന് തുടർന്ന് പറയുന്നു. ഖിലാഫത്ത് സ്ഥാപിതമാകുമ്പോൾ അത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ താരതമ്യേന അവിശ്വാസികളേക്കാൾ എണ്ണത്തിൽ കുറഞ്ഞവരും ദുർബലരുമായിരിക്കും. ഈ അവസരത്തിൽ അവിശ്വാസികളുടെ ആക്രമണത്താൽ തങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടുപോകുമോ എന്നുവരെയുള്ള ഭയത്തെ അവർക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നു. അതിനുശേഷം അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്താൽ അവർക്ക് രക്ഷയും സമാധാനവും കൈവരുന്നതാണ്. ഇവിടെ രക്ഷയും സമാധാനവും അവർക്ക് പകരം നല്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. 'പകരം' എന്നു പറഞ്ഞതിൽനിന്ന് ഖിലാഫത്തിനോട് കാണിക്കുന്ന അനുസരണത്തിന് പകരം എന്നു കൂടി മനസ്സിലാക്കേണ്ടതാണ്.

റസൂൽ(സ)തിരുമേനിയുടെ വഫാത്തിനുശേഷം മേൽപറഞ്ഞ ഭയം സ്വഹാബാക്കൾക്കുണ്ടായിരുന്നു. പിന്നീട് ഖിലാഫത്തിന് വ്യതിയാനങ്ങൾ ഉണ്ടായപ്പോഴും പുതിയ ഖിലാഫത്തുകൾ സ്ഥാപിക്കപ്പെട്ടപ്പോഴും പുതിയ ഖലീഫമാർ മാറിവന്നപ്പോഴുമെല്ലാം വിശ്വാസികൾക്ക് ഈ അവസ്ഥകൾ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്.

ഈ കാലഘട്ടത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അവതരിച്ചപ്പോഴും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഈ സാഹചര്യമുണ്ടായി. അഹ്മദിയ്യാ ഖിലാഫത്തിന്റെ വിവിധ ഘട്ടങ്ങളിലും ഈ ഭയത്തെ വിശ്വാസികൾ വിജയകരമായി അതിജീവിച്ചു.

അഹ്മദിയ്യാ ജമാഅത്തിനോടുള്ള ശത്രുതയാൽ ഈ ആയത്തിനുനേരെ ബുഹഭൂരിപക്ഷം മുസ്ലിംകളും കണ്ണടച്ചിരിക്കുകയാണ്. അവരുടെ നേതാക്കന്മാരാകട്ടെ അല്ലാഹു ഇനി ആരേയും നിയോഗിക്കുകയില്ലെന്നും ഞങ്ങൾ, പണ്ഡിതന്മാരാണ് കാര്യങ്ങൾ നേരെയാക്കേണ്ടതെന്നും പറയുന്നു. പരസ്പരം കുഫ്ർ ഫത്വകൾ പുറത്തിറക്കുന്നതിൽനിന്നും അവർ പിന്നോട്ട് പോയിട്ടുണ്ട്. പരസ്പര ശത്രുതയിൽ കുറവ് വന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മോക്ഷപ്രാപ്തിക്കർഹമായ ജമാഅത്തിൽ തങ്ങളുടേതു മാത്രമാണെന്ന് അവകാശപ്പെടാൻ ആർക്കും ധൈര്യമില്ലാത്തതുകൊണ്ടാണ്. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ശ്രീനാരായണഗുരുവിന്റെ സന്ദേശം കടമെടുത്ത് ഏതു വിഭാഗത്തിലായാലും സൽകർമ്മങ്ങളനുഷ്ഠിക്കുകയും നോമ്പ് നോക്കുകയും നമസ്കരിക്കുകയുമൊക്കെ ചെയ്താൽമതി എന്ന് ഇക്കൂട്ടർ സിദ്ധാന്തിക്കുന്നത്. പുരോഗമന പ്രസ്ഥാനങ്ങൾ എന്നവകാശപ്പെടുന്ന മുജാഹിദ്, ജമാഅത്തെ ഇസ്ലാമി പണ്ഡിതന്മാരും ഇപ്പോൾ ഈ അഭിപ്രായക്കാരാണ്.

അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോട് മറ്റൊന്നിനേയും പങ്കുചേർക്കുകയില്ല എന്ന് ഖിലാഫത്ത് ലഭിക്കുന്ന ജനവിഭാഗത്തെക്കുറിച്ച് ആയത്തിൽ തുടർന്നു പറയുന്നു. ഒരു ഖലീഫയുടെ പ്രഥമ ദൗത്യം തന്റെ അനുയായികൾ തൗഹീദിൽ ഉറച്ചുനില്ക്കുകയും ശിർക്കിൽനിന്ന് വിട്ടുനില്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ്. അല്ലാഹുവിന്റെ ഖലീഫമാർ ഇതിൽ വിജയം വരിക്കുന്നതാണെന്ന് ഈ ആയത്തിൽ സുവാർത്ത നല്കിയിരിക്കുന്നു.

അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക എന്ന ഖുർആനിക അധ്യാപനത്തെ അവഗണിച്ചവർക്ക് മേൽപറഞ്ഞ രണ്ട് ഗുണങ്ങളും പൂർണ്ണരൂപത്തിൽ ലഭിക്കുകയില്ല. തീർച്ചയായും തൗഹീദും അതിന്റെ സ്ഥാനത്തുണ്ടാകും. ശിർക്കും ഉണ്ടാകും. എന്നാൽ, ഖിലാഫത്തിനെ അനുസരിച്ച് ജീവിക്കുന്നവർ തൗഹീദിൽ പുരോഗമിക്കുകയും ശിർക്കിൽനിന്ന് മോചനം നേടാനുള്ള പരിശ്രമത്തിൽ വിജയിക്കുകയും ചെയ്യുന്നു. അല്ലാത്തവരുടെ ഹൃദയത്തിലെ തൗഹീദിനെ ശിർക്ക് കാലക്രമത്തിൽ കീഴടക്കുന്നതാണ്.

അല്ലാഹു അവന്റെ വാഗ്ദാനം നിറവേറ്റിയതിനു ശേഷം അതിനെ നിഷേധിക്കുന്നവർ ധിക്കാരികളാണെന്ന് തുടർന്ന് പറയുന്നു. ഇതൊരു മുന്നറിയിപ്പാണ്. താൻ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവനാണെന്ന് ഒരാൾ വാദിക്കുകയും അത് സ്ഥാപിക്കുന്ന അഖണ്ഡമായ തെളിവുകൾ നിരത്തുകയും ചെയ്ത ശേഷവും തങ്ങളുടെ പാണ്ഡിത്യത്തിന്റേയും പദവിയുടേയും അഹങ്കാരത്തിൽ അത് നിഷേധിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുന്നതാണ്.

വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് താഴോരത്ത്കൂടി അരുവികളൊഴുകുന്ന ആരാമങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ മഹത്വത്തെ ഭയപ്പെടുന്നവർക്ക് അല്ലാഹു രണ്ട് സ്വർഗ്ഗങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നവർക്ക് അവൻ അനേകം പദവികൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ അന്വേഷകർക്ക് ലക്ഷ്യം വാഗ്ദാനം ചെയ്തിരിക്കുന്നു. പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം വാഗ്ദാനം ചെയ്തിരിക്കുന്നു. മനുഷ്യന്റെ ഓരോ പ്രവർത്തിക്കും അവന്റെ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്കും അവൻ അനേകമിരട്ടി പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ വാഗ്ദാനങ്ങളൊന്നുംതന്നെ ഒരുകാലത്തും ലംഘിക്കപ്പെട്ടിട്ടില്ല. ലംഘിക്കപ്പെടുകയുമില്ല. അല്ലാഹുവിന്റെ വാഗ്ദാനം സത്യമായും പാലിക്കപ്പെടാനുള്ളതാണ്.

അതുകൊണ്ടുതന്നെ അല്ലാഹുവിനാൽ സ്ഥാപിതമായ ഈ കാലഘട്ടത്തിലെ ഖിലാഫത്തിനെ- അഹ്മദിയ്യാ ഖിലാഫത്തിനെ-നിഷേധിക്കുന്നവർ സൂറഃ അൽഫുർഖാനിലെ 31-ാം വചനത്തിൽ പരാമർശിക്കപ്പെട്ട ജനതയായിത്തീരുകയും അല്ലാഹുവിന്റെ ശിക്ഷയ്ക്ക് പാത്രീഭൂതരാവുകയും ചെയ്യുന്നതാണ്. ആ വചനമിതാണ്. "ദൈവദൂതൻ പറയും എന്റെ നാഥാ! എന്റെ ജനം ഈ ഖുർആനെ പുറന്തള്ളിയ നിലയിൽ വിട്ടുകളഞ്ഞു." (25:31).

ആയത്തെ ഇസ്തിഖ്ലാഫിൽ അല്ലാഹു നല്കിയ വാഗ്ദാനം പാലിക്കപ്പെടുമെന്ന് സംശയത്തിന്റെ ലാഞ്ചനപോലുമില്ലാത്ത നിലയിൽ അല്ലാഹുവിന്റെ റസൂലിന് ഉറപ്പുണ്ടായിരുന്നു. അതിനാലാണ് ഖിലാഫത്തിന്റെ കീഴിലല്ലാത്ത മരണം ജാഹിലിയ്യത്തിന്റെ മരണമാണെന്ന് ആ മഹാത്മാവ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

●

*ഇക്കാലത്ത് അല്ലാഹുവിനെ മറന്നുകൊണ്ട് മനുഷ്യത്തം കത്തിക്കരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരുരാജ്യം മറ്റൊരു രാജ്യത്തോട് ഉള്ളിൽ വെറുപ്പ് വെച്ച് പുലർത്തുന്നു. പരസ്പരം നഷ്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. മഹായുദ്ധത്തിന്റെ വലിയ വ്യക്തമായ സാധ്യത വ്യക്തമായി കണ്ടുകൊണ്ടിരിക്കുന്ന സ്ഥാനത്തേക്ക് ലോകം ദ്രുതഗതിയിൽ നീങ്ങുകയാണ്. ഇതുമുഖേന വീണ്ടും മനുഷ്യത്വം നശിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു എല്ലാ അഹ്മദികളെയും സുരക്ഷിതമയി വയ്ക്കുന്നതിനോടൊപ്പം, യുദ്ധത്തിന്റെ ഉപദ്രവങ്ങളിൽ നിന്നും അതിന്റെ അപകടങ്ങളിൽ നിന്നും മുസ്ലിം ഉമ്മത്തിനെയും സകല മനുഷ്യരെയും സുരക്ഷിതമായി വെക്കുമാറാകട്ടെ. ഒരു ഭാഗത്തൂടെ നോക്കുകയാണെങ്കിൽ ലോകം തികച്ചും അഗ്നിയുടെ വക്കിലാണ്. ഏത് സമയവും അത് തകരാം. ഭയാനകമായ വിപത്ത് വരികയും ചെയ്യാം. അത്കൊണ്ട് കൂടുതൽ പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.*

*ഇന്ന് ദുൻയാവിൽ ആർക്കെങ്കിലും ലോകത്തെ രക്ഷിക്കാൻ കഴിയുമെങ്കിൽ അത് അഹ്മദികളുടെ പ്രാർത്ഥനകൾക്കു മാത്രമേ കഴിയുകയുള്ളൂ... അത് കൊണ്ട് സ്വന്തം ഉള്ളിലും മാറ്റമുണ്ടാക്കിക്കൊണ്ട് ലോകത്തിന്റെ നാശത്തെ മുന്നിൽ കണ്ടുകൊണ്ട് പ്രത്യേകിച്ച് ധാരാളമായി ദുആ ചെയ്യുക.*

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)**
**ഖലീഫത്തുൽ മസീഹ്**

ലേഖനം

ഡോ. മുസഫ്ഫർ അഹ്മദ്

# ധാർമ്മികതയും നീതിയും ഇസ്ലാമിന്റെ മുഖമുദ്ര

**ലോ**കത്തുള്ള എല്ലാ മതങ്ങളും പ്രതിനിധാനം ചെയ്യുന്നത് ധാർമ്മികമായ ഒരു ജീവിതക്രമത്തെയാണ്. എല്ലാ മതങ്ങളും ഉടലെടുക്കുന്നത് ചില സാമൂഹിക സാംസ്കാരിക-ചരിത്ര പശ്ചാത്തലത്തിലാണ്. ഈ പശ്ചാത്തലങ്ങളാണ് മതങ്ങളേയും അതിന്റെ ആദർശങ്ങളേയും നിഷ്ഠകളേയും രൂപപ്പെടുത്തുന്നത്. ഇസ്ലാമിന്റെ ധാർമ്മിക സങ്കല്പങ്ങൾ മനസ്സിലാകണമെങ്കിൽ ഈ പശ്ചാത്തലത്തെക്കുറിച്ച് മനസ്സിലാക്കേണ്ടതാണ്. അതുപോലെതന്നെ ദൈവികവെളിപാടുകൾ ലഭിക്കുന്നതിനും ചില പശ്ചാത്തലങ്ങളുണ്ടാകും. ഇസ്ലാംമതം രൂപീകൃതമാകുന്നതും പിന്നീട് അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാകുന്നതും ഇത്തരത്തിലുള്ള പശ്ചാത്തലത്തിലാണ്.

നിലവിലുള്ള സാമൂഹിക ജീർണ്ണതയും സദാചാര ഭ്രംശവുമാണ് ദൈവികവെളിപാടുകൾക്ക് കാരണമാകുന്നത്. സൽകർമ്മം ചെയ്യുകയും സഹാനുഭൂതിയോടുകൂടി ദരിദ്രരേയും ചൂഷിതരേയും സഹായിക്കുകയും സ്വന്തം നന്മയ്ക്കുപരിയായി സമസൃഷ്ടികളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവനീതി കാത്തുസൂക്ഷിക്കുന്ന ദൈവത്തിന്റെ ദാസർ മനമുരുകി പ്രാർത്ഥിക്കുന്ന ഘട്ടങ്ങളിലാണ് ദൈവികസന്ദേശം വെളിപാടുകളായി ലഭിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ ധാർമ്മികപുനരുത്ഥാനം നടക്കുന്നതും.

ഇസ്ലാം അന്നും ഇന്നും തുല്യതയ്ക്കും നീതിക്കും വേണ്ടിയാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആൻ ഇതിനു വളരെയധികം പ്രാധാന്യം നല്കുന്നുണ്ട്. ഈ രണ്ട് ആശയങ്ങൾക്കും ചില സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങളുണ്ട്. വിശുദ്ധഖുർആന്റെ ആദ്യഭാഗങ്ങൾ ദിവ്യവെളിപാടുകളായി ഇറങ്ങുന്ന ഘട്ടത്തിൽ മക്കയിലുണ്ടായിരുന്നത് ഗോത്രവർഗ്ഗ സമൂഹമായിരുന്നു. ഈ ഗോത്രവർഗ്ഗത്തിന് ലിഖിത നിയമങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും അത് തുല്യതയെ മാനിച്ചിരുന്നു. ഗോത്രത്തലവന് രാജാവിനുള്ളതുപോലുള്ള അധികാരങ്ങളോ അവകാശങ്ങളോ ഉണ്ടായിരുന്നില്ല. പക്ഷേ, തുല്യർക്കിടയിലെ പ്രമുഖനെ ഗോത്രത്തലവനായി അംഗീകരിച്ചിരുന്നു. എന്നാൽ, മക്കയിലുണ്ടായിരുന്ന ഖുറൈശി ഗോത്രത്തിന് ഈ സദാചാരബോധം ഉണ്ടായിരുന്നില്ല. ഖുറൈശി ഗോത്രത്തിലെ കച്ചവടക്കാരായ ചില വ്യക്തികൾ വളരെയധികം ധനവും സമ്പത്തും കുന്നുകൂട്ടുകയും അവ ഗോത്രത്തിലെ മറ്റുള്ളവർക്ക് വീതിച്ചുകൊടുക്കാതിരിക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണ് വിശുദ്ധഖുർആനിലെ 104-ാം അധ്യായമായ സൂറഃ അൽ ഹുമസ അവതരിച്ചത്.

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ الَّذِي جَمَعَ مَالًا وَعَدَّدَهُ

എന്ന് തുടങ്ങുന്ന സൂറത്തിലൂടെ സമ്പത്ത് കുന്നുകൂട്ടുന്നതിനെ അപലപിക്കുകയും ദുരിതപൂർണ്ണമായ ശിക്ഷയ്ക്കേ അത് വഴിവെക്കുകയുള്ളൂ എന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു.

ഇതുപോലെതന്നെ 107-ാം അധ്യായമായ സൂറഃ അൽമാഊനിൽ അനാഥരേയും അഗതികളേയും അവഗണിക്കുന്നതിനെ കഠിനമായി കുറ്റപ്പെടുത്തുന്നുമുണ്ട്. അന്ന് നിലവിലില്ലാതിരുന്ന ഗോത്രവർഗ്ഗ സമൂഹത്തിൽ നടുക്കമുണ്ടാക്കിയ സംഭവമായിരുന്നു ഇത്. സ്വകാര്യസ്വത്ത് എന്ന ആശയംതന്നെ നിലവിലുണ്ടായിരുന്ന ഇസ്ലാമിന്റെ ആദ്യകാലഘട്ടങ്ങളിൽ മക്കയിൽ അവതരിച്ച സൂക്തങ്ങളാണിവ. സ്വകാര്യസ്വത്ത് എന്ന സമ്പ്രദായം നിലവിൽ വരുമെന്നും ചിലർ വളരെയധികം സമ്പന്നരാകുമെന്നും സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ കൈയൊഴിയുമെന്നും മുൻകൂട്ടി കണ്ടുകൊണ്ടാണ് അല്ലാഹു ഇത്തരത്തിലുള്ള വെളിപാടുകൾ നല്കിയതെന്ന് നാം മനസ്സിലാക്കേണ്ടതാണ്.

ദരിദ്രരെ അവഗണിക്കുന്ന സമ്പ്രദായത്തെ വിശുദ്ധഖുർആൻ അപലപിക്കുക മാത്രമല്ല ചെയ്തത്. മറിച്ച്, തുല്യനീതിക്ക് ഊന്നൽ നൽകുകയും ചെയ്തു. സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ കൈയൊഴിക്കുന്നതിനെ ഇസ്ലാം അതിശക്തമായി എതിർത്തിട്ടുണ്ട്. കൂടാതെ ദുർബലവിഭാഗങ്ങളെ സഹായിക്കുന്നതിന് ശക്തമായ ഊന്നലുകൾ നല്കിയിട്ടുമുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ
وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ ٦

"ഭൂമിയിൽ അവർക്ക് സ്വാധീനം നല്കണമെന്നും, ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അവരിൽനിന്ന് (ആ ബലഹീനരിൽ) ഭയപ്പെടുകയായിരുന്നെന്ന കാര്യം അവർക്ക് കാണിച്ചുകൊടുക്കണമെന്നും (നാം ഉദ്ദേശിക്കുകയായിരുന്നു)." (28:7)

ദുർബല വിഭാഗങ്ങളെ ഭൂമിയിലെ നേതാക്കളാക്കാൻ അല്ലാഹു ആഗ്രഹിക്കുന്നുവെന്നാണ് ഇവിടെ പറയുന്നത്. അതായത് സമൂഹത്തിലെ വരേണ്യവർഗ്ഗങ്ങളേക്കാൾ ദുർബലവിഭാഗങ്ങളെ കൂടുതൽ സമ്പന്നന്മാരാക്കാനാണ് ഖുർആന്റെ താൽപര്യം.

ഇതുപോലെതന്നെ നീതിയുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കണമെന്നാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. വിശുദ്ധഖുർആനിലെ മർമ്മപ്രധാനമായ ഒരു വാക്കാണ് 'അദ്ൽ' (നീതി) എന്നത്. അല്ലാഹുവിനെ വിശുദ്ധഖുർആൻ ആദിൽ അഥവാ നീതിമാൻ എന്നാണ് വിശേഷിപ്പിക്കുന്നത്. മക്കയിലെ അന്നത്തെ സമൂഹം, പ്രത്യേകിച്ച് ഖുറൈശികൾ ദരിദ്രരെ അവഗണിക്കുകയും ദുർബലവിഭാഗങ്ങളെ ഏതൊക്കെ രീതിയിൽ ഉപദ്രവിക്കാൻ സാധിക്കുമോ ആ വിധത്തിലെല്ലാം ചൂഷണം ചെയ്യുകയും സ്വയം അഹങ്കാരികളാകുകയും ചെയ്തപ്പോഴാണ് വിശുദ്ധഖുർആൻ സാമൂഹികനീതിയെക്കുറിച്ച് വ്യാകുലപ്പെടുന്നത്. ഇത് ഇന്നും പ്രസക്തമാണ്. മുഹമ്മദ് നബി(സ)ക്ക് നുബുവ്വത്ത്, ലഭിക്കുന്നതിനും എത്രയോ മുമ്പേ പ്രവാചകൻ ദുർബലരെ സംരക്ഷിക്കുന്നതിനുവേണ്ടിയും നീതിയുക്തമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയും അന്നു നിലവിലുണ്ടായിരുന്ന 'ഹിൽഫുൽ ഫുളൂൽ' എന്ന സംഘടനയിൽ അംഗമാവുകയുണ്ടായി.

ഗോത്രമുഖ്യന് തോന്നിയതുപോലെയാണ് അന്ന് മക്കയിലെ നീതി സമ്പ്രദായം. അധികാരദുർവിനിയോഗവും ഉപഭോഗസംസ്കാരവും ഇന്നത്തെപ്പോലെ തന്നെ അന്നും അവിടെയുണ്ടായിരുന്നിരിക്കണം. ഈ പശ്ചാത്തലത്തിലാണ് മക്കയിൽ അവതരിച്ച ഖുർആനിക സൂക്തങ്ങൾ സമ്പത്ത് കുന്നുകൂടുന്നതിനേയും അധികാര ദുർവിനിയോഗത്തേയും ഉപഭോഗ സംസ്കാരത്തേയും നിന്ദിക്കുന്നത്. സദാചാര നിരതമായ ജീവിതം ഉറപ്പുവരുത്താൻ പര്യാപ്തമായ അധികാരകേന്ദ്രങ്ങളോ ഭരണമോ ഇല്ലാതിരുന്ന കാലത്താണ് ഇത്തരത്തിലൊരു സമീപനം വിശുദ്ധഖുർആൻ മുന്നോട്ടു വെക്കുന്നത്. ഇതിന്റെ അർത്ഥം ഓരോരുത്തരുടേയും മുന്നിൽ സ്വയം രൂപപ്പെടേണ്ട ധാർമ്മികതത്ത്വങ്ങൾക്ക് ഇസ്‌ലാം പ്രാധാന്യം നല്കുന്നുവെന്നാണ്. ഇവയൊന്നുംതന്നെ അധികാരമുപയോഗിച്ച് നടപ്പാക്കേണ്ടവയല്ല. എന്നിട്ടുപോലും പിൽക്കാലത്ത് രാഷ്ട്രഘടന രൂപപ്പെട്ടപ്പോൾ ഈ ആശയങ്ങൾ നിയമപരമായി നടപ്പാക്കുകയും ചെയ്തുവെന്നതിന് തെളിവാണ് ഹദ്റത്ത് ഉമർ(റ)ന്റേയും മറ്റും രാജഭരണ കാലഘട്ടം.

ഇസ്‌ലാമിക ധാർമ്മിക സങ്കല്പങ്ങളിൽ സക്കാത്തിനുള്ള സ്ഥാനം വളരെ പ്രാധാന്യമുള്ളതാണ്. വിശുദ്ധഖുർആനിൽ 'ഫർള്' നമസ്കാരത്തെക്കുറിച്ച് പറയുന്ന സ്ഥലങ്ങളിലെല്ലാം സക്കാത്തിനെക്കുറിച്ചും പറയുന്നുണ്ട്. അതായത്, നമസ്കാരം മാത്രം പോരാ, മറിച്ച് ദാനധർമ്മങ്ങളും നടത്തിയെങ്കിൽ മാത്രമേ ഒരു വ്യക്തിക്ക് ധാർമ്മികമൂല്യം ലഭിക്കുകയുള്ളൂവെന്നർത്ഥം. ദുർബലരുടെ സംരക്ഷണവും തുല്യനീതി സംരക്ഷണവും എന്ന ഉദ്ദേശ്യത്തോടെയാണ് സക്കാത്ത് കർമ്മം നിർവ്വഹിക്കുന്നത്.

കൂടാതെ നീതി നടപ്പാക്കുന്നതിന് മുസ്‌ലിമാണോ അല്ലേ എന്ന് വേർതിരിക്കാതെ നീതി നടപ്പാക്കണമെന്ന് വിശുദ്ധഖുആൻ നബിയോട് കല്പിക്കുന്നു. അതുപോലെതന്നെ

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلَّا تَعْدِلُوا اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ

"വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്."(5:9)

ഈ വാക്യത്തിലൂടെ നീതിയെ ഭക്തിയോടും ദൈവസ്നേഹത്തോടും തുല്യപ്പെടുത്തിയിരിക്കുന്നു. തനിക്കോ തന്റെ മാതാപിതാക്കൾക്കോ എതിരായാൽപോലും നീതി നിർവ്വഹിക്കണമെന്ന് വിശുദ്ധഖുർആൻ അനുശാസിക്കുന്നു. ഒരു സമുദായത്തിന് നിങ്ങളോടുള്ള വിദ്വേഷം അവർക്കെതിരെ അനീതി ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന് വിശുദ്ധഖുർആൻ പറയുന്നു. ജനങ്ങൾക്കിടയിൽ തീർപ്പ് കല്പിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പ് കല്പിക്കണമെന്ന് അല്ലാഹു ഖുർആനിലൂടെ നമ്മോട് കല്പിക്കുന്നു. ചുരുക്കത്തിൽ ജനങ്ങൾക്കിടയിലുള്ള പ്രശ്നങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും ശത്രുക്കളോട് ഇടപെടുമ്പോഴും മതകർമ്മങ്ങളിലും നീതി പാലിക്കണമെന്നാണ് വിശുദ്ധഖുർആൻ കല്പിക്കുന്നത്. അതുകൊണ്ടാണ് വിശുദ്ധഖുർആൻ ഇങ്ങനെ കല്പിക്കുന്നത്. അനീതി സമൂഹത്തെ മർദ്ദനങ്ങളിലേക്കും ഹിംസാത്മക പ്രവർത്തനങ്ങളിലേക്കും നയിക്കും. നീതി നിഷ്ഠമായ ഒരു സമൂഹം യഥാർത്ഥത്തിൽ അഹിംസ പുലരുന്ന സമൂഹമായിരിക്കും. ഈയൊരു വീക്ഷണത്തിൽനിന്നാവാം ഖുർആന്റെ പഠിതാവ്

എന്ന നിലയിൽ ഗാന്ധിജിക്ക് അഹിംസാവാദം തന്റെ ജീവലക്ഷ്യമാക്കി മാറ്റാൻ സഹായിച്ചത്.

വിശുദ്ധഖുർആനിൽ നിരന്തരമായി പ്രതിപാദിക്കുന്ന വിഷയമാണ് 'അമലുസ്സാലിഹാത്ത്' അഥവാ സൽകർമ്മങ്ങൾ. ആരോഗ്യകരമായ സമൂഹസൃഷ്ടിക്ക് നിദാനമാകുന്നവയാണ് സൽകർമ്മങ്ങൾ. വിശുദ്ധഖുർആനിലെ 103-ാം അധ്യായം വളരെ പ്രധാനപ്പെട്ടതാണ്. വേണമെങ്കിൽ ആ അധ്യായത്തെ സദാചാരത്തിന്റെ സത്തയായി നമുക്ക് കണക്കാക്കാം.

വിശ്വാസത്തേയും സൽകർമ്മത്തേയും കുറിച്ച് വിശുദ്ധഖുർആൻ ഒരുമിച്ചാണ് പറയുന്നത്. വിശ്വസിച്ചാൽ മാത്രം പോര, അതിനനുസരിച്ച് പ്രവർത്തിക്കുമ്പോൾ അത് ആരുടെ താൽപര്യങ്ങൾക്കാണോ ഹാനി വരുത്തുക അവരുടെ കൈയാലുണ്ടാകുന്ന ദുരിതങ്ങൾ നേരിടാനും അയാൾ തയ്യാറാകണം. ഈ അർത്ഥത്തിൽ സത്യം എപ്പോഴും ഇത്തരം ദുരിതങ്ങളുണ്ടാകുമ്പോൾ ക്ഷമാപൂർവ്വം ഉറച്ചുനില്ക്കാനും വിശ്വാസികളോട് ആവശ്യപ്പെടുന്നു.

എന്തുകൊണ്ടാണ് നമ്മുടെ സമൂഹം പ്രശ്നസങ്കീർണ്ണമാകുന്നത്? നാം പ്രവർത്തിക്കുന്നത് നന്മയിലുള്ള നമ്മുടെ വിശ്വാസം കൊണ്ടല്ല, മറിച്ച് നമ്മുടെ താൽപര്യം കൊണ്ടാണ്. ഇസ്‌ലാമിക സങ്കല്പങ്ങളനുസരിച്ച് ഇത് തെറ്റാണ്. നാം നന്മ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആ നന്മയിൽ നമുക്ക് ആദ്യം വിശ്വാസമുണ്ടാകണം. എങ്കിൽ മാത്രമേ അതനുസരിച്ച് പ്രവർത്തിക്കുവാനും പ്രവർത്തനങ്ങളിൽ ക്ഷമ കൈക്കൊള്ളുവാനും സാധിക്കുകയുള്ളൂ. സത്യം, നീതി സമാധാനം, കാരുണ്യം തുടങ്ങിയ തത്ത്വങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി ത്യാഗം സഹിക്കുകയും സ്വന്തം താൽപര്യങ്ങൾ മാറ്റിവെച്ചുകൊണ്ട് നന്മയിൽ പൂർണ്ണമായി ഊന്നിക്കൊണ്ട് ത്യാഗമനുഷ്ഠിച്ചവരാണ് ആദ്യകാല മുസ്‌ലിംകൾ. ഇത്തരത്തിലുള്ള ത്യാഗങ്ങളിലൂടെയാണ് അവർ ശത്രുക്കളെ ജയിച്ചടക്കുകയും ഇസ്‌ലാമിനെ വിജയിപ്പിക്കുകയും ചെയ്തത്.

ഖുർആനിക സദാചാരം അടിസ്ഥാനപരമായി ഊന്നൽ നൽകുന്നത് നന്മയിലാണ്. ഇസ്‌ലാമിലെ പ്രാർത്ഥന, നന്മയെ വളർത്തുന്നതിനുള്ള മാർഗ്ഗമാണ്. അല്ലാതെ അതൊരു അന്തിമലക്ഷ്യമല്ല. തിന്മയിൽ നിന്നും മാന്യതില്ലായ്മയിൽനിന്നും അകറ്റണമെന്നതാണ് ഇസ്‌ലാമിക പ്രാർത്ഥനകളുടെ ലക്ഷ്യം.

വിശുദ്ധഖുർആനിൽ അതുമായി ബന്ധപ്പെട്ട് ഉപയോഗിച്ച പദം 'ബിർറ്' എന്നാണ്. നന്മ ചെയ്യൽ ഒരു അനുഷ്ഠാനമായല്ല വിശുദ്ധഖുർആൻ എടുത്തുകാട്ടുന്നത്. മറിച്ച്, വിശ്വാസങ്ങളുടേയും സദാചാരനിഷ്ഠയുടേയും അടിസ്ഥാനത്തിലാണ് ഖുർആൻ ബിർറിനെ നിർവചിച്ചിട്ടുള്ളത്.

ഇസ്‌ലാം ഈ സദാചാരമൂല്യങ്ങളിലൂടെ ഒരു സാമൂഹിക മാറ്റം തന്നെയാണ് കൊണ്ടുവന്നത്. ആ മാറ്റങ്ങൾക്ക് മൂല്യച്യുതി വന്നപ്പോൾ അതായത്, സമ്പന്നർക്ക് അനുകൂലമായതും അധഃസ്ഥിതവിഭാഗങ്ങൾക്ക് വിരുദ്ധമായതുമായ സാമൂഹികമാറ്റം പിന്നീടുണ്ടായപ്പോഴാണ് പുതിയൊരാകാശവും പുതിയൊരു ഭൂമിയും സൃഷ്ടിക്കുന്നതിനായി അതായത് ദുർബലർക്കും മർദ്ദിതർക്കും ഗുണകരമായ ഒരു സാമൂഹിക മാറ്റത്തിനുംവേണ്ടി ഒരു സാമ്പത്തികതത്ത്വത്തോടുകൂടി മസീഹ് മൗഊദ്(അ)ലൂടെ അഹ്മദിയ്യത്ത് എന്ന ഇസ്‌ലാമിന്റെ പുനരുദയം ഉണ്ടായത്.

ദുർബലർക്കനുകൂലമായ ഒരു സാമൂഹിക മാറ്റത്തിനുവേണ്ടി പരിശ്രമിക്കുമ്പോൾ ചിലപ്പോൾ നമുക്ക് സംഘർഷങ്ങളിലൂടേയും പ്രക്ഷുബ്ധതകളിലൂടേയും കടന്നുപോകേണ്ടതായി വരും. ഈ സാമൂഹികമാറ്റത്തെ പിന്തുണയ്ക്കുന്ന സമ്പന്നർ അവരുടെ ധനം ദരിദ്രർക്കുവേണ്ടി ചെലവഴിക്കേണ്ടി വരുന്നു.

ഇസ്‌ലാമിലെ വിധിദിനത്തിലെ വിശ്വാസം എല്ലാ കർമ്മങ്ങൾക്കും കണക്കു പറയാൻ മനുഷ്യരെ ബാധ്യസ്ഥരാക്കുന്നു. കണക്ക് പറയാനുള്ള ഈ ബാധ്യത നീതിനിഷ്ഠമായ സമൂഹം കെട്ടിപ്പടുക്കാൻ നമ്മെ സഹായിക്കും. വിശുദ്ധഖുർആനിലെ ധാർമ്മിക സങ്കല്പങ്ങൾ ലോകസമാധാനത്തിനും സാമൂഹിക ഭദ്രതയ്ക്കും അനുകൂലമാണ്. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ ഈ ധാർമ്മിക സങ്കല്പങ്ങളെ നമ്മുടെ താൽപര്യങ്ങൾക്കനുകൂലമായി വിനിയോഗിക്കുന്നതുകൊണ്ട് നാം ചൂഷണങ്ങൾക്ക് വിധേയമായ ഒരു സാമൂഹികജീവിതമാണ് നയിച്ചുവരുന്നത്. ●

**ഹദ്റത്ത് ഉഖ്ബാ ബിൻ ആമിർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) യോട് ചോദിച്ചു: യാ റസൂലുല്ലാഹ്, എന്താണ് മോക്ഷം? നബി(സ) പറഞ്ഞു: നിന്റെ നാവിനെ നീ നിയന്ത്രിക്കുക. നിന്റെ വീടിനെ അതിഥികൾക്കായി തുറന്നിടുക. നീ നിന്റെ തെറ്റുകളെക്കുറിച്ച് ലജ്ജിക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞ് വിലപിക്കുകയും ചെയ്യുക.**

*അബ്ദുൽ ഗഫൂർ.യു*

# ഖിലാഫത്തെ റാശിദയുടെ ഉദയവും പുനരുദയവും

**ഖി**ലാഫത്ത് വ്യവസ്ഥിതി സോപാധികമായ ഒരു ദൈവിക വാഗ്ദാനമാണ്. അത് അല്ലാഹു അവന്റെ സുകൃതദാസന്മാർക്കായി മാത്രം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പ്രവാചകത്വത്തെത്തുടർന്നു പ്രവാചകന്റെ പ്രകാശം ജനമനസ്സുകളിൽ പ്രതിഫലിക്കുന്നതു ഖിലാഫത്തിലൂടെയാണ്. ഖിലാഫത്ത് നബിമാരുടെ സംഘത്തിനു പുനർജന്മം നൽകുന്നു. അതവരിൽ നബിയുടെ സ്വർഗ്ഗീയസാന്നിധ്യം സൃഷ്ടിക്കുന്നു. പ്രവാചകനുള്ള പവിത്രീകരണശക്തി പൂർണ്ണമായും പുറത്തുവരുന്നതു ഖിലാഫത്തിലൂടെയാണ്.

വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് ഒരു സമൂഹം എന്ന നിലയിൽ മനുഷ്യരാശിയുടെ നന്മക്കായി അല്ലാഹു അവതരിപ്പിച്ച പദ്ധതിയാണ് ഖിലാഫത്ത്. ഈ പദ്ധതിയാണ് മനുഷ്യർക്ക് ഏറ്റവും ഗുണപ്രദമെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമാക്കുന്നു. പ്രവാചകൻമാരുടെ നായകനായ നബി(സ)മുഖേന വിശുദ്ധഖുർആന്റെ രൂപത്തിൽ ഏറ്റവും പരിപൂർണ്ണവും സുവിശദവുമായ ജീവതദർശനം ഇറക്കുകയുമുണ്ടായി. ഒരു ലോകസമുദായം കെട്ടിപ്പടുക്കുന്നതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും അത് നമുക്കു നൽകിയതോടൊപ്പം ഭൂമുഖത്ത് ഒരു സ്വർഗ്ഗം രൂപപ്പെടുത്തുന്നതിനുള്ള പാഠങ്ങൾ അത് പ്രദാനം ചെയ്യുകയും ചെയ്തു.

അല്ലാഹുവിന്റെ ഖലീഫമാരായ പ്രവാചകൻമാർക്ക് ഒരു പരിമിതിയുണ്ട്. മനുഷ്യർ എന്ന നിലയിൽ അവരുടെ ജീവിതകാലയളവ് പരിമിതമാണ്. ഇത് ഒരു പക്ഷേ, അവരുടെ ലക്ഷ്യങ്ങളും അവർക്കു നൽകപ്പെട്ട ദൗത്യങ്ങളും പൂർത്തിയാക്കാൻ മതിയാവുകയില്ല. അതുകൊണ്ടാണ് പ്രവാചകത്വത്തെ പിൻതുടർന്നുള്ള ഖലീഫമാരുടെ മറ്റൊരു സംവിധാനം കൂടി അല്ലാഹു ഉണ്ടാക്കിയിട്ടുള്ളത്. സത്യവിശ്വാസികളായ മുസ്ലിംകൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുള്ള ഒരു ദിവ്യാനുഗ്രഹമാണ് ഖിലാഫത്ത്. ഖുർആൻ പറയുന്നു:

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُم فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَى لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെ, അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ നിശ്ചയമായും ഭൂമിയിൽ ഖലീഫമാരാക്കുന്നതും, അവർക്കു വേണ്ടി അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവർക്കു ശാന്തി പകരം നൽകുകയും ചെയ്യുന്നതാണ് എന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു." (24:56)

ഇതനുസരിച്ച്, തിരുനബിയുടെ ചരമത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ ഫാറൂഖ് (റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി (റ) എന്നിവർ ക്രമപ്രകാരം ഖലീഫമാരായി നിശ്ചയ്ക്കപ്പെടുകയും അവരുടെ നേതൃത്വത്തിൽ ഇസ്ലാമിക പ്രസ്ഥാനത്തിന് വമ്പിച്ച വിജയങ്ങൾ കൈവരികയും ഇസ്ലാം ലോകത്താകെ പരക്കുകയും ചെയ്തു. ഈ ആദ്യത്തെ നാല് ഖലീഫമാരേയാണ് ഖുലാഫാ ഉർ റാശിദീൻ അഥവാ സന്മാർഗ്ഗം പ്രാപിച്ച ഖലീഫമാർ എന്ന പേരിൽ മുസ്ലിംകൾ സ്മരിച്ചുവന്നിട്ടുള്ളത്.

ഖുർആനിക അദ്ധ്യാപനങ്ങളും തിരുവചനങ്ങളുമെല്ലാം തിരുനബിയുടെ തിരുവദനത്തിൽനിന്നും നേരിട്ടുതന്നെ ഉൾക്കൊണ്ടിരുന്നതിനാൽ അത്യുദാത്തമായ വിതാനത്തിലേക്കുയർന്നുകൊണ്ട് ഇസ്ലാമിക അദ്ധ്യാപനങ്ങളുടെ സത്തയും ചൈതന്യവും ഉയർത്തിപ്പിടിച്ചുകൊണ്ട് വ്യക്തിജീവിതത്തിലും ഭരണതലത്തിലും ചരിത്രത്തിൽ സമാനതയില്ലാത്ത തരത്തിൽ മാതൃകായോഗ്യരായിത്തീരാൻ ആദ്യത്തെ ഈ നാലു ഖലീഫമാർക്കു സാധിച്ചു. പരിശുദ്ധവും വിനയാന്വിതവുമായ വ്യക്തിജീവിതവും ഉന്നതമായ നീതി, സത്യസന്ധത, വിശ്വസ്തത, കാരുണ്യം, ഭരണാധികാരി ജനസേവകരാണെന്ന തിരിച്ചറിവ്, സർവ്വോപരി ദൈവഭക്തി എന്നീ മഹൽഗുണങ്ങൾ സമ്മേളിച്ചുകൊണ്ട് ഈ സച്ചരിതരായ ഖലീഫമാർ ജനങ്ങൾക്ക് ആത്മീയനേതൃത്വം നൽകി.

തിരുനബിയുടെ വിയോഗാനന്തരം ഒന്നാമത്തെ ഖലീഫയായിത്തീർന്ന ഹദ്റത്ത് അബൂബക്കർ (റ) കുട്ടിക്കാലം മുതൽക്കേ തിരുമേനിയുടെ പ്രിയപ്പെട്ട ചങ്ങാതിയായിരുന്നു. തിരുനബിക്കുണ്ടായ പുതിയ ദൗത്യം കേട്ടറിഞ്ഞയുടനെത്തന്നെ അദ്ദേഹം പരിപൂർണ്ണമായും നബിയിൽ വിശ്വസിച്ചു. നബിതിരുമേനി(സ) മക്കയിൽനിന്ന് മദീനയിലേക്ക് പാലായനം ചെയ്തവേളയിലും വഴിമദ്ധ്യേസൗർഗുഹയിൽ തങ്ങിയപ്പോഴും നബി(സ)യുടെ സഹസഞ്ചാരി ഹദ്റത്ത് അബൂബക്കർ (റ) ആയിരുന്നു. ഈ പാലായനവും ഗുഹാനിവാസവും വിശുദ്ധഖുർആനിൽ പ്രതിപാദിക്ക

പ്പെട്ടിട്ടുള്ളതാണ്. അതുതന്നെ അദ്ദേഹത്തിന്റെ ഉന്നതസ്ഥാനത്തിന് മതിയായ തെളിവാകുന്നു. നബി(സ) തിരുമേനി അവസാന നാളുകളിൽ രോഗഗ്രസ്തനായിത്തീർന്നപ്പോൾ ആ പുണ്യാത്മാവ് മുസ്‌ലിംകൾക്ക് നമസ്ക്കാരത്തിൽ ഇമാമായി നിൽക്കാൻ കൽപിച്ചത് അബൂബക്കർ (റ) നോടായിരുന്നു. തിരുമേനി(സ)യുടെ നിര്യാണത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) ആദ്യഖലീഫയായി. വിശുദ്ധഖുർആൻ ക്രോഡീകരിക്കപ്പെട്ടത് ഹദ്റത്ത് അബൂബക്കർ(റ)ന്റെ മേൽനോട്ടത്തിലായിരുന്നു. സിറിയ മുഴുവൻ മുസ്‌ലിംകൾക്കധീനമായതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു.

പിന്നീട് ഇസ്‌ലാമിന്റെ രണ്ടാം ഖലീഫയായിത്തീർന്ന ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) ന്റെ കാലത്തായിരുന്നു ഇസ്‌ലാമികരാഷ്ട്രം ഏറ്റവുമധികം വിശാലമായിത്തീർന്നത്. അദ്ദേഹത്തിന്റെ കാലത്തുതന്നെയായിരുന്നു റോമക്കാരെ തുരത്തി ജറൂസലം മുസ്‌ലിംകൾ കീഴടക്കിയത്. ഒരുവേള ഊരിപ്പിടിച്ച വാളുമായി നബി(സ) തിരുമേനിയെ വധിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട അബൂജഹലിന്റെ മരുമകനായ ഉമറാണ് പിന്നീട് ഇസ്‌ലാമിന്റെ മഹത്തായ വിജയത്തിന്റെ നായകനായി ചരിത്രത്തിൽ വിലസുന്നത് എന്നത് ഒരത്ഭുതമായി അവശേഷിക്കുന്നു. നബി(സ) തിരുമേനിയുടെ ഹൃദയഭേദകമായ പ്രാർത്ഥനകളുടെ ഫലമായിരുന്നു ഉമർ(റ)ന്റെ ഇസ്‌ലാം മതാശ്ലേഷണം എന്നതും മറ്റൊരത്ഭുതം. ശത്രുക്കൾ ആസൂത്രണം ചെയ്ത ഗൂഢാലോചനയിൽ വധിക്കപ്പെടുന്നതുവരെ മഹോന്നതമായ ഇസ്‌ലാമികസാമ്രാജ്യത്തിന്റെ പ്രതാപശാലിയായ അധിപതിയും വിശ്വാസികളുടെ നായകനുമായി ആ മഹാത്മാവ് പ്രശോഭിച്ചു.

മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ കാലത്താണ് ഇസ്‌ലാം ആഫ്രിക്കയിലേക്കും മദ്ധ്യേഷ്യയിലേക്കും വ്യാപിച്ചത്. ഹദ്റത്ത് ഉസ്മാൻ(റ) അതുല്യനായ ഒരു ഉദാരമതിയും അതീവ വിനയാന്വിതനുമായിരുന്നു. നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഉസ്മാൻ(റ)നോട് അതിരറ്റ ആദരവും മതിപ്പുമായിരുന്നു. അവിടന്നു തന്റെ രണ്ടുമക്കളെ ഒന്നിനു പിറകെ ഒന്നായി അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുത്തു. ശ്രേഷ്ഠരിൽ ശ്രേഷ്ഠരായ പ്രവാചകനായകന്റെ രണ്ടുപുത്രിമാരെ പരിണയിക്കുക എന്നത് അതുല്യമായ ഒരു ഭാഗ്യമായിരുന്നു. ഉസ്മാൻ(റ)ന്റെ ഖിലാഫത്തുകാലത്താണ് ഇറാൻ, ഏഷ്യാമൈനർ, സൈപ്രസ്, ലിബിയ, അർമേനിയ, അഫ്ഘാനിസ്ഥാൻ എന്നീ നാടുകളിലേക്കെല്ലാം ഇസ്‌ലാം വ്യാപിച്ചത്. ഇന്നു ലോകം മുഴുവനുമുള്ള മുസ്ഹഫുകൾ ക്രോഡീകരിക്കപ്പെട്ടത് ഹദ്റത്ത് ഉസ്മാൻ(റ)ന്റെ മേൽനോട്ടത്തിലാണ്. ജുംആക്കുമുമ്പേയുള്ള രണ്ടാമത്തെ ബാങ്ക് ഏർപ്പെടുത്തിയത് ഹദ്റത്ത് ഉസ്മാൻ(റ) ആയിരുന്നു. ഈദ് നമസ്ക്കാരത്തിൽ ഖുത്ബ ഏർപ്പെടുത്തിയതും അദ്ദേഹമായിരുന്നു. ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കവേയായിരുന്നു ആ മഹാത്മാവ് ജൂതനായ ഇബ്നുസബായുടെ ഗൂഢാലോചനയിൽ വീരരക്തസാക്ഷിത്വം വരിച്ചത്.

നാലാം ഖലീഫ ഹദ്റത്ത് അലി ബിൻ അബീത്വാലിബ് (റ) അത്യന്തം ധീരോദാത്തനായ മഹാത്മാവായിരുന്നു. മുഹമ്മദ് നബി (സ)ക്ക് പ്രവാചകത്വം ലഭിച്ചപ്പോൾ കുട്ടികളിൽനിന്ന് ആദ്യമായി ഇസ്‌ലാംമതം സ്വീകരിച്ചത് പതിമൂന്നു വയസ്സുകാരനായ അലി(റ) ആയിരുന്നു. നബി(സ) തിരുമേനിയുടെ പ്രിയമകൾ ഫാത്വിമയെ വിവാഹം ചെയ്തിരുന്നതും അലി(റ) ആയിരുന്നു. നന്നേ ചെറുപ്പത്തിലേ നബി(സ)യുടെ കൂടെ ജീവിച്ചിരുന്നതിനാൽ ഖുർആനികജ്ഞാനവും, ഇസ്‌ലാമികനിയമത്തിലുള്ള പാണ്ഡിത്യവും അപാരമായ ബുദ്ധിശക്തിയും ധീരോദാത്തതയും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. തനിക്കു മുമ്പേയുള്ള മഹാന്മാരായ മൂന്നു ഖലീഫമാരുടെയും മുഖ്യ ഉപദേഷ്ടാവായിരുന്നു ഹദ്റത്ത് അലി(റ). മുസ്‌ലിംകൾ തമ്മിലുള്ള ജമൽയുദ്ധം എന്നു ചരിത്രത്തിൽ അറിയപ്പെടുന്ന നിർഭാഗ്യകരമായ ഒരു യുദ്ധത്തിന് ആ മഹാത്മാവിനു സാക്ഷ്യംവഹിക്കേണ്ടിവന്നു. ഇസ്‌ലാമിക സാമ്രാജ്യത്തിൽ നാശത്തിന്റെയും ദുരന്തത്തിന്റെയും അദ്ധ്യായം എഴുതിച്ചേർത്ത കുപ്രസിദ്ധരായ ഖവാരിജുകൾ അദ്ദേഹത്തിന്റെ കാലത്താണ് രൂപപ്പെട്ടത്. ഒടുവിൽ ഒരു ഖവാരിജ് കൊലയാളിയുടെ കയ്യാൽതന്നെ 82-ാമത്തെ വയസ്സിൽ ആ മഹാത്മാവ് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

ഇസ്‌ലാമിലെ സച്ചരിതരായ ഈ ഖലീഫമാരുടെ ഭാസുരകാലഘട്ടം മുപ്പതുവർഷത്തോളം മാത്രമേ നീണ്ടുനിന്നുള്ളു. ആ മുപ്പതു വർഷങ്ങൾക്കുള്ളിൽതന്നെയായിരുന്നു മുസ്‌ലിംകൾ അറേബ്യയിലെ മണൽക്കാടുകളിൽനിന്ന് ഇറാഖ്, സിറിയ, ഫലസ്തീൻ, ഈജിപ്ത്, സൈപ്രസ്, ഉത്തരാഫ്രിക്ക, ഇറാൻ, അഫ്ഘാനിസ്ഥാൻ തുടങ്ങിയ നാടുകളിലൂടെ കടന്ന് ഇന്ത്യവരെ തങ്ങളുടെ കൈപിടിയിലൊതുക്കിയത്. വടക്കുപടിഞ്ഞാറും കിഴക്കുമുള്ള സുശക്തമായ രണ്ടുസാമ്രാജ്യങ്ങൾ, ബൈസാന്തിയൻ സാമ്രാജ്യവും പുരാതന പേർഷ്യൻ സാമ്രാജ്യവും മുസ്‌ലിംകളുടെ ആത്മീയശക്തിക്കുള്ളിലൊതുങ്ങിയതും ആ കാലഘട്ടത്തിലാണ്. അതിനുശേഷം പ്രവാചകത്വത്തെ പിന്തുടർന്നുള്ള ദൈവദത്തമായ ഖിലാഫത്ത് വ്യവസ്ഥിതി മുസ്‌ലിംകൾക്കിടയിൽനിന്ന് തിരോഭവിക്കുകയുണ്ടായി. തുടർന്ന് നാമമാത്രമായ ഖിലാഫത്ത് സംവിധാനമായിരുന്നു മുസ്‌ലിംകളിൽ അവശേഷിച്ചിരുന്നത്. അങ്ങനെ രാജാക്കൻമാരും സാമ്രാട്ടുകളും തെറ്റായ രീതിയിൽ ഖലീഫയെന്നപേരിൽ മുസ്‌ലിംലോകത്ത് അറിയപ്പെടുകയുണ്ടായി. അതാകട്ടെ, നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചായിരുന്നുതാനും.

ഖിലാഫത്ത് വ്യവസ്ഥിതി സോപാധികമായ ഒരു ദൈവിക വാഗ്ദാനമാണെന്നും നാം ഓർക്കേണ്ടതാ

ണ്. ഈ ഉപാധികൾ പൂർത്തിയാക്കപ്പെടാതെപോയതുകൊണ്ടാണ് മുസ്‌ലിംകൾക്ക് സൻമാർഗ്ഗഖിലാഫത്ത് നഷ്ടപ്പെട്ടുപോയത്. ഖുർആൻ പറയുന്നത്, ഇതു സാക്ഷാത്ക്കരിക്കപ്പെടുന്നതിന്ന് രണ്ട് ഉപാധികൾ പൂർത്തിയാക്കപ്പെടേണ്ടതുണ്ടെന്നാണ്. വിശ്വാസികളും സൽകർമ്മകാരികളുമായവർക്കിടയിലാണ് ഈ വാഗ്ദാനം നിറവേറ്റപ്പെടുക. ഇത് ഉയർത്തിപ്പിടിക്കുന്ന കാലത്തോളം മാത്രമേ ഖിലാഫത്തിന്റെ അനുഗ്രഹം അവർക്കിടയിൽ നിലനിൽക്കുകയുള്ളൂ. ഈ ഉപാധികൾ പൂർത്തിയാക്കുമ്പോൾ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ അവർക്കു പ്രദാനം ചെയ്യപ്പെടുമെന്നും അവരെ ജനനായകൻമാരാക്കുമെന്നും അവരുടെ ഭയത്തിനു പകരം സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അവസ്ഥയേകുമെന്നും ഈ ഖുർആൻവാക്യം ഓർമ്മപ്പെടുത്തുന്നു. ഇസ്‌ലാം ലോകത്ത് ആധിപത്യം നേടുന്നതും സർവ്വോപരി ഇസ്‌ലാമിന്റെ യഥാർത്ഥലക്ഷ്യമായ ദൈവത്തിന്റെ ഏകത്വം ലോകത്ത് ആഴത്തിലുറപ്പിക്കപ്പെടുന്നതും അപ്പോഴായിരിക്കും.

ഇസ്‌ലാം അതീവ ദുർബ്ബലമായിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു, അറേബ്യയിലെമ്പാടും ബിംബാരാധന നിറഞ്ഞുനിന്ന ഒരു കാലഘട്ടത്തിലായിരുന്നു ഖിലാഫത്തിനെ സംബന്ധിച്ച പ്രവചനം ഉണ്ടായതെന്നോർക്കേണ്ടതാണ്. അങ്ങനെ ഇസ്‌ലാം അറേബ്യയിൽ മാത്രമല്ല, ലോകത്തെമ്പാടും അധീശത്വം നേടുകയും നബി (സ) തിരുമേനിയുടെ അനുയായികൾ ജനങ്ങളുടെ നേതാക്കൻമാരും ആചാര്യൻമാരും ആയിത്തീരുകയും ചെയ്തു.

"അതിനുശേഷം ആരാണോ നിഷേധിക്കുന്നത് അവർതന്നെയാണ് ധിക്കാരികൾ" എന്ന ഖുർആനികവചനം ഖിലാഫത്ത് സമുന്നതമായ ഒരു ദൈവികാനുഗ്രഹമാണെന്ന യാഥാർത്ഥ്യം അടിവരയിടുകയും ഖിലാഫത്തിനെക്കൂടാതെ മുസ്‌ലിംകൾക്കിടയിൽ യോജിപ്പോ, ഐക്യമോ, യഥാർത്ഥ പുരോഗതിയോ ഒന്നും സാധ്യമല്ലെന്ന സന്ദേശം നൽകുകയുമാണ് ചെയ്യുന്നത്. മുസ്‌ലിംകൾ ഖിലാഫത്തിനെ പൂർണ്ണമായും അനുസരിക്കുകയും സർവ്വാത്മനാ പിന്തുണക്കുകയും ചെയ്തുകൊണ്ട് അതിനെ ശരിയായ നിലയിൽ വിലമതിക്കുന്നില്ലെങ്കിൽ ആ അനുഗ്രഹം നഷ്ടപ്പെടുകയും അല്ലാഹുവിന്റെ അതൃപ്തിക്കിരയാകുമെന്നും ഈ ഖുർആനിക വചനം മുന്നറിയിപ്പു നൽകുന്നു. നിർഭാഗ്യവശാൽ, ഇതാണ് മുസ്‌ലിംകളിൽ സംഭവിക്കുകയുണ്ടായത്.

സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും നൽകുകയും അവരുടെ മതത്തെ ഭൂമിയിൽ ഉറപ്പിക്കുകയും ചെയ്യുന്ന സംവിധാനമെന്നനിലയിൽ ഖിലാഫത്തിന്റെ ദൗത്യം മഹത്തരമാണ്. അതുകൊണ്ടുതന്നെയാണ് സത്യവിശ്വാസികളുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും നൽകുന്ന ഖിലാഫത്തിന്റെ സംസ്ഥാപനത്തെക്കുറിച്ച് ആ പ്രവചനത്തിന്റെ ആദ്യത്തിലും അവസാനത്തിലും പരാമർശിച്ചിട്ടുള്ളത്. ഈ സത്യഖിലാഫത്തിന്റെ രണ്ടുഘട്ടങ്ങൾക്കിടയിൽ ഏകാധിപത്യ പ്രവണതയുള്ളവരുടെയും ഉഗ്രശാസകന്മാരുടെയും രൂപത്തിൽ നാമമാത്ര ഖിലാഫത്ത് മുസ്‌ലിംകൾക്കിടയിൽ വേരൂന്നുമെന്നും അവിടന്നു പ്രവചിക്കുകയുണ്ടായി. ഈ പ്രവചനങ്ങളെല്ലാം കാലഘട്ടങ്ങൾക്കിടയിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളോടുംകൂടി പുലർന്നു പോന്നിട്ടുണ്ടെന്നു നമുക്ക് കാണാൻകഴിയും. പിന്നീട് നബി(സ) പറഞ്ഞു: അതിനുശേഷം പ്രവാചകത്വത്തെത്തുടർന്നുള്ള ഖിലാഫത്തുണ്ടാകുന്നതാണ്. അങ്ങനെ പ്രവാചകത്വത്തെ പിൻതുടർന്നുള്ള സൻമാർഗ്ഗഖിലാഫത്തിന്റെ പുനരുദയത്തെക്കുറിച്ചുള്ള നബി(സ)തിരുമേനിയുടെ പ്രവചനവും അഹ്മദിയ്യാ ഖിലാഫത്തിന്റെ രൂപത്തിൽ യാഥാർത്ഥ്യമായി.

ഇന്ന് വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) യുടെ അനുയായികൾ പ്രവാചകത്വത്തെത്തുടർന്നുള്ള ഈ അനുഗൃഹീത ഖിലാഫത്തിന്റെ കൃതജ്ഞരായ സ്വീകർത്താക്കളായിത്തീർന്നു. ഖിലാഫത്തെ റാശിദയുടെ ഈ പുനഃസ്ഥാപിത രൂപത്തെ പരിരക്ഷിക്കുന്നതിനും എന്നെന്നും നിലനിൽക്കുന്നതിനുമായി മസീഹ് മൗഊദ് (അ) അൽവസിയ്യത്ത് എന്ന മഹത്തായ മറ്റൊരു പരിശുദ്ധ സംവിധാനം കൂടി മുന്നോട്ടുവെക്കുകയുണ്ടായി. ഖിലാഫത്ത് നിലനിർത്തുന്നതിന്ന് വിശ്വാസിവൃന്ദത്തിന്നുണ്ടാകേണ്ട ഗുണങ്ങളിൽ നമസ്ക്കാരത്തിനുശേഷം രണ്ടാമതായി വിശുദ്ധഖുർആൻ പറഞ്ഞ ധനത്യാഗത്തെക്കുറിച്ചുള്ള ആഹ്വാനത്തിന്റെ അടിസ്ഥാനത്തിലാണ് വാഗ്ദത്തമസീഹ് ഈ സംവിധാനം മുന്നോട്ടുവച്ചത്. എന്തെന്നാൽ ധനത്യാഗം പവിത്രീകരണത്തിന്നുള്ള ഒരു മാർഗ്ഗമാകുന്നു. അങ്ങനെ അൽവസിയ്യത്ത് സംവിധാനവും ഖിലാഫത്ത് സംവിധാനവും ഒന്ന് മറ്റൊന്നിനു പൂരകമായി നിലകൊള്ളണമെന്നാണ് ആ മഹാത്മാവ് ഉദ്ദേശിച്ചത്.

നബി (സ) തിരുമേനിയുടെ പ്രവാചകത്വം എല്ലാവർക്കും എല്ലാകാലത്തേക്കും ഉള്ളതാണെന്നതുപോലെ ഖിലാഫത്തെ റാശിദയുടെ പുനരുദയവും മുഴുവൻ മനുഷ്യർക്കുമായി എന്നെന്നേക്കുമുള്ളതാണ്. എന്തെന്നാൽ ഇസ്‌ലാമിനെ സംബന്ധിച്ചുള്ള ശത്രുക്കളുടെ വ്യാജമായ ആഹ്ലാദങ്ങളെ തകർക്കുന്നതിന് പ്രവാചകത്വത്തെത്തുടർന്നുള്ളസന്മാർഗ്ഗഖിലാഫത്തിന്റെ പുനരുദയം അനിവാര്യമാണ്. അതുതന്നെയാണ് നാം ഇപ്പോൾ അഹ്മദിയ്യാ ഖിലാഫത്തിന്റെ രൂപത്തിൽ സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുന്നത്. ●

നജ്മുദ്ദീൻ പള്ളുരുത്തി

# സീറത്തുന്നബി യോഗം - ചരിത്രപശ്ചാത്തലം

**ലോ**കചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെട്ടു കിടക്കേണ്ടതും മതചരിത്രത്തിൽ ആഴത്തിൽ പ്രതിഫലിച്ചുകിടക്കേണ്ടതുമായ ഒരു തിയ്യതിയാണ് 1927-ലെ ജൂൺ 17. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) സീറത്തുന്നബി യോഗത്തിന് തുടക്കം കുറിച്ചത് അന്നാണ്.

1927-ന്റെ അവസാനത്തിൽ ഹിന്ദുക്കളുടെ ഭാഗത്തു നിന്നും റസൂൽതിരുമേനി(സ)യേയും അദ്ദേഹത്തിന്റെ പവിത്രജീവിതത്തേയും ആദരണീയ കുടുംബത്തേയും ആക്ഷേപത്തിനു കുറിമാനമാക്കിക്കൊണ്ട് 'രങ്കീലാറസൂൽ' എന്ന പേരിൽ ഒരു പുസ്തകവും 'വർത്തമാൻ' എന്ന മാഗസിനും ആക്ഷേപത്തിന്റെ അതിരുകടന്നപ്പോൾ അല്ലാഹു അദ്ദേഹത്തിന് അറിയിച്ചുകൊടുത്ത ഒരു പദ്ധതിയാണ് സീറത്തുന്നബി യോഗം എന്ന പദ്ധതി.

ഏതുവരെ റസൂൽ തിരുമേനി(സ)യുടേയും തങ്ങളുടെ പരിശുദ്ധ കുടുംബത്തിന്റേയും വിശുദ്ധമായ ജീവചരിത്രവും, തിരുനബി(സ) മാനവരാശിക്കാകമാനം കാരുണ്യമായി വർത്തിച്ചത് എങ്ങിനെയാണ് എന്നതിന്റെ യാഥാർത്ഥ്യവും ജനഹൃദയങ്ങളിൽ എത്തിക്കുമാറ് ഒരു പരിപാടിക്ക് ആസൂത്രണം ചെയ്യുന്നില്ലയോ അതുവരെ എതിരാളികളുടെ പടയാളികൾ മുഹമ്മദ്(സ)ന്റെ കോട്ടയ്ക്കു ചുറ്റും തമ്പടിച്ചുകൊണ്ടിരിക്കും എന്നദ്ദേഹം മനസ്സിലാക്കി. അതിനെ പ്രവർത്തിരൂപത്തിൽ കൊണ്ടുവരുവാൻ വേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 'സീറത്തുന്നബി' യോഗങ്ങൾക്ക് തുടക്കം കുറിച്ചു. അദ്ദേഹം അരുളുന്നു.

"ജനങ്ങൾ ആ മഹാത്മാവിനെ (നബി(സ)യെ) ആക്രമിക്കാൻ ധൈര്യം കാണിക്കാൻ കാരണം അദ്ദേഹത്തിന്റെ യഥാർത്ഥ ജീവചരിത്രം അവർക്കറിയില്ല എന്നുള്ളതാണ്. അല്ലെങ്കിൽ അവർ മനസ്സിലാക്കുന്നത് സാധാരണ ജനങ്ങൾക്ക് ഇതിനെക്കുറിച്ച് ഒന്നും അറിയില്ല എന്നാണ്. ഇതിനുള്ള ഒരു ചികിത്സ ഇന്ത്യയിലെ ഓരോ മുക്കിലും മൂലയിലും താമസിക്കുന്ന ഓരോരുത്തർക്കും വ്യക്തമായി മനസ്സിലാകുന്ന വിധത്തിൽ റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധജീവചരിത്രം എത്തിക്കുക എന്നുള്ളതാണ്. അങ്ങനെ ആർക്കും തിരുനബി(സ)ക്ക് എതിരായി സംസാരിക്കാൻ ധൈര്യം വരരുത്. ഇന്ത്യയിലെ മുഴുവൻ ഹിന്ദുക്കളേയും, മുസ്ലിംകളേയും റസൂൽ തിരുമേനിയുടെ ജീവിതചരിത്രത്തെക്കുറിച്ച് ബോധവാന്മാരാക്കുക എന്നത് നമ്മുടെ കടമയാണ്. അതിന് ഉത്തമമായ വഴി റസൂൽതിരുമേനി(സ)യുടെ ജീവിതത്തിലെ പ്രധാന ഭാഗങ്ങൾ പ്രത്യേകമായ വിഷയങ്ങളാക്കി എടുത്തുകൊണ്ട് ഒരു വ്യവസ്ഥിതിക്കു കീഴിൽ ഇന്ത്യ മുഴുവനും ഒരേദിവസം ആ വിഷയങ്ങൾ അടിസ്ഥാനമാക്കി സംസാരിക്കുകയും ജനങ്ങളെ ഉണർത്തുകയും ചെയ്യുക എന്നുള്ളതാണ്..... "സൂര്യൻ ഉദിച്ചു നിൽക്കുന്നു എന്നതിനുള്ള തെളിവ് സൂര്യൻ തന്നെയാണ്. ഇതുപോലെ റസൂൽ തിരുമേനി(സ)യുടെ പവിത്രതയ്ക്കുള്ള തെളിവ് അദ്ദേഹത്തിന്റെ ജീവചരിത്രം തന്നെയാണ്..... ഇതിനെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞാൽ പിന്നെ തിരുനബി(സ)യ്ക്ക് എതിരായി ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ കണ്ണിന് അന്ധത ബാധിച്ചവരാണ് എന്ന് അവർ മനസ്സിലാക്കും."

ഇതിനായി വളരെ വിശാലമായ ഒരു പരിപാടിക്ക് രൂപം നൽകി അതിലെ പ്രധാന ഭാഗങ്ങൾ ഇവയാണ്.

ഒന്ന്: വർഷം തോറും നബി(സ)യുടെ പവിത്രജീവിതത്തിലെ പ്രധാനഭാഗങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് ആ വിഷയത്തിൽ വെളിച്ചം വീശി സംസാരിക്കുക.

1928-ന് മുമ്പുള്ള സീറത്തുന്നബി യോഗങ്ങൾക്കായി അദ്ദേഹം തിരഞ്ഞെടുത്ത വിഷയങ്ങൾ.

1. മാനവകുലത്തിന് വേണ്ടി റസൂൽ തിരുമേനി(സ)യുടെ ത്യാഗങ്ങൾ.
2. നബി(സ) തിരുമേനിയുടെ പരിശുദ്ധജീവിതം
3. തിരുനബി(സ) ലോകത്തിന് അനുഗ്രഹം

രണ്ട്:- 1927-ലെ വാർഷിക ജൽസ വേളയിൽ, തിരഞ്ഞെടുത്ത വിഷയങ്ങളിൽ സംസാരിക്കുവാനായി അർപ്പണബോധമുള്ള ആയിരം പേരെ ആവശ്യപ്പെട്ടു. അതിനു സന്നദ്ധരാകുന്നവർ മുന്നോട്ടുവരികയും അവരെ ഈ വിഷയങ്ങളനുസരിച്ച് തയ്യാറാക്കുകയും ചെയ്യുക.

മൂന്ന്:- യോഗങ്ങളിൽ പ്രസംഗങ്ങൾക്കായി മുസ്ലിംകളെ കൂടാതെ അമുസ്ലിംകളേയും ക്ഷണിച്ചുകൊണ്ട് റസൂൽതിരുമേനി(സ)യുടെ ജീവചരിത്രത്തെ സംബന്ധിച്ച് അറിവില്ലാത്തവരായാലും അവർ മുന്നോട്ടുവരണം എന്നഭ്യർത്ഥിച്ചു. തങ്ങളുടെ പ്രസംഗങ്ങളിലൂടെ ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന വലിയൊരു ഔദാര്യമായി കരുതണം എന്നും ആവശ്യപ്പെട്ടു. കാരണം ഇവരുടെ നാവിലൂടെ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ചു കേൾക്കുമ്പോൾ അത് കൂടുതൽ പ്രിയതരമായി തോന്നും.

നാല്: മുസ്ലിംകളല്ലാത്ത ആളുകളിൽ താല്പര്യം ജനിപ്പിക്കുന്നതിനായി അവർ പ്രസംഗത്തിനുവേണ്ടി തയ്യാറാക്കിയ ലേഖനങ്ങൾ അയച്ചുതരികയാണെങ്കിൽ അതിൽനിന്ന് ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാരെ തെരെഞ്ഞെടുത്ത് യഥാക്രമം 100, 50, 25 രൂപ എന്ന ക്രമത്തിൽ പാരിതോഷികങ്ങളും നൽകുന്നതാണ് എന്ന് വിളംബരം ചെയ്തു.

അഞ്ച്:- ഹുസൂർ തിരുമനസ്സ് ഇതിനെ 'മിലാദുന്നബി' ആചാരം പോലെ വെറും ഒരു ആചാരക്രമമാക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് റബീഉൽ അവ്വൽ 12 എന്ന തിയ്യതിക്കു പകരം മറ്റ് ദിനങ്ങളിൽ കൊണ്ടാടി കൂടുതൽ വിശാലമാക്കാൻ തീരുമാനിക്കുകയും അങ്ങനെ മുഹറം 1347 (ജൂൺ 20)ന് സീറത്തുന്നബി യോഗം നടത്താൻ വിളംബരപ്പെടുത്തുകയും ചെയ്തു.

പിന്നീട് ശിയാ മുസ്ലിംകൾക്ക് ഇതിൽ സൗകര്യപ്രദമായി പങ്കെടുക്കുന്നതിനു വേണ്ടി അത് ജൂൺ 17 -ലേക്കു മാറ്റി.

മൊത്തത്തിൽ നോക്കിയാൽ ഈ പരിപാടി ജനങ്ങൾക്ക് വളരെ പ്രയോജനകരവും അനുഗ്രഹീതവുമായ ഒന്നായിരുന്നു. എന്നാൽ, ആശ്ചര്യകരവും ഖേദമുളവാക്കുന്നതുമായ ഒരു കാര്യം ഇങ്ങനെയൊക്കെ ആയിരുന്നിട്ടും ചില മുസ്ലിം കക്ഷികൾ ഇതിന്നെതിരെ എതിർപ്പു പ്രകടിപ്പിച്ചു എന്നുള്ളതാണ്.

ഇവർ ഭരണകൂടത്തെ അവരുടെ ആഗ്രഹത്തിനനുസരിച്ച് സഹായിക്കുവാൻ വേണ്ടി ജനങ്ങളെ ഇതിലൂടെ പ്രേരിപ്പിക്കുന്നുണ്ടെന്നും അഹ്മദികൾ ഇതുമുഖേന തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടി ശ്രമിക്കുകയും ചെയ്യുകയാണ് എന്നൊക്കെയായിരുന്നു ആക്ഷേപം. മതപരമായ കാര്യത്തിൽ അമുസ്ലിംകളെ എന്തിനു പങ്കെടുപ്പിക്കുന്നു എന്നതായിരുന്നു ഒരു ചോദ്യം.

എന്നാൽ, ഈ മഹത്തായ സംരംഭത്തിനു പിന്നിൽ അല്ലാഹുവിന്റെ അതിമഹത്തായ സഹായവും പിന്തുണയും ഉണ്ടായിരുന്നതുകൊണ്ട് ഈ എതിർപ്പുകൾക്കൊന്നും ഒരു കോട്ടവും വരുത്താൻ സാധിച്ചില്ല. മറിച്ച് ഇന്ത്യയിലുടനീളം ജൂൺ 17-ാം തിയ്യതി സീറത്തുന്നബി യോഗങ്ങൾ അതിമനോഹരമായ രീതിയിൽ നടത്തപ്പെട്ടു. വിവിധ വിഭാഗങ്ങളിൽപെട്ട മുസ്ലിംകൾ ഒരൊറ്റ സ്റ്റേജിൽ അണിനിരന്നുകൊണ്ട് റസൂൽ തിരുമേനി(സ)യെക്കുറിച്ചുള്ള അവരവരുടെ ഹൃദയവികാരങ്ങൾ പ്രകടിപ്പിച്ചു സംസാരിച്ചു. അഹ്മദികൾക്കു പുറമെ സിക്ക്, ഹിന്ദു, ജൈന ക്രിസ്തുമത വിശ്വാസികളായ ഒട്ടനവധി അമുസ്ലിംകളും നബി(സ)യുടെ പവിത്രജീവിതം വിവരിച്ചുകൊണ്ട് തിരുമേനി ചെയ്ത ത്യാഗങ്ങളെ സംബന്ധിച്ചും ഔദാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. പലരും തങ്ങളുടെ കെട്ടിടങ്ങൾ, പരിപാടി നടത്തുന്നതിനായി ഒഴിഞ്ഞുതരികയും ശ്രോദ്ധാക്കൾക്ക് ശീതള പാനീയങ്ങൾ വിതരണം ചെയ്തുകൊണ്ട് സേവനം ചെയ്യുകയും ചെയ്തു. പല പ്രമുഖ നേതാക്കന്മാരും ഇതിൽ പങ്കെടുത്തു.

ലാലാ ബിഹാരിലാൽ ആനന്ദ്, പ്രൊഫ. ദയാൽസിങ്, ലാലാ അമൃത്സിങ്, റോയ് ബഹാദുർലാല ഓണററി മജിസ്ട്രേറ്റ്, പ്രശസ്ത കോൺഗ്രസ്സ് നേതാവായിരുന്ന ലാലാ ദനീചന്ദ്, സർ പി.സി. റോയ്, പ്രശസ്ത ബംഗാളി ലീഡർ ബാബു ബിപിൻ ചന്ദ്രപാൽ തുടങ്ങിയവർ അവരിൽ ചിലരാണ്.

ഇന്ത്യക്കുപുറമെ സുമാത്രാ, ഓസ്ട്രേലിയ, സിലോൺ, മൗറീഷ്യസ്, ഇറാൻ, ഇറാഖ്, ശാം, ഫലസ്തീൻ, നൈജീരിയ, ഘാന തുടങ്ങിയ ആഫ്രിക്കൻ രാഷ്ട്രങ്ങൾ, ലണ്ടൻ എന്നിവിടങ്ങളിലും സീറത്തുന്നബി യോഗങ്ങൾ നടന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോളതലത്തിൽ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ജനങ്ങൾ സംഘടിച്ചുകൊണ്ട് തിരുനബി(സ)യെ പുകഴ്ത്തിപ്പാടുകയും സംസാരിക്കുകയും ചെയ്തുകൊണ്ട് പ്രശസ്തരായ സൂഫി ഹദ്റത്ത് മുഹിയുദ്ദീനുബ്നു അറബി(റഹ്)യുടെ 'റസൂൽ(സ)ന്റെ മഖാമെ മഹ്മൂദിന്റെ വെളിപ്പെടൽ ഇമാം മഹ്ദിയിലൂടെയായിരിക്കും' എന്ന പ്രവചനത്തിന്റെ ഒരു ഭാഗം ഹദ്റത്ത് ഇമാം മഹ്ദി(അ)യുടെ ഖലീഫയുടെ കാലത്ത് പൂർത്തിയായി.

വിവിധ പത്രമാധ്യമങ്ങൾ ഇതിനെ നല്ലരീതിയിൽ പ്രശംസിച്ചുകൊണ്ടാണ് വിലയിരുത്തിയത്.

മഗ്രിബ് എന്ന പത്രം എഴുതി: "ഇന്ത്യയുടെ ചരിത്രത്തിൽ ഈ തിയ്യതി എന്നെന്നും ഓർമ്മിക്കപ്പെടും.... ജൂൺ പതിനേഴിന് നടത്തിയ പരിപാടി പരിപൂർണ്ണമായി വിജയകരമായതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മിർസാ മഹ്മൂദ് അഹ്മദിന് ഞങ്ങൾ അഭിനന്ദനങ്ങൾ നേരുന്നു. ഇങ്ങനെ വർഷത്തിൽ മൂന്നുനാലു പ്രാവശ്യം ശിയാ, സുന്നി അഹ്മദികൾ സംഘടിക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഇസ്ലാമികശക്തിയെ എതിരിടാൻ ആർക്കും സാധ്യമല്ല."

ഇതിനു പുറമെ അവധിലെ മൻജർപത്രം, കൽക്കത്തയിലെ സുൽത്താൻ, ലാഹോറിലെ കശ്മീരി, നാഗ്പൂർ ഉർദുപത്രം, ഡൽഹിയിലെ പേശ്വാ പത്രം തുടങ്ങിയവയിൽ വളരെ നല്ല അഭിപ്രായങ്ങളും ആശംസകളും അച്ചടിച്ചുവന്നു.

ചുരുക്കത്തിൽ ഈ യോഗങ്ങൾ സംഘടിപ്പിച്ചതുമൂലം ഒരു നീണ്ടകാലത്തോളം പരസ്പര സ്നേഹവും സാഹോദര്യവും ഐക്യവും നിലനിന്നു. ജനങ്ങളിൽ അത് പുത്തനുണർവ്വിനു കാരണമായി. ഇതുകൊണ്ട് ഒട്ടനവധി പ്രയോജനങ്ങൾ ഈ രാജ്യത്തിന് ഉണ്ടായി. അതിൽ പ്രധാനപ്പെട്ട ചിലത് താഴെ കൊടുക്കുന്നു.

***ഒന്ന്:-*** റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധജീവിതത്തെ സംബന്ധിച്ച ലഘുലേഖകൾ ഇന്ത്യയിലെ ആയിരക്കണക്കിന് ജനങ്ങൾ വായിച്ചു.

***രണ്ട്:-*** അമുസ്ലിംകളായ ഹിന്ദു, സിക്ക്,

ക്രിസ്തീയ സഹോദരങ്ങൾ റസൂൽ തിരുമേനി(സ) മഹാനായ കാരുണ്യവാനാണ് എന്ന് ഒന്നിച്ചു സമ്മതിച്ചു.

**മൂന്ന്:-** ചില ഹിന്ദുനേതാക്കന്മാർ നബി(സ) തിരുമേനിയെ പുകഴ്ത്തി പറയുക മാത്രമല്ല ചെയ്തത് മറിച്ച് തിരുനബി(സ)യുടെ ജീവചരിത്രം അറിഞ്ഞ അവർ പറഞ്ഞത് "അദ്ദേഹത്തെ ദൈവത്തിന്റെ പ്രിയപ്പെട്ടവൻ എന്നു മാത്രം കരുതാതെ, അദ്ദേഹം മനുഷ്യരിൽവെച്ച് ഏറ്റവും ഉന്നതനാണ് എന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. കാരണം അദ്ദേഹത്തിന്റെ ഓരോ സംഭവങ്ങളും സുരക്ഷിതമാണ്. എന്നാൽ, മറ്റേതൊരു മതത്തിന്റേയും നേതാക്കന്മാരുടെ ജീവിതചരിത്രത്തെക്കുറിച്ച് ഒരറിവുമില്ല" എന്നാണ്.

***നാല്:-*** വ്യത്യസ്ത മുസ്ലിം വിഭാഗങ്ങൾ ഒന്നിച്ച് ഒരു പ്ലാറ്റ്ഫോമിൽ സംഘടിച്ചുകൊണ്ട് ആത്മാർത്ഥമായി ഈ പരിപാടി വിജയിപ്പിക്കുന്നതിനായി ശ്രമിച്ചു. ശിയാ സഹോദരങ്ങൾ ഇതിൽ പ്രത്യേകം എടുത്തുപറയേണ്ടവരാണ്. മറ്റ് അഹ്‌ലെ സുന്നത്തുവൽ ജമാഅത്തിലെ പണ്ഡിതന്മാരും കഴിയുന്നത്ര വിജയകരമാക്കുവാൻ പരിശ്രമിക്കുകയുണ്ടായി. ചിലയിടങ്ങളിൽ അഹ്മദികളേക്കാളും കൂടുതൽ നല്ല നിലയിൽ ഇവർ പ്രവർത്തിക്കുകയുണ്ടായി.

***അഞ്ച്:-*** ഹിന്ദുസമുദായത്തിലെ വലിയൊരു ഭാഗം ജനങ്ങളും ഇസ്ലാംമത സ്ഥാപകനെതിരായ നോട്ടീസുകൾ വെറുപ്പോടെ കാണുന്നതെന്നും റസൂൽ തിരുമേനി(സ)യെ മഹാനായ ഉപദേഷ്ഠാവായുമാണ് കാണുന്നത് എന്ന് സാധാരണജനങ്ങൾക്ക് ബോധ്യമായി.

ആറ്:- പ്രസംഗങ്ങളുടെ പ്രയോജനം ഉൾക്കൊണ്ടുകൊണ്ട് ചില സ്ഥലങ്ങളിലെ ജനങ്ങൾ ഈ യോഗങ്ങൾ ഇനിയും പതിനഞ്ച് ദിവസത്തിലൊരിക്കലോ, മാസത്തിലൊരിക്കലോ അല്ലെങ്കിൽ മൂന്നു മാസം കൂടുമ്പോഴോ ഏഴ് മാസത്തിലൊരിക്കലോ നടത്തുന്നതാണ് എന്ന് തീരുമാനിച്ചു.

ചില അമുസ്ലിം സഹോദരങ്ങൾ പറഞ്ഞത് "ഇസ്ലാംമത സ്ഥാപകരിൽ ഇത്രയധികം ഗുണങ്ങളുണ്ടെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. അദ്ദേഹത്തിന് സമാനമായി ആരുമില്ലായെന്ന് ഞങ്ങൾക്ക് ഇപ്പോഴാണ് ബോധ്യമായത്" എന്നാണ്.

ഏഴ്:- ഇതുമൂലം രാഷ്ട്രീയ ഐക്യം ഉണ്ടായി എന്നുള്ളതാണ്. 'ഇത്തരം യോഗങ്ങൾ രാജ്യത്ത് ഐക്യവും സമാധാനാന്തരീക്ഷവും സൃഷ്ടിക്കുവാൻ ഉത്തമമായതാണ്. ഇതുമുഖേന രാജ്യത്ത് പരസ്പര സ്നേഹം സംജാതമാക്കാൻ സാധിച്ചു" എന്നു പറഞ്ഞുകൊണ്ട് പല മതരാഷ്ട്രീയ നേതാക്കന്മാരും പ്രസംഗിച്ചു.

തൊട്ടടുത്തവർഷം 1929-ൽ മുമ്പത്തേക്കാൾ മികച്ച രീതിയിൽ വിപുലമായി ഈ യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇന്നും അഹ്മദികൾ സീറത്തുന്നബി യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. അഹ്മദികൾ നബി തിരുമേനി(സ)യെ സ്നേഹിക്കാത്തതിനാൽ 'നബിദിനം' കൊണ്ടാടാറില്ല എന്നു പറയുന്ന ആളുകൾ ഈ ചരിത്രസത്യം അറിഞ്ഞിരിക്കേണ്ടതാണ്. അതെ, യാത്രക്കാർക്ക് ക്ലേശമുണ്ടാക്കുന്നതരത്തിൽ വഴിമുടക്കി സർക്കാരിനെ ബുദ്ധിമുട്ടിച്ചുകൊണ്ട് ആർത്തുല്ലസിച്ച് മുഴുസൃഷ്ടികൾക്കും കാരുണ്യവാനായ ആ പ്രവാചകശ്രേഷ്ഠന്റെ 'ജന്മദിനം' ആർഭാടമായി ആഘോഷിക്കാറില്ല. മറിച്ച്, വർഷത്തിൽ നാലുതവണ ലോകം മുഴുവനും മനോഹരമായരീതിയിൽ റസൂൽ (സ) യുടെ പവിത്രജീവിതത്തെ അനുസ്മരിച്ചുകൊണ്ട് സീറത്തുന്നബിയോഗങ്ങൾ നടത്തിവരുന്നു.

## അനുസ്മരണം

അലനെല്ലൂർ ജമാഅത്ത് അംഗമായ ജനാബ് ടി.കെ.മൊയ്തു സാഹിബ്(70) 2009 ജനുവരി 12 ന് നിര്യാതനായി.(ഇന്നാ ലില്ലാഹ്).1987 ലാണ് അദ്ദേഹം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. പരേതന് അല്ലാഹു മഗ്ഫിറത്ത് നൽകുമാറാകട്ടെ(ആമീൻ)

മക്കൾ:ജസീന, ജമീല, സക്കീന,ബശീർ, സലീം,

മരുമക്കൾ: ഉമ്മർ, അബ്ദുർ റഹമാൻ, താഹിർ, ജുവൈരിയ, ആയിശ.

**ഹദ്റത്ത് ഥൗബാൻ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: തന്റെ നാവിനെ നിയന്ത്രിക്കുന്നവനും വീട് വിശാലമാക്കുന്നവനും ദൈവ സന്നിധിയിൽ സ്വന്തം തെറ്റുകളെക്കുറിച്ച് ലജ്ജിച്ച് കരയുന്നവനും സൗഭാഗ്യവാനാണ്.**

# മജ്‌ലിസ് അൻസാറുല്ലാഹ് മേഖലാ നാസിമുമാർ

താഴെപറയുന്നവരെ കേരളത്തിലെ മജ്‌ലിസ് അൻസാറുല്ലാഹ് മേഖലാ നാസിമുമാരായി നിയമിച്ച തായി അഖിലേന്ത്യാ സദ്ർ സാഹിബ് അറിയിച്ചു.

***കണ്ണൂർ മേഖല:*** പി.പി. നാസിറുദ്ദീൻ സാഹിബ്, കണ്ണൂർ ടൗൺ

***കോഴിക്കോട് മേഖല:*** എം. റഫി അഹ്മദ് സാഹിബ് (നൗഷർ), കോഴിക്കോട്

***മലപ്പുറം മേഖല:*** സി.എച്ച്. സിദ്ദീഖ് സാഹിബ്, കരുളായി

***പാലക്കാട് മേഖല:*** എം.കെ. അബ്ദുൽ അസീസ് സാഹിബ്, മണ്ണാർക്കാട്

***എറണാകുളം മേഖല:*** ശാഹുൽ ഹമീദ്,

***തിരുവനന്തപുരം മേഖല:*** എം. അലികുഞ്ഞ്, കരുനാഗപ്പള്ളി

# തൃശ്ശൂർ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ അഹ്മദിയ്യാ ബുക്സ്റ്റാൾ




തൃശ്ശൂർ: പതിനായിരത്തോളം അംഗങ്ങളും ഒരു ലക്ഷത്തിലധികം പുസ്തകങ്ങളുമായി കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലം തൃശ്ശൂരിന്റെ അഭിമാനമായി നിലകൊള്ളുന്ന തൃശ്ശൂർ പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 മുതൽ 18 വരെ ടൗൺഹാൾ അങ്കണത്തിൽ സംഘടിപ്പിച്ച രണ്ടാമത് അന്താ രാഷ്ട്ര പുസ്തകോത്സവത്തിൽ അഹ്മദിയ്യാ ബുക്സ്റ്റാൾ വിജകരമായി പ്രവർത്തിച്ചു.

കേന്ദ്രമന്ത്രി വയലാർരവി അടക്കമുള്ള നിരവധി പ്രമുഖർ സ്റ്റാൾ സന്ദർശിച്ചു. 'യേശുക്രിസ്തു കശ്മീ രിൽ' എന്ന പുസ്തകമാണ് ഏറ്റവുമധികം വില്പന നടന്നത്. എം.ടി.എ തത്സമയ സംപ്രേഷണം സന്ദർശ കർ ഏറെ കൗതുകത്തോടെയാണ് വീക്ഷിച്ചത്.

മേഖലാ അമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബിന്റെ നിർദ്ദേശപ്രകാരം ചേലക്കര ജമാഅത്താണ് സ്റ്റാളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

പുസ്തകോത്സവത്തിന്റെ സമാപന ദിവസം ലൈബ്രറിക്ക് ജമാഅത്തുവക പുസ്തകങ്ങൾ സമ്മാനി ക്കുകയും ചെയ്തു.